SINCE 1976

# ഐക്യദീപം

വില ₹10

2019 ജൂൺ



## ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത




# കരുതൽ

## PUSHPAGIRI PRIVILEGE CARD

## ചികിത്സകളിൽ 30% മുതൽ 100% വരെ ഇളവ്

നിങ്ങളുടെ വീടിന്റെ സമീപത്തുള്ള ജനപ്രതിനിധികളുമായോ
പൊതുപ്രവർത്തകരുമായോ വികാരി അച്ചൻമാരുമായോ ബന്ധപ്പെടുക.

PUSHPAGIRI HOSPITAL

**PUSHPAGIRI**
**MEDICAL COLLEGE HOSPITAL**

www.pushpagiri.in care@pushpagiri.in +91 944 77647 22

# ഐക്യദീപം




2019 ജൂൺ
പുസ്തകം 44 ലക്കം 05

രക്ഷാധികാരി
**മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ.ഡോ.ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ.തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ
കോ-ഓർഡിനേറ്റർ
**ഫാ.ജോസഫ് കരിപ്പായിൽ**
**ഫാ.ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ.ഡോ.തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ.ഡോ.തോമസ് പാറയ്ക്കൽ**
**റവ.സി.അലീന എസ്.ഐ.സി.**
**റവ.സി.റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയിംസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeem
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

**മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിദ്യാഭ്യാസദർശനവും നവോത്ഥാന പ്രവർത്തനങ്ങളും**
ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത — 8

**കേരളത്തിൽ നവോത്ഥാനത്തിന് ഊടും പാവും നെയ്തത് ക്രൈസ്തവ മിഷനറിമാരുടെ വിദ്യാഭ്യാസ ശുശ്രൂഷകൾ**
മോൺ. ചെറിയാൻ താഴമൺ — 11

**വിദ്യാഭ്യാസത്തിന്റെ നൂതന കാഴ്ചപ്പാടുകൾ**
ഡോ. കെ. വി. തോമസ്കുട്ടി കൈമലയിൽ — 17

**INCLUSIVE EDUCATION – THE NEED OF THE HOUR**
ഡോ. സൂസൻ ജോർജ് — 21

**ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി**
ഫാ. ഡോ. ഐസക് പറപ്പള്ളിൽ — 23

**ദൈവശുശ്രൂഷക്കൊരു സ്നേഹഗാഥ – കല്ലേലുമണ്ണിൽ തേപ്പാച്ചൻ**
ബേബിച്ചൻ തെക്കേടത്ത് — 26

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600620
E-mail : aikyadeepamtvla@gmail.com



## എഡിറ്റോറിയൽ...



# ഉന്നതവിദ്യാഭ്യാസവും അക്കാദമിക് പ്രാഗത്ഭ്യവുമുള്ളവർ വിദ്യാഭ്യാസ മേഖലയ്ക്ക് നേതൃത്വം നല്കട്ടെ

എല്ലാ വികസനവും മുന്നേറ്റവും വിദ്യാഭ്യാസത്തിൽനിന്നാണ് ആരംഭിക്കുന്നത്. മനുഷ്യന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും വികസനത്തിനും മികവാർന്ന വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. അറിവ് നേടുന്നതിൽമാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല വിദ്യാഭ്യാസം, മറിച്ച് ജീവിതത്തിന് നൽകുന്ന സമഗ്ര പരിശീലനമാണ് യഥാർത്ഥ വിദ്യാഭ്യാസം. Education is not the learning of facts, but the training of the mind to think properly and positively. ഇതാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം. വിദ്യാഭ്യാസമേഖലയിൽ കഴിഞ്ഞ ഒരു ദശാബ്ദം വലിയ മുന്നേറ്റം കേരളം നടത്തിയിട്ടുണ്ടെങ്കിലും, വിദ്യാഭ്യാസം പകർന്ന് നല്കുന്ന പ്രക്രിയയിൽ അടിസ്ഥാനപരമായ സമീപനങ്ങളിൽ മാറ്റങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതുണ്ട്. വിദ്യാർത്ഥിയുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന സിദ്ധികളെയും സാധ്യതകളെയും കണ്ടെത്തി സമഗ്രവ്യക്തിത്വത്തിലേക്ക് കൂട്ടിക്കൊണ്ടുവരുവാനുള്ള ശാസ്ത്രീയ സമീപനമാണ് ഇന്നിന്റെ ആവശ്യം. വിദ്യാഭ്യാസം ഒരു വ്യക്തിയെ നന്മയിലും മൂല്യബോധത്തിലും ജീവിക്കുവാൻ ഒരുക്കേണ്ട പരിശീലനമാണ്. ഇത് ഒരു വ്യക്തിയുടെ തലയ്ക്ക് നല്കുന്ന ബൗദ്ധികപരിശീലനം മാത്രമല്ല, മറിച്ച് ഹൃദയത്തിനും മനസ്സിനും ജീവിതത്തിനും നല്കേണ്ട മാനുഷികപരിശീലനംകൂടിയാണ്. തലയിൽ മാത്രം അടിച്ചു നിറയ്ക്കുന്ന അറിവുകൾ ഹൃദയത്തെയോ മനസ്സിനെയോ സ്പർശിക്കണമെന്നില്ല, രൂപപ്പെടുത്തണമെന്നില്ല. ഹൃദയത്തിനു കൊടുക്കുന്ന വിദ്യാഭ്യാസമാണ്, വിദ്യാഭ്യാസത്തിന്റെ ഹൃദയം (The heart of education is the education of the heart) എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

വിദ്യാഭ്യാസം സ്വപ്നങ്ങളോടൊപ്പമുള്ള യാത്രയാണ്. എത്തിപ്പെടാനും, കണ്ടെത്തുവാനും, ആർജ്ജിച്ചെടുക്കുവാനുമുള്ള അറിവിന്റെ ഈ യാത്രയിൽ നമ്മെ ഏറെ സഹായിക്കുന്നതാണ് നല്ല സ്വപ്നങ്ങൾ. സ്വപ്നങ്ങൾ ഇല്ലാത്തവർക്ക് ഉയരങ്ങൾ കീഴടക്കാനോ, ലക്ഷ്യത്തിൽ എത്തിച്ചേരുവാനോ സാധ്യമല്ല. പല സ്വപ്നങ്ങളും നാം വേണ്ടെന്നു വയ്ക്കുന്നതും, സ്വപ്നങ്ങളുടെ പിറകേ നടക്കുവാൻ വിമുഖത കാട്ടുന്നതും, ആത്മവിശ്വാസക്കുറവുകൊണ്ടും, പലതും അസാധ്യമെന്ന് മുൻകൂട്ടി വിധിക്കുന്നതുകൊണ്ടുമാണ്. ഏതു കാര്യവും അസാധ്യമെന്ന് കരുതുന്നവർക്ക് മുമ്പോട്ട് പോകുവാൻ സാധ്യമല്ല. Sometimes we feel all doors are closed in our life, but all the closed doors may not be locked; they may be waiting for our knock എന്നു പറയാറുണ്ട്. ഈ വർഷം അഖിലേന്ത്യാതലത്തിൽ നടത്തിയ സിവിൽ സർവ്വീസ് പരീക്ഷയിൽ 127-ാം റാങ്കും, പത്തനംതിട്ട ജില്ലയിൽ ഒന്നാം സ്ഥാനവും നേടിയ അനന്ദു സുരേഷ് ഗോവിന്ദിന്റെ വിജയരഹസ്യം അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനവും, ഐ.എ.എസ്. എന്ന സ്വപ്നത്തിന്റെ പിറകേയുള്ള യാത്രയുമായിരുന്നു. തന്റെ വിജയരഹസ്യത്തെപ്പറ്റി അനന്ദു ഇങ്ങനെയാണ് എന്നോട് പറഞ്ഞത്: 'തിരുവല്ല ബസ് സ്റ്റാന്റിന് സമീപമുള്ള കടയിൽ ഇരിക്കുമ്പോൾ വഴിയിലൂടെ ചുവന്ന ലൈറ്റിട്ട് വാഹനങ്ങൾ പോകുന്നത് കണ്ടിരുന്ന, അനന്ദുവിന്റെ അപ്പൂപ്പൻ പറയുമായിരുന്നുവത്രേ – എന്റെ കുടുംബത്തിലും ആരെങ്കിലും ഇങ്ങനെയുണ്ടായിരുന്നുവെങ്കിൽ' എന്ന്. ഈ വലിയ നേട്ടത്തിന് യഥാർത്ഥത്തിൽ തന്നെ motivate ചെയ്തത് അപ്പൂപ്പനായിരുന്നുവെന്ന് അനന്ദു സാക്ഷ്യപ്പെടുത്തുന്നു. ആഗ്രഹം ജനിപ്പിച്ചത് അപ്പൂപ്പനായിരുന്നുവെങ്കിൽ, കഠിനാദ്ധ്വാനം ചെയ്ത് തന്റെ സ്വപ്നം സാക്ഷാത്ക്കരിച്ചത് അനന്ദു ആണ്. കുടുംബാംഗങ്ങളുടെ പ്രേരണ, ആത്മവിശ്വാസം, കഠിനാദ്ധ്വാനം,

ദൈവാനുഗ്രഹം ഇതാണ് തന്റെ വിജയരഹസ്യമെന്ന് അനന്ദു പറയുന്നു. ഇപ്പോഴും, ഇടവേളകളിലും വൈകുന്നേരങ്ങളിലും ടൗണിലുള്ള കടയിൽ അച്ഛനെ സഹായിക്കുവാൻ അനന്ദു പോകാറുണ്ട്.


വിദ്യാഭ്യാസം നമ്മുടെ മുമ്പിൽ തുറന്നിടുന്ന സാധ്യതകൾ അനവധിയാണ്. ഉന്നതമായ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള യാത്രയിൽ കഠിനാദ്ധ്വാനവും ആത്മവിശ്വാസവും വളരെ പ്രധാനമാണ്. നമുക്ക് ലഭിക്കുന്ന അവസരങ്ങൾ നന്നായി ഉപയോഗിക്കുമ്പോഴാണ് അത് ജീവിതത്തിൽ അനുഗ്രഹമായി ഭവിക്കുക. അവസരങ്ങൾ എല്ലാവർക്കും ഒരുപോലെയാണ്. എന്നാൽ ലഭിക്കുന്ന അവസരങ്ങളെ നാം എങ്ങനെ സമീപിക്കുന്നു, അതിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നത് ഏറെ പ്രധാനമാണ്. Opportunities are equal for all, but the difference is - a positive person gives results and a negative person gives reasons. ക്ലാസ്മുറികളിൽ ലഭിക്കുന്ന അറിവുകൾ ഒരു വ്യക്തിയുടെ രൂപീകരണത്തിലേക്കും രൂപാന്തരീകരണത്തിലേക്കും നയിക്കണം (information > formation > transformation). ഒരു വ്യക്തിയുടെ രൂപാന്തരീകരണത്തിലേക്ക് നയിക്കാത്ത അറിവുകൾ വ്യർത്ഥമാണ്. അറിവ് മനുഷ്യനെ നന്മയിലേക്കും മൂല്യബോധത്തിലേക്കും നയിക്കണം. ഉന്നതമായ വിദ്യാഭ്യാസം ഉള്ളവരായിരുന്നിട്ടും, ക്രിമിനൽ കൃത്യങ്ങളിലേക്കും, അക്രമങ്ങളിലേക്കും ഒക്കെ തിരിയുന്ന ചിലരെങ്കിലും, മേല്പറഞ്ഞ രൂപാന്തരീകരണത്തിന്റെ ഘട്ടത്തിൽ എത്തിച്ചേരാത്തവരാണ്. വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന വിജ്ഞാന സ്രോതസ്സുകൾ ബൗദ്ധിക വികാസത്തിനും, മൂല്യാധിഷ്ഠിത വളർച്ചയ്ക്കും, സാമൂഹ്യപ്രതിബദ്ധതയ്ക്കും ആ വ്യക്തിയെ ഒരുക്കേണ്ടതുണ്ട്. ആ ലക്ഷ്യത്തിനായി ഗുണനിലവാരമുള്ള പരിശീലനം ക്ലാസ്മുറികളിൽ ലഭിക്കണം. വിദ്യാഭ്യാസമേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ കണ്ടെത്തലുകളും ഗവേഷണങ്ങളും നടക്കേണ്ടതായുണ്ട്. ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെകൂടി ഉൾക്കൊണ്ട് നൂതനാശയങ്ങൾ ഈ മേഖലയിൽ രൂപപ്പെടണം. വേണ്ടത്ര കൂടിയാലോചനകളോ ചർച്ചകളോ ഇല്ലാതെ കാലാകാലങ്ങളിൽ നടത്തിയ പരിഷ്ക്കാരങ്ങളിലൂടെ വിദ്യാഭ്യാസമേഖല നേരിട്ട തിരിച്ചടികൾ ചെറുതല്ല. കൂടാതെ, രാഷ്ട്രീയ നിലപാടുകൾക്കനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്ന പ്രവണതയും ഈ മേഖലയിൽ വർദ്ധിച്ചുവരുന്നു. രാഷ്ട്രീയ നേതൃത്വത്തിന് പരീക്ഷണം നടത്തുവാനും, സ്വാധീനിക്കുവാനുമുള്ള ഇടമല്ല അത്. വിവരവും വിദ്യാഭ്യാസവും അക്കാദമിക് പ്രാഗത്ഭ്യവും ഉള്ളവർ ഈ മേഖലയ്ക്ക് നേതൃത്വം നല്കുന്ന സാഹചര്യമുണ്ടാകണം. യൂണിവേഴ്സിറ്റികളിൽ പോലും, വൈസ് ചാൻസലർമാരുടെ നിയമനങ്ങളും, സിനഡിക്കേറ്റ് അംഗങ്ങളുടെ തിരഞ്ഞെടുപ്പും രാഷ്ട്രീയപ്രേരിതമാകുന്നത് ചിലപ്പോഴെങ്കിലും നാം കാണുന്ന കാഴ്ചകളാണ്. വിദ്യാഭ്യാസ വകുപ്പുതലത്തിലും, അനുബന്ധ മേഖലകളിലുമൊക്കെ, വിദ്യാഭ്യാസരംഗത്തെ പ്രഗത്ഭരും പ്രാവീണ്യമുള്ളവരും അതിന്റെ തലപ്പത്ത് വന്ന് നേതൃത്വം നല്കണം. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുൻപന്തിയിൽ നില്ക്കുന്ന കേരളം പോലെയുള്ള സംസ്ഥാനത്ത്, അതിന് നേതൃത്വം നല്കുന്നവർക്ക് അതിനുവേണ്ട വിദ്യാഭ്യാസ യോഗ്യതയോ അക്കാദമിക് പ്രാഗത്ഭ്യമോ ഉണ്ടോയെന്ന് ഗൗരവമായി ചിന്തിക്കേണ്ടതാണ്. വീതംവയ്പിലൂടെ, വിദ്യാഭ്യാസംപോലെയുള്ള വകുപ്പുകളിൽ, ദീർഘവീക്ഷണമില്ലാത്ത ആളുകൾ തലപ്പത്ത് വരുന്നത് വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം കുറയ്ക്കുവാനെ ഇടയാക്കൂ.

വിദ്യാഭ്യാസ മേഖലയിൽ കേരളം ഇതിനോടകം കൈവരിച്ച നേട്ടങ്ങൾ ഏറെയാണെന്നത് വിസ്മരിക്കുന്നില്ല. ഈ മേഖലയിൽ ക്രൈസ്തവ മിഷനറിമാരും, നവോത്ഥാന നായകരും നല്കിയ സംഭാവനകൾ ചരിത്രയാഥാർത്ഥ്യമാണ്. എന്നാൽ ക്രൈസ്തവ മിഷനറിമാർ ഈ മേഖലയിൽ നടത്തിയ മുന്നേറ്റവും നവോത്ഥാനവും ആധുനിക തലമുറയിലെ ചരിത്രകാരന്മാരും മാധ്യമങ്ങളും തമസ്കരിക്കുന്നതിൽ ഏറെ ദുഃഖമുണ്ട്. വിദ്യാഭ്യാസത്തിലൂടെ ക്രൈസ്തവ മിഷനറിമാർ നല്കിയ പരിശീലനവും, അതിലൂടെ സമൂഹത്തിലുണ്ടായ വലിയ മാറ്റവും വികസനവും ചരിത്രത്തിന്റെ ഭാഗമാണ്. അതിനെ മൂടിവയ്ക്കുവാനോ മറച്ചുവയ്ക്കുവാനോ ബോധപൂർവ്വം പരിശ്രമിക്കുന്നത് ചരിത്രയാഥാർത്ഥ്യത്തോടുള്ള വെല്ലുവിളിയാണ്. ഇന്നലെകളിലെ നന്മകളും, നല്ല കാര്യങ്ങളുമെല്ലാം പുതുതലമുറ മറന്നുപോകുന്നുവോ? മനുഷ്യന് ഇന്ന് മറവി കൂടിയിരിക്കുന്നു - ഓർമ നഷ്ടപ്പെട്ടിരിക്കുന്നു. പുതിയത് കാണുമ്പോൾ പഴയതു മറക്കുന്ന തലമുറ വളരുന്നുവോ?

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

# കേരളത്തിൻെറ നവോത്ഥാനചരിത്രത്തിലെ ക്രൈസ്തവനേതൃത്വം

കേരളത്തിലെ രാഷ്ട്രീയ, സാമുദായിക മത അന്തരീഷം ഏറെ സങ്കീർണ്ണമായ ഒരു സമയത്തായിരുന്നു ശബരിമലയിലെ സ്ത്രീപ്രവേശനവും അതിൽ വിവിധ കക്ഷികളും പ്രസ്ഥാനങ്ങളും എടുത്ത നിലപാടുകളും. കേരള രാഷ്ട്രീയത്തെയും സാമുദായ സന്തുലിതാവസ്ഥയെയും ഏറെ സ്വാധീനിക്കുവാൻ ഇടയായ ഒരു സംഭവമായിരുന്നു. ശബരിമലയിലെ സ്ത്രീപ്രവേശത്തെ നവോത്ഥാനവുമായി ബന്ധപ്പെടുത്തുവാനും കേരള നവോത്ഥാന ചരിത്രത്തിൽ ക്രൈസ്തവസഭകളെ പൂർണ്ണമായും ഒഴിവാക്കുവാനും സഭകളുടെ സംഭാവനകളെ തമസ്ക്കരിക്കുവാനും സൗകര്യപൂർവ്വം വിസ്മരിക്കുവാനും ചിലർ പരിശ്രമിച്ചതും നാം കണ്ടതാണ്. കേരളസമൂഹത്തിന് വിദ്യാഭ്യാസ, ആതുര ശുശ്രൂഷ, സാമൂഹികമേഖലകളിൽ സഭകൾ നൽകിയ സംഭാവനകൾ എത്ര വലുതാണ്. ഇവയെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതും ഉറക്കെ പ്രസ്താവിക്കേണ്ടതുമാണ്.

'ദീപിക' പത്രം ഈ കാര്യത്തിൽ എടുത്ത തിരുത്തൽശ്രമങ്ങൾ ശ്ലാഘനീയമാണ്. സാധാരണ ജനങ്ങളിലേക്ക് ഈ സത്യങ്ങൾ എത്രമാത്രം ഇറങ്ങിച്ചെന്നു എന്ന് സംശയമാണ്. ശ്രീനാരായണഗുരുവും, ചട്ടമ്പിസ്വാമിയും, ഭട്ടതിരിപ്പാടും, മന്നത്ത് പത്മനാഭനും, ഡോക്ടർ പൽപ്പും ഒക്കെ നവോത്ഥാനത്തിനുവഴി തെളിച്ചവർ തന്നെ. അവരുടെ നേതൃത്വവും നന്മയും ഒട്ടും കുറയാതെതന്നെ പറയട്ടെ: ഇവർ അവരവരുടെ സമുദായങ്ങൾക്കുവേണ്ടി പ്രധാനമായും പരിഷ്കർത്താക്കളായിരുന്നപ്പോൾ മിഷണറിമാരും ക്രൈസ്തവപുരോഹിതരും സന്യാസിനികളും പൊതുസമൂഹത്തിനു മുഴുവനുംവേണ്ടി ചിന്തിച്ചവരും പ്രയത്നിച്ചവരുമായിരുന്നു. അവരുൾപ്പെട്ട ഒരു സമുദായത്തിന്റെ മാത്രം അല്ല സർവ്വരുടെയും ഉൽക്കർഷയും നന്മയും ലാക്കാക്കി അവർ പ്രയത്നിച്ചു.

സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം തുടങ്ങിയ മാനവിക മൂല്യങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ജനാധിപത്യ വ്യവസ്ഥയുടെ നിർമ്മിതിയാണല്ലോ നവോത്ഥാനംകൊണ്ട് അർത്ഥമാക്കുന്നത്. ഈ വ്യവസ്ഥിതി സമൂഹത്തിൽ ആകമാനം സംജാതമാകുമ്പോഴാണ് വികസനവും മാനവീകതയും ഉണ്ടാകുന്നതെന്ന് മനസിലാക്കിയ ക്രൈസ്തവ മിഷണറിമാർ ഇതിനു നേതൃത്വം കൊടുത്തു. കേരളത്തിൽ ഇത് അറിയാത്തവർ ആരാണുള്ളത്. മലയാള ഭാഷയുടെ ലിപി, അച്ചടി, വ്യാകരണനിർമിതി, പുസ്തകങ്ങൾ, പ്രാഥമിക-ഉന്നത വിദ്യാഭ്യാസ സംരംഭങ്ങൾ ഇവയാണ് യഥാർത്ഥത്തിൽ കേരളസമൂഹത്തിന് നവോത്ഥാനമുണ്ടാക്കിയത്. നമ്മുടെ നാട്ടിലെ ജാതീയ വ്യവസ്ഥിതിയുടെ ഇരുണ്ട കാലങ്ങൾ മാറുന്നതിന് ഈ വിദ്യാഭ്യാസ സംവിധാനങ്ങൾ ഏറെ സഹായിച്ചു. സ്ത്രീ പുരുഷസമത്വം, സ്ത്രീകളുടെ അവകാശങ്ങൾ തുടങ്ങിയകാര്യങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതും ഇപ്രകാരമുള്ള പഠനങ്ങൾകൊണ്ടാണ്. മനുഷ്യരെ തമ്മിൽ

വേർതിരിക്കുന്നതും ജന്മത്തിന്റെ പേരിലോ കർമ്മത്തിന്റെ പേരിലോ തരംതിരിക്കുന്നതും ചിലരെ അധമരെന്നോ, അടിമകളെന്നോ ഒക്കെ ആക്കി അസമത്വങ്ങൾ സൃഷ്ടിക്കുന്നതും പാപമാണെന്നു പഠിപ്പിച്ചതും ഈ മുന്നേറ്റങ്ങളാണ്. ഇതാണ് മിഷണറിമാരുടെ സംഭാവന.

ഈ കാര്യങ്ങളിൽ നാം പുലർത്തുന്ന നിസ്സംഗത അപകടകരമാണ്. ക്രൈസ്തവർക്കുവേണ്ടി സംസാരിക്കുന്നതിനോ സത്യങ്ങൾ പൊതുസമൂഹത്തിൽ കൊണ്ടുവരുന്നതിനോ ആരും തയ്യാറാകുന്നില്ല എന്നുമാത്രമല്ല, അവ സങ്കുചിതത്വത്തിന്റെ അടയാളങ്ങളായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. അവ കമ്യൂണലായി മുദ്രയിടപ്പെടുന്നു. നാം ഏറെ ഉൾവലിഞ്ഞവരാകുന്നു. എല്ലാവരും അവരവർക്കുവേണ്ടി സംസാരിക്കുമ്പോൾ നാംമാത്രം നമ്മെപ്പറ്റി സംസാരിക്കാതെ പൊതുതാത്പര്യങ്ങൾക്കുവേണ്ടി മാത്രം സംസാരിക്കുന്നു. എന്നാൽ മേലുദ്ധരിച്ചതുപോലെയുള്ള തിരസ്ക്കരണവും തമസ്കരണവും ഉണ്ടാകുമ്പോൾ നിസ്സംഗരാകാൻ പറ്റില്ല. കാരണം അതു ചരിത്രത്തോടുള്ള തിരസ്കരണമാണ്.

ഈ നാടിന്റെ നന്മയ്ക്കും ഭാവിക്കും ക്രൈസ്തവസമൂഹത്തിന്റെ സാന്നിദ്ധ്യവും സംഭാവനയും അനുപേക്ഷണമാണ്. ഈ നാടിന്റെ പൗരന്മാർ എന്ന നിലയിൽ സമൂഹത്തിന്റെ വളർച്ചയ്ക്കും അഖണ്ഡതയ്ക്കും ക്രൈസ്തവസമൂഹം നൽകുന്ന, നൽകിയ സംഭാവനകൾ വലുതാണ്. ഇത്രയും സുവിദിതമായ പശ്ചാത്തലത്തിൽപ്പോലും നവോത്ഥാനത്തിൽ ക്രൈസ്തവസഭകളെ മറക്കാൻ ഇടയാക്കിയ സങ്കുചിതത്വത്തെ നാം കാണാതെ പോകരുത്. തീർച്ചയായും ആരുടെയും കൈയ്യടി വാങ്ങുവാനല്ല ക്രൈസ്തവസഭകൾ അതിന്റെ ദൗത്യങ്ങൾ ചെയ്യുക. എന്നാൽ അവ അംഗീകരിക്കുകവഴി സമൂഹനിർമ്മിതിയിൽ നൂതന പാതകൾ തുറക്കുവാൻ ഈ സമൂഹത്തിനു കരുത്തു പകരുകയായിരിക്കും പൊതുസമൂഹം ചെയ്യുക. നാം ഒരു പുതിയ അദ്ധ്യയന വർഷത്തിലേക്കു കടക്കുകയാണല്ലോ. ഒട്ടനവധി പ്രതിസന്ധികളിലൂടെയാണ് വിദ്യാഭ്യാസ ശുശ്രൂഷ മുമ്പോട്ടു പോകുന്നത്. അദ്ധ്യാപകർക്കു ശമ്പളം ലഭിക്കുകയോ, അവരുടെ പോസ്റ്റുകൾ അംഗീകരിക്കുകയോ ചെയ്യാത്ത ഒരു പശ്ചാത്തലം നിലവിൽ ഉണ്ട്. അദ്ധ്യാപകർക്ക് നല്ല രീതിയിൽ അദ്ധ്യാപനം നടത്തുന്നതിന് അവരുടെ വേതനം ഒരു പ്രധാന കാര്യംതന്നെ.

കേന്ദ്രന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ രൂപീകരണത്തിൽ ക്രൈസ്തവസഭയെ അവഗണിച്ചത് ഏറെ വേദനാജനകമാണ്. ലക്ഷക്കണക്കിനു കുട്ടികൾക്കു വിദ്യാഭ്യാസം നല്കുന്ന ഈ സമൂഹത്തിന്റെ ഒരു പ്രതിനിധിയെപ്പോലും കേന്ദ്രസർക്കാരിനു കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് അവഗണനയല്ലെങ്കിൽ പിന്നെ മറ്റെന്താണ്. ഇത് ചരിത്രത്തോടുള്ള വെല്ലുവിളിതന്നെ. തികച്ചും ന്യൂനപക്ഷമെങ്കിലും, ഈ സമൂഹം ചെയ്യുന്ന ശുശ്രൂഷകളെ പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിലും അവഗണിക്കുന്നത് കുറ്റകരമാണ്.

ഇതുകൊണ്ടൊന്നും മനസ്സു മടുക്കാതെ സമൂഹത്തിൽ എല്ലാവർക്കും നല്ല വിദ്യാഭ്യാസം നൽകുവാൻ നമുക്ക് യത്നിക്കണം. കുട്ടികളുടെ ഭാവിയുടെ മുമ്പിൽ നാം പകച്ചു നിൽക്കുകയോ സംശയാലുക്കളാകുകയോ അരുത്. നല്ല വിദ്യാഭ്യാസം എന്നാൽ ശീതികരിച്ച ക്ലാസ്സുമുറികളോ, പഞ്ചനക്ഷത്ര ഹോട്ടലുകളിൽനിന്നുള്ള ഭക്ഷണമോ, വീട്ടുപടിക്കൽനിന്നും ക്ലാസുമുറി വരെയുള്ള യാത്രാക്രമീകരണമോ, വിദേശരാജ്യങ്ങളിലേക്കുള്ള ടൂറുകളോ ആണെന്ന് തെറ്റിദ്ധരിക്കരുത്. മറിച്ച് ദൈവവിശ്വാസം, സഹോദരസ്നേഹം, പ്രകൃതിസ്നേഹം, കഠിനാദ്ധ്വാനം, സഹാനുഭൂതി, സത്യസന്ധത തുടങ്ങിയ മൂല്യങ്ങളിൽ ഊന്നിയ ബൗദ്ധീക, കായിക, മാനസീക രൂപീകരണമാണ്. പൊതുവിദ്യാഭ്യാസമേഖലയിൽ അടുത്തനാളിൽ കണ്ടുവരുന്ന ഗുണപരമായ മാറ്റങ്ങൾ ശ്ലാഘനീയംതന്നെ. നമ്മുടെ കുട്ടികൾ ഇന്ന് ലോകോത്തരനിലവാരമുള്ള കുട്ടികളോടാണ് മൽസരിക്കുന്നതെന്ന ബോദ്ധ്യത്തിൽ അവരെ അതിനു പ്രാപ്തരാക്കുന്ന പഠനസംവിധാനങ്ങൾ പ്രോത്സാഹിക്കപ്പെടണം. അടിക്കടിയുണ്ടാവുന്ന ബന്ദുകൾ, പഠിപ്പുമുടക്കം തുടങ്ങിയവ തീർച്ചയായും ഇല്ലാതാവണം. അദ്ധ്വാനിക്കുവാനും കഠിനാദ്ധ്വാനം ചെയ്യുവാനുമായിരിക്കണം നാം കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടത്. മടിയും അലസതയും ശ്രദ്ധക്കുറവും ഒക്കെ ആരിലും ഉണ്ടാകാം. എന്നാൽ അവയ്ക്കു വളം വച്ചുകൊടുക്കുന്ന രീതിയിലുള്ള പഠിപ്പുമുടക്കും, ബന്ദും, വിദ്യാഭ്യാസത്തെയും കുട്ടികളുടെ രൂപീകരണത്തെയും പ്രതികൂലമായി ബാധിക്കും. വിദ്യാഭ്യാസം എന്നത് ചില വിഷയങ്ങൾ പഠിക്കുന്നതല്ല. മറിച്ച് ജീവിതത്തിനുവേണ്ടിയുള്ള ചില രൂപീകരണങ്ങളും മനോഭാവങ്ങളും ജീവിതശൈലികളും ആർജ്ജിക്കുന്നതാണെന്ന് ഓർക്കാം.

# മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
# വിദ്യാഭ്യാസ ദർശനവും നവോത്ഥാന പ്രവർത്തനങ്ങളും




**മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ്**
**(വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ ചെയർമാൻ)**


ഒരു തലമുറയുടെ ഭാവിവികസനത്തിന് നടത്തുന്ന അതിവിശിഷ്ട നിക്ഷേപമാണ് ഗുണമേന്മയുള്ള വിദ്യാഭ്യാസം. അതായത് സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാന ശിലയാണ് വിദ്യാഭ്യാസം. അതിനെ മനുഷ്യവിഭവശേഷിയിൽ നടത്തുന്ന മൂലധനമായും, രാജ്യത്തിന്റെ ഭാവിനിക്ഷേപമായും, പാവപ്പെട്ടവന്റെ വിമോചന ഉപകരണമായും വിദ്യാഭ്യാസപണ്ഡിതന്മാർ നോക്കിക്കാണുന്നു. വിദ്യാഭ്യാസംവഴി ഒരുവന്റെ ആത്മീയ-ധാർമ്മികബോധം വിപുലപ്പെടുത്തുവാനും, സർഗ്ഗവാസനകൾ വളർത്തുവാനും സാധിക്കുന്നു. അതുകൊണ്ട് വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്ന ഓരോ രൂപയും, ഒരു വ്യക്തിയിൽ നടത്തുന്ന ഭാവി നിക്ഷേപമായും (future earnings) അധികമൂല്യമായും (surplus value) കരുതപ്പെടുന്നു. വ്യക്തികളിൽ വിദ്യാഭ്യാസം വഴി നടത്തുന്ന എല്ലാ നിക്ഷേപവും സാമ്പത്തിക പുരോഗതി മാത്രമല്ല, മറിച്ച് വ്യക്തിത്വ വികസനം, സ്വഭാവരൂപീകരണം, സാംസ്കാരിക വളർച്ച, സാമൂഹിക പ്രതിബന്ധത, ദേശബോധം, മനുഷ്യാവകാശ സംരക്ഷണബോധം തുടങ്ങി നിരവധി സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നു. രാഷ്ട്രപിതാവായ ഗാന്ധിജി വിഭാവനം ചെയ്ത



അടിസ്ഥാനവിദ്യാഭ്യാസം വ്യക്തികളുടെ സമഗ്ര പുരോഗതി ലക്ഷ്യമിടുന്നു. ചുരുക്കത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വ്യക്തിയുടെയും, കുടുംബത്തിന്റെയും സമഗ്രവികസനത്തിന്റെ 'മൂലക്കല്ലായി' നിലകൊള്ളുന്നു. വിദ്യാഭ്യാസത്തെ അവഗണിക്കുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും, രാഷ്ട്രത്തിനും പുരോഗതി കൈവരിക്കുക പ്രയാസമാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

പുനരുദ്ധാനകനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയും, മറ്റ് പുനരൈക്യ പിതാക്കന്മാരും ഇക്കാര്യം വളരെ ആഴത്തിൽ മനസ്സിലാക്കിയിരുന്നവരാണ്. പ്രത്യേകിച്ച് ചരിത്രവും സാമ്പത്തികശാസ്ത്രവും പ്രധാന വിഷയങ്ങളായി പഠിച്ച്, സുറിയാനിക്കാരുടെ ഇടയിലെ ആദ്യത്തെ എം.എ. അച്ചനും സെറാംപൂർ കോളജിലെ പ്രഫസറും ആയിരുന്ന മാർ ഈവാനിയോസ് തിരുമേനി ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ അനന്തസാധ്യതകളെപ്പറ്റി നല്ല അറിവുള്ള പണ്ഡിതനായിരുന്നു. 1930 സെപ്റ്റംബർ 20 ന് സാർവ്വത്രിക സഭാകൂട്ടായ്മ വീണ്ടെടുത്ത മലങ്കര സുറിയാനി കത്തോലിക്കാസഭ വിദ്യാഭ്യാസരംഗത്ത് അന്നുമുതൽ സജീവ സാന്നിദ്ധ്യമായി മാറി. കേവലം ഒൻപത് പതിറ്റാണ്ടുകാലത്തെ സേവനം കൊണ്ട് ഭാരതത്തിലെയും, പ്രത്യേകിച്ച് കേരളത്തിലെയും മധ്യപ്രദേശിലെയും, ഡൽഹിയിലേയും വിദ്യാഭ്യാസമേഖലയ്ക്ക് ഗണ്യമായ സംഭാവനകൾ നല്കുവാൻ കഴിഞ്ഞിട്ടുള്ള വിദ്യാഭ്യാസ ഏജൻസിയാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ. അതിനുള്ള ഉത്തമസാക്ഷ്യമാണ് ഇക്കഴിഞ്ഞ മാർച്ച് മാസം, കേരള ഗവർണ്ണർ ജസ്റ്റിസ് സദാശിവം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവൻ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായ്ക്ക് "എക്സലൻസ്" അവാർഡ് നല്കിയിട്ടു പറഞ്ഞ കാര്യം: "മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാർ ഈവാനിയോസ് കാമ്പസ്സ് ആണ് കേരളത്തിലെ ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസ ഹബ്ബ്" (Excellent Educational Hub) എന്ന്.

**കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായ്ക്ക് "എക്സലൻസ്" അവാർഡ് നല്കിയിട്ടു പറഞ്ഞ കാര്യം: "മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാർ ഈവാനിയോസ് കാമ്പസ്സ് ആണ് കേരളത്തിലെ ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസ ഹബ്ബ്" (Excellent Educational Hub) എന്ന്.**

### 1. മലങ്കര കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഭാരതത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് മഹത്തായ സംഭാവനകൾ നല്കുന്ന സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ. സഭയുടെ നേതൃത്വത്തിൽ ഇന്ന് 500-ൽ പരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ - നഴ്സറി സ്കൂൾ മുതൽ പ്രൊഫഷണൽ കോളജുകൾ വരെ - നടത്തപ്പെടുന്നു. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്, തിരുവനന്തപുരത്തെ മാർ ഈവാനിയോസ് കോളജ്, പുഷ്പഗിരി മെഡിക്കൽ കോളജ്, മാർ ഗ്രിഗോറിയോസ് ലോ കോളജ്, തിരുവല്ല മാക്ഫാസ്റ്റ് കോളജ്, പഴശ്ശിരാജ കോളജ്, മാർ അപ്രേം എഞ്ചിനിയറിംഗ് കോളജ്, ചെന്നൈ മാർ ഗ്രിഗോറിയോസ് കോളജ് തുടങ്ങിയ പ്രശസ്ത കലാലയങ്ങൾ! സുവിശേഷ പ്രവർത്തനത്തോട് ഏറ്റവും അടുത്ത ശുശ്രൂഷയായിട്ടാണ് സഭ വിദ്യാഭ്യാസത്തെ കാണുന്നത്. അറിവിലൂടെ വികസനം, അറിവിലൂടെ സുവിശേഷം എന്നതാണ് സഭയുടെ ലക്ഷ്യം. കേവലം ഭൗതികനേട്ടങ്ങളെക്കാൾ ഉപരിസമൂഹത്തിൽ ക്രിസ്തീയമൂല്യങ്ങളും മാനവികതയും വളർത്തിയെടുക്കാനുള്ള വേദിയായിട്ടാണ് സഭ ഈ ശുശ്രൂഷയെ നോക്കിക്കാണുന്നത്. ക്രൈസ്തവസഭ നേതൃത്വം നല്കിയ വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ് പടിഞ്ഞാറൻ നാടുകളിൽ മാനവികത, ശാസ്ത്രസാങ്കേതിക സമാപനം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സ്ത്രീസമത്വം, മനുഷ്യാവകാശ സംരക്ഷണം എന്നീ മൂല്യങ്ങൾ വളർന്നുവന്നത്.

### 2. സഭയുടെ വിദ്യാഭ്യാസദർശനങ്ങളും സാമൂഹികമാറ്റവും

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി വലിയൊരു പരിധിവരെ ദേശീയ വിദ്യാഭ്യാസലക്ഷ്യങ്ങളും, സഭയുടെ വിദ്യാഭ്യാസദർശനങ്ങളും, മലങ്കരസഭയുടെ കാഴ്ചപ്പാടും ജനഹൃദയങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അറിവ് പകർന്നു കൊടുത്ത് മാനവികതയുടെ വികസ്വരമേഖലകളിലേക്ക് കടന്ന്, അടിച്ചമർത്തപ്പെട്ടവരെയും, ദുർബ്ബലരേയും ശാക്തീകരിക്കുവാൻ കഴിഞ്ഞു. മലങ്കര കത്തോലിക്കാ മിഷണറിമാർ നടത്തിയ സേവനത്തെപ്പറ്റി കേരള നിയമസഭാ സ്പീക്കർ ആയിരുന്ന ശ്രീ വക്കം പുരുഷോത്തമൻ പറഞ്ഞ ഒരു സംഭവം ഞാൻ ഓർക്കുന്നു. "ഞാൻ പിറന്ന സമുദായത്തിലെ (ഈഴവർ) ആളുകൾ അടക്കമുള്ള പിന്നോക്ക വിഭാഗത്തിൽപെട്ടവർക്കും, അധഃകൃത വർഗ്ഗത്തിൽപെട്ടവർക്കും യാതൊരു മൗലിക അവകാശങ്ങളും ഇല്ലാതിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. അന്ന് സർക്കാർ സ്കൂളുകളിൽപോലും പഠിക്കുന്നതിനോ, സ്വന്തം വിശ്വാസപ്രകാരം അമ്പലങ്ങളിൽ പോയി പ്രാർത്ഥന നടത്തുന്നതിനോ, എന്തിന്

പട്ടിയ്ക്കും, പൂച്ചയ്ക്കും നടക്കാൻ അനുവാദമുള്ള റോഡിൽകൂടി നടക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം പോലും ഇല്ലായിരുന്നു. ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് മാറു മറയ്ക്കാനോ ആഭരണങ്ങൾ ധരിക്കാനോ അവകാശമില്ല. അതായിരുന്നു അന്നത്തെ കാലഘട്ടം. അക്കാലത്ത് അവശ വിഭാഗങ്ങളെ സഹായിക്കാൻ മുന്നോട്ടുവന്ന ക്രൈസ്തവമിഷനറിമാർ ചെയ്ത ത്യാഗങ്ങൾ ആർക്കും മറക്കാൻ പറ്റില്ല. അന്ന് അധഃസ്ഥിതരെ മനുഷ്യരായി അംഗീകരിച്ചതും, ആ രീതിയിൽ സ്കൂളുകളിലും, കോളജുകളിലും പ്രവേശനവും മറ്റെല്ലാ ആനുകൂല്യങ്ങളും നല്കി സഹായിച്ചതും അവശസമുദായ അംഗങ്ങൾക്ക് ഒരു കാലത്തും മറക്കാൻ പറ്റില്ല" (മാർ ഈവാനിയോസ് ക്യാമ്പസ്സിൽ നടത്തിയ പ്രസംഗം).

**3. സഭയുടെ നവോത്ഥാന പ്രവർത്തനങ്ങൾ**

അക്ഷരജ്ഞാനവും, അവകാശവും ഇല്ലാതിരുന്ന ഒരു സമൂഹത്തിന് മലങ്കര കത്തോലിക്കാസഭ വിജ്ഞാനവും, വിമോചനവും നല്കി. ജനാധിപത്യക്രമം, നവോത്ഥാനം, റഫർമേഷൻ തുടങ്ങിയ ചിന്തകളും രൂപമെടുത്തത് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽനിന്നാണ്. ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനി കേരളക്കരയിലെ അതിശ്രേഷ്ഠനായ ഒരു നവോത്ഥാന നായകനായിരുന്നു. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനം വഴി സമൂഹത്തിന്റെ അടിത്തട്ടിൽ കിടന്ന ജനവിഭാഗങ്ങളിൽ അവകാശബോധവും, വികസനതത്പരതയും സൃഷ്ടിക്കപ്പെട്ടു. അറിവ് ഭക്ഷണമായും ആത്മാവിന്റെ പോഷണമായും തീർന്നതിലൂടെ തിന്മകൾ, മദ്യാസക്തി, കുറ്റകൃത്യങ്ങൾ, ശിശുമരണം, പകർച്ചവ്യാധികൾ, അന്ധവിശ്വാസങ്ങൾ, നിരക്ഷരത തുടങ്ങിയ അധഃമ പ്രവർത്തനങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു. സഭ പകർന്ന് കൊടുത്ത അറിവ്, സമൂഹത്തിലെ ഒരു വലിയ വിഭാഗം ജനങ്ങളിൽ വമ്പിച്ച സാമൂഹിക-സാംസ്കാരിക മാറ്റം ഉണ്ടാക്കി. വിദ്യാഭ്യാസത്തിലൂടെ പ്രത്യക്ഷമായും പരോക്ഷമായും കടന്നുവന്ന മൂല്യബോധം അന്ധവിശ്വാസങ്ങളെയും അബദ്ധധാരണകളെയും അശാസ്ത്രീയ സമീപനങ്ങളെയും ദുരീകരിച്ചു. 1930 കളിൽ വിദ്യാഭ്യാസം സമൂഹത്തിലെ ഉന്നതർക്കും മേല്ജാതിക്കാർക്കും ആഡംബരത്തിനും വിനോദത്തിനുമുള്ള ഒന്നായിരുന്നു. എന്നാൽ സഭ അതിനെ ജനകീയവത്ക്കരിച്ച് ദുർബലവിഭാഗങ്ങളുടെ ശക്തിയും നിക്ഷേപവുമാക്കി മാറ്റി. അക്കാലത്ത് മാർ ഈവാനിയോസ് കോളജിലൂടെ പകർന്നുകൊടുത്ത ഉന്നതവിദ്യാഭ്യാസം, പുഷ്പഗിരിയിലൂടെ നല്കിയ നഴ്സിംഗ് നൈപുണ്യം അനേകർക്ക് വിദേശനാടുകളിൽ തൊഴിൽ സാധ്യതകൾ നല്കി. അമേരിക്ക, യൂറോപ്പ്, ബ്രിട്ടൺ, ആസ്ട്രേലിയ, ഡൽഹി, പൂന തുടങ്ങിയ സ്ഥലങ്ങളിൽ സഭ വളർന്ന് രൂപതകളായി മാറിയതിൽ മലങ്കര കത്തോലിക്കാസഭ ഇന്ന് അഭിമാനിക്കുന്നുവെങ്കിൽ, അതിന്റെ മുഖ്യകാരണം ഉന്നതവിദ്യാഭ്യാസരംഗത്തും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ടെക്നിക്കൽ വിദ്യാഭ്യാസരംഗത്തും സഭ നടത്തിയ ശുശ്രൂഷകളാണ്. വിദ്യാഭ്യാസം സുവിശേഷവത്ക്കരണത്തിന്റെ ശക്തമായ ഉപകരണമാണ്. ഒരു സമൂഹത്തിന്റെ സമഗ്രപുരോഗതിയുടെ പര്യായമാണ് വിദ്യാഭ്യാസം.

> **അമേരിക്ക, യൂറോപ്പ്, ബ്രിട്ടൺ, ആസ്ട്രേലിയ, ഡൽഹി, പൂന തുടങ്ങിയ സ്ഥലങ്ങളിൽ സഭ വളർന്ന് രൂപതകളായി മാറിയതിൽ മലങ്കര കത്തോലിക്കാസഭ ഇന്ന് അഭിമാനിക്കുന്നുവെങ്കിൽ, അതിന്റെ മുഖ്യകാരണം ഉന്നതവിദ്യാഭ്യാസരംഗത്തും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ടെക്നിക്കൽ വിദ്യാഭ്യാസരംഗത്തും സഭ നടത്തിയ ശുശ്രൂഷകളാണ്.**

നാം ഇന്ന് ജീവിക്കുന്നത് ഒരു വിജ്ഞാന സമൂഹത്തിലാണ്. വിജ്ഞാന നഗരങ്ങളും വിജ്ഞാന ഗ്രാമങ്ങളും വിജ്ഞാന ഹബ്ബുകളും രൂപപ്പെട്ടുകഴിഞ്ഞു. ആഗോളീകരണത്തിന്റെ ഈ കാലഘട്ടത്തിൽ ഒരു ആഗോളസംസ്കാരവും ആഗോളദർശനവും നിലനില്ക്കുന്നു. അതുകൊണ്ട് ദീർഘകാല ലക്ഷ്യത്തോടുകൂടിയ ആസൂത്രണം വിദ്യാഭ്യാസരംഗത്ത് അനിവാര്യമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭ ചുരുങ്ങിയ കാലയളവുകൊണ്ട് ഒരു ഗ്ലോബൽസഭയായി വളർന്നു കഴിഞ്ഞു. അമേരിക്കയിലും, കാനഡായിലും ഭദ്രാസനങ്ങളായി. യൂറോപ്പിലും ബ്രിട്ടനിലും ഭദ്രാസനങ്ങൾക്കുള്ള സാധ്യതകൾ വരുന്നു. ഡൽഹി, പൂന ഭദ്രാസനങ്ങൾ യാഥാർത്ഥ്യമായി. ഓസ്ട്രേലിയ, ന്യൂസിലൻഡ്, സിംഗപ്പൂർ ഇവിടെയെല്ലാം മലങ്കര മക്കൾ എത്തിക്കഴിഞ്ഞു. നമ്മുടെ വിദ്യാഭ്യാസത്തിലൂടെ നല്കിയ വലിയ നിക്ഷേപമാണ് ഇതിനു കാരണം. ഏതാനും വർഷം കഴിയുമ്പോൾ അനേകം ഡോക്ടേഴ്സും സ്കോളേഴ്സുമുള്ള സഭയായി മലങ്കര കത്തോലിക്കാസഭ അറിയപ്പെടും. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അതിശ്രേഷ്ഠമാണ്.

# കേരളത്തിൽ നവോത്ഥാനത്തിന് ഊടും പാവും നെയ്തത് ക്രൈസ്തവ മിഷനറിമാരുടെ വിദ്യാഭ്യാസ ശുശ്രൂഷകൾ



**മോൺ. ചെറിയാൻ താഴമൺ**
(വികാരി ജനറാൾ, തിരുവല്ല അതിഭദ്രാസനം)



നാം ജീവിക്കുന്ന ഈ കാലത്തെ ചിലർ വിശേഷിപ്പിക്കുന്നത് 'സത്യാനന്തരകാലം' എന്നാണ്. സത്യവും യാഥാർത്ഥ്യവും മറച്ചുവച്ച്, അസത്യവും വ്യാജവും ചർച്ചാവിഷയമാക്കി പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതാണ് സത്യാനന്തരകാലത്തിന്റെ സ്വഭാവം. കേരളത്തിലെ നവോത്ഥാനത്തെക്കുറിച്ചുള്ള സമീപകാലത്തെ പല ചർച്ചകളും മാദ്ധ്യമവാർത്തകളും വീക്ഷിക്കുമ്പോൾ ഈ വിശേഷണം ശരിയാണെന്നു തോന്നിപ്പോവുകയാണ്. നവോത്ഥാനം എന്നത് ഒറ്റപ്പെട്ട ഒന്നല്ല, സമൂഹത്തെ സമഗ്രമായി ബാധിക്കുന്നതും ജീവിതത്തെ മാറ്റി മറിക്കുന്നതുമായ ചിന്തകളുടെയും പ്രവണതകളുടെയും ഫലമാണത്. വ്യക്തി സ്വാതന്ത്ര്യം, മൗലികാവകാശങ്ങൾ, സമത്വം തുടങ്ങിയ മൂല്യങ്ങൾ സമൂഹത്തിലേക്കു സന്നിവേശിക്കപ്പെടുമ്പോൾ സംഭവിക്കുന്നതാണ് നവോത്ഥാനം. 'നവോത്ഥാനം' എന്ന വാക്കിന് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ നിഘണ്ഡുവിൽ കൊടുത്തിരിക്കുന്ന അർത്ഥം 'ഉയിർത്തെഴുന്നേല്പ്' എന്നാണ്. ആർജ്ജിച്ചെടുത്ത വെളിച്ചംകൊണ്ട് സ്വയം പ്രകാശിക്കുകയും പരിസരങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യുക.

നവോത്ഥാനം എന്ന പദം ആദ്യമായി വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത് പതിനാലു മുതൽ പതിനാറു വരെയുള്ള നൂറ്റാണ്ടുകളിൽ യൂറോപ്യൻ കലയിലും, സാഹിത്യത്തിലും, ശില്പകലയിലും ശാസ്ത്രസാങ്കേതിക വിദ്യയിലുമുണ്ടായ പുതിയ ഉണർവ്വിനെയും വികാസത്തെയും സൂചിപ്പിക്കാൻവേണ്ടിയായിരുന്നു. മദ്ധ്യകാലഘട്ടത്തിലെ മരവിപ്പിനുശേഷം ലോകം ആധുനികതയിലേക്ക് കണ്ണ് തുറന്ന കാലഘട്ടമാണ് നവോത്ഥാനകാലം. ജാതിവ്യവസ്ഥയും അയിത്തവും അന്ധവിശ്വാസങ്ങളും നാടുവാഴിത്തവും അടിയാളവർഗ്ഗങ്ങളെ അടക്കിവാണിരുന്ന ഒരു 'ഇരുണ്ട കാലഘട്ടം' കേരളത്തിലും ഉണ്ടായിരുന്നു. സവർണർ, താഴ്ന്ന ജാതിക്കാരെ മനുഷ്യരായിപ്പോലും കാണാൻ കൂട്ടാക്കാതിരുന്ന കാലം. ഭൂവുടമകളായ സവർണർ, അവർണരെ മൃഗങ്ങളെപോലെ കരുതി പെരുമാറിയിരുന്ന കാലം. അവർണരെ അടിമകളായി പറമ്പിൽ കെട്ടിയിടുകയും കച്ചവടം നടത്തുകപോലും ചെയ്തിരുന്ന കാലം. പതിനാറ് പതിനേഴ്,

പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിൽ കേരളത്തിലെ സ്ഥിതിയായിരുന്നു ഇത്. മനുഷ്യാവകാശങ്ങളിന്മേലുള്ള കൊടിയ കയ്യേറ്റവും അനീതിയുമായിരുന്നില്ലേ കേരളത്തിൽ നിലനിന്നിരുന്ന അടിമസമ്പ്രദായം? അവരുടെ ചിന്തയിലും വീക്ഷണത്തിലും ജീവിതരീതിയിലും മാറ്റം വരുത്തിയ സുദീർഘമായ പ്രക്രിയയെയാണ് കേരളത്തിലെ നവോത്ഥാനമെന്നു നാം വിളിക്കുന്നത്. അടിമകളും മനുഷ്യരാണെന്നും, അവർക്കും സ്വതന്ത്രമായി ജീവിക്കാനവകാശമുണ്ടെന്നും ആദ്യമായി വിളിച്ചുപറഞ്ഞത് ക്രൈസ്തവ മിഷനറിമാരായിരുന്നു. അതിനവരെ പ്രാപ്തരാക്കിയത് വിദ്യാഭ്യാസവും.

നാഗരികതയുമായുള്ള സമ്പർക്കവും നവീനവിജ്ഞാനവും ശാസ്ത്രവീക്ഷണവും പകരുന്ന വിശാലമായ കാഴ്ചപ്പാടിന്റെ ഫലമാണ് കേരളം നേടിയ പുരോഗതിയുടെ ആകെത്തുക. ഇതിലേക്ക് സംഭാവന ചെയ്തവരിൽ ഈ നാട്ടിൽ വന്ന് ഇന്നാട്ടിലെ സാംസ്കാരിക വൈജ്ഞാനിക മണ്ഡലങ്ങളെ പ്രോജ്വലിപ്പിച്ച ക്രൈസ്തവ മിഷനറിമാരുടെ സംഭാവന സമാനതകളില്ലാത്തതാണ്. പാശ്ചാത്യവിജ്ഞാനവും നവീന ജീവിതവീക്ഷണവും പകരുന്നതിൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിച്ച പങ്ക് ഉജ്ജ്വലവുമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ മനുഷ്യന്റെ സമഗ്ര വിമോചനം സാധ്യമാകു എന്നതായിരുന്നു മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ മുഖമുദ്ര.

### വിദ്യാഭ്യാസം നവോത്ഥാനത്തിന്റ വിത്ത്

നവോത്ഥാനത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ചില ഗുണങ്ങളെക്കുറിച്ച് സാമൂഹ്യശാസ്ത്രജ്ഞന്മാർ പറയുന്നുണ്ട്. സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം, ശാസ്ത്രാവബോധം, യുക്തിചിന്ത, ലിംഗനീതി, മതേതരത്വം ഇവയാണവയിൽ ചിലത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉദയംവരെ ഇവയൊക്കെ കേരള ജനതയ്ക്ക് അന്യമായിരുന്നു. കേരളത്തിൽ എത്തിയ യൂറോപ്യൻ ക്രൈസ്തവ മിഷനറിമാരിലൂടെയാണ് ഇവയൊക്കെ സാവധാനമെങ്കിലും കേരളത്തിന് പരിചിതമായത്. മാനവികമൂല്യങ്ങൾ മനുഷ്യമനസ്സിനെ ഗ്രസിച്ച്, അത് പൊതുസമൂഹത്തിന്റെ വികാരമായി രൂപപ്പെട്ട് ജനമുന്നേറ്റത്തിലൂടെ സ്വാതന്ത്ര്യം, സഹോദര്യം, സമത്വം എന്നിവ സൃഷ്ടിക്കുന്ന ജനാധിപത്യ സംവിധാനങ്ങളുടെ രൂപപ്പെടുത്തലായി നവോത്ഥാനത്തെ കണ്ടാൽ കേരളത്തിൽ ഇതിന്റെ തുടക്കക്കാർ ക്രൈസ്തവരാണെന്നതിൽ സംശയമില്ല. കേരള നവോത്ഥാനം എന്ന് പറയുമ്പോൾ സൂചിതമാകുന്നത് കേരളജനതയുടെ ഉയിർത്തെഴുന്നേല്പാണ്. കേരളജനത എന്തിന്റെയൊക്കെയോ അടിമത്തത്തിലായിരുന്നു എന്നൊരു സൂചനയും ഇവിടെയുണ്ട്. മനുഷ്യൻ ആയിരിക്കേണ്ട അവസ്ഥയിൽനിന്ന് അകലത്തിലായിരുന്നു കേരളജനത എന്ന് സാമാന്യ അർത്ഥം.

കേരളത്തിൽ അയിത്തത്തിനും, അടിമത്തത്തിനും, അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, ലിംഗവിവേചനത്തിനുമെതിരെ ഉയർന്ന ആദ്യ ശബ്ദം ഉദയംപേരൂർ സുന്നഹദോസിന്റേതായിരുന്നില്ലേ ? അടിച്ചമർത്തപ്പെട്ടവർക്കും, അരികുപറ്റി കഴിഞ്ഞവർക്കും അക്ഷരാഭ്യാസവും അതുവഴി അവകാശങ്ങളെക്കുറിച്ച് അവബോധവും നേടിക്കൊടുത്തത് ക്രൈസ്തവ മിഷനറിമാരാണെന്നത് പകൽപോലെ വ്യക്തമല്ലേ? ലണ്ടൻ മിഷനറി സൊസൈറ്റിയുടെയും (L.M.S), ചർച്ച് മിഷൻ സൊസൈറ്റിയുടെയും (C.M.S) മിഷനറിമാർ: വില്ല്യം തോബിയാസ് റിംഗിൾ ടോബ്, ചാൾസ്

**ആധുനിക വിദ്യാഭ്യാസത്തിനുനേരെ പുറം തിരിയാതെ ഇംഗ്ലീഷ് പഠിക്കണമെന്ന് ആദ്യം ആഹ്വാനം ചെയ്ത ആദ്യ നാട്ടുകാരൻ പാലക്കുന്നത്ത് അബ്രഹാം മല്പാനായിരുന്നു. അദ്ദേഹത്തെ അനുസരിച്ച് മാർത്തോമ്മാസമൂഹവും, അവരെ അനുകരിച്ച് പിന്നീട് മറ്റ് സമൂഹങ്ങളും മുന്നേറിയതോടുകൂടിയാണ് കേരളം നവോത്ഥാന നേട്ടം അനുഭവിച്ചു തുടങ്ങിയത്.**

മീഡ്, ബഞ്ചമിൻ ബയ്‌ലി, ഹെന്ററി ബേക്കർ, തോമസ് സാംസൺ, റവ. സ്പ്രിംഗ് തുടങ്ങിയവരിലൂടെയാണ് കേരളത്തിൽ ആധുനിക വിദ്യാഭ്യാസം കടന്നുവന്നത്. 1806 നും 1818 നും ഇടയിൽ അവർ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആധുനിക വിദ്യാഭ്യാസത്തിനുനേരെ പുറം തിരിയാതെ ഇംഗ്ലീഷ് പഠിക്കണമെന്ന് ആദ്യം ആഹ്വാനം ചെയ്ത ആദ്യ നാട്ടുകാരൻ പാലക്കുന്നത്ത് അബ്രഹാം മല്പാനായിരുന്നു. അദ്ദേഹത്തെ അനുസരിച്ച് മാർത്തോമ്മാസമൂഹവും, അവരെ അനുകരിച്ച് പിന്നീട് മറ്റ് സമൂഹങ്ങളും മുന്നേറിയതോടുകൂടിയാണ് കേരളം നവോത്ഥാന നേട്ടം അനുഭവിച്ചു തുടങ്ങിയത്. വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ 1846 ൽ

കത്തോലിക്കാ സംസ്കൃത വിദ്യാലയത്തിനു തുടക്കം കുറിക്കുകയും, പള്ളികളിൽനിന്നുള്ള വരുമാനം എടുത്തും 'കെട്ടുതെങ്ങും' 'പിടിയരിയും' പിരിച്ചും, പള്ളികളോടെല്ലാം ചേർന്ന് പള്ളിക്കൂടങ്ങൾ തുടങ്ങാൻ നിർദ്ദേശിക്കുകയും ചെയ്തു. ക്രൈസ്തവ സ്കൂളുകളിൽ സമൂഹത്തിലെ എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസമാണ് നല്കിയിരുന്നത്. ജാതിവ്യവസ്ഥയ്ക്ക് എതിരായി സമൂഹത്തിന്റെ ഉയർന്ന തട്ടിലും താഴേത്തട്ടിലുമുള്ളവർക്ക് ഒരേ ക്ലാസ്സിൽ ഒരേ ബഞ്ചിലിരുത്തി വിദ്യാഭ്യാസം നല്കിയതോടൊപ്പം, പെൺകുട്ടികൾക്കും വിദ്യാഭ്യാസം നല്കിയത് വിപ്ലവകരമായ നടപടി ആയിരുന്നു. അടിയാളവർഗ്ഗങ്ങൾക്ക് അക്ഷരം പഠിക്കാൻ വിലക്ക് ഉണ്ടായിരുന്ന സവർണ്ണ അധീശത്വത്തിന്റെ കാലത്ത് ക്രൈസ്തവമിഷനറിമാർ കൊളുത്തിയ വിദ്യാഭ്യാസത്തിന്റെ തീനാളമാണ് സമൂഹിക മാറ്റത്തിന്റെ ആദ്യചലനങ്ങൾ കേരളത്തിലുണ്ടാക്കിയത്. ഇന്ത്യയിലെതന്നെ പെൺകുട്ടികൾക്കുള്ള ആദ്യ സ്കൂൾ 1819-ൽ ക്രൈസ്തവ മിഷനറിമാർ കോട്ടയത്ത് സ്ഥാപിച്ചതാണ്. സർക്കാർ വകയായി കേരളത്തിൽ പെൺകുട്ടികൾക്കായി ഒരു സ്കൂൾ സ്ഥാപിക്കപ്പെടുന്നത് 1850-ൽ മാത്രമാണ്. എല്ലാ വികസനവും വിദ്യാഭ്യാസത്തിൽ നിന്നാരംഭിക്കുന്നു എന്നൊരു നിരീക്ഷണമുണ്ട്. ഇത് സത്യമാണെന്ന് ചരിത്രം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുമുണ്ട്. കേരള നവോത്ഥാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ നിരീക്ഷണം പ്രത്യേകം പ്രസക്തമെന്നു തോന്നുന്നു.

ക്രൈസ്തവർ പ്രചരിപ്പിച്ച വിദ്യാഭ്യാസത്തിന്റെ ഫലമായി കീഴ്ജാതിക്കാരിൽ സ്വാതന്ത്ര്യബോധവും ആത്മധൈര്യവും വളർന്നു. ക്രൈസ്തവമതം സ്വീകരിച്ച അധഃകൃതർ ഉന്നത വിദ്യാഭ്യാസം നേടി, ഉന്നത ജോലികൾ സ്വീകരിച്ച് ഉന്നത നിലയിൽ എത്തിയത്, കീഴ്ജാതിക്കാരിൽ ഒരു ഉയിർത്തെഴുന്നേല്പിന് കളമൊരുക്കി. ക്രിസ്തുമതത്തിൽ അയിത്തം ഇല്ലാതിരുന്നതുകൊണ്ട് ക്രിസ്തുമതം സ്വീകരിച്ച തീണ്ടൽ ജാതിക്കാരുടെ തീണ്ടൽ ഇല്ലാതായി. അതുകൊണ്ടാണ് പറയ സമുദായാംഗമായിരുന്ന ഡോക്ടർ പീറ്റർ ലക്ഷ്മണനെ ശ്രീമൂലം തിരുനാൾ മഹാരാജാവ് തന്റെ സ്വന്തം ഭിഷഗ്വരനായും ഡർബാർ ഫിസിഷ്യനായും നിയമിച്ചത്. മതപരിവർത്തനംമൂലം ലഭിക്കുന്ന ഈ സാമൂഹ്യോന്നമനത്തെ കരുതി ധാരാളം തീണ്ടൽ ജാതിക്കാർ ക്രിസ്തുമതം സ്വീകരിച്ചു. ഇത് ഹിന്ദുമതത്തിൽ ഒരു പുനർചിന്തനത്തിനു വഴിയൊരുക്കി. ക്രിസ്തുമതത്തിലേക്കുള്ള ഒഴുക്ക് തടയുന്നതിനുവേണ്ടിത്തന്നെ അയിത്ത

**എല്ലാ വികസനവും വിദ്യാഭ്യാസത്തിൽ നിന്നാരംഭിക്കുന്നു എന്നൊരു നിരീക്ഷണമുണ്ട്. ഇത് സത്യമാണെന്ന് ചരിത്രം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുമുണ്ട്. കേരള നവോത്ഥാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ നിരീക്ഷണം പ്രത്യേകം പ്രസക്തമെന്നു തോന്നുന്നു.**

ത്തിന്റെ കാർക്കശ്യം കുറയ്ക്കാൻ സവർണ്ണർ നിർബ്ബന്ധിതരായി. അങ്ങനെ മനുഷ്യത്വത്തിന്റെ മഹനീയത അംഗീകരിക്കുവാൻ സവർണ്ണരെ ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങൾ പ്രേരിപ്പിച്ചു. ക്ഷേത്രപ്രവേശനത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള ശ്രമങ്ങളാണ് മിഷനറിമാർ പിന്നീട് നടത്തിയത്. അവരുടെ സാമൂഹ്യരംഗത്തെ പ്രവർത്തനങ്ങളാണ് വൈക്കം സത്യാഗ്രഹത്തിനും, വർഷങ്ങൾക്കുശേഷം ക്ഷേത്രപ്രവേശനവിളംബരത്തിനും പ്രേരണയായത്.

വിദ്യാഭ്യാസത്തിലൂടെ ക്രൈസ്തവമിഷനറിമാർ പകർന്നു നല്കിയ വെളിച്ചവും അവർ തെളിച്ച ചിന്തയുടെ അഗ്നിയുമാണ് പിന്നീട് നാട്ടിൽ മാറ്റങ്ങൾക്ക് കാരണമായത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ (1817) തിരുവിതാംകൂറിൽ ഓരോ താലൂക്കിലും സർക്കാർ വിദ്യാലയങ്ങൾ തുടങ്ങാൻ റീജന്റ് റാണി പാർവ്വതീഭായി ഉത്തരവിറക്കിയത് റെസിഡന്റ് കേണൽ മൺറോയുടെ നിർദ്ദേശപ്രകാരമായിരുന്നു. അന്നും സർക്കാർ സ്കൂളുകളേക്കാൾ കൂടുതൽ സ്വകാര്യ സ്കൂളുകളായിരുന്നു. അതിൽ മഹാഭൂരിപക്ഷവും ക്രൈസ്തവരുടേതുമായിരുന്നു. 1903-4 ൽ പെൺകുട്ടികൾക്കു മാത്രമായി ഉണ്ടായിരുന്ന 184 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 90 ശതമാനത്തിലേറെയും ക്രൈസ്തവരുടേതായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു.

നവോത്ഥാന ആശയങ്ങൾ വായിച്ചും പഠിച്ചും അറിയാൻ അവസരമൊരുക്കിയത് വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികവത്ക്കരണത്തിലൂടെയാണ്. വിദ്യാഭ്യാസം സാർവ്വത്രികമാകുന്നതിനു ക്രൈസ്തവർ കേരളത്തിൽ പ്രവർത്തിച്ചതു

പോലെ പ്രവർത്തിക്കാൻ ആൾക്കാർ ഇല്ലാതിരുന്ന ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിൽ നവോത്ഥാനമൂല്യങ്ങൾ വ്യാപിക്കാതിരുന്നത് ശ്രദ്ധിക്കുമ്പോഴാണ് കേരള നവോത്ഥാനത്തിൽ ക്രൈസ്തവ വിദ്യാഭ്യാസമേഖലയുടെ പങ്കും സ്വാധീനവും കൂടുതൽ വ്യക്തമാകുന്നത്. നവോത്ഥാനത്തിന്റെ അർത്ഥം അറിയുന്നവരെല്ലാം അടിവരയിട്ടു സമ്മതിക്കുന്ന സത്യമാണ് കേരള നവോത്ഥാനത്തിൽ ക്രൈസ്തവരുടെ, പ്രത്യേകിച്ച് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിച്ച പങ്ക്. കേരളത്തിലെ നവോത്ഥാന നായകരിൽ അഗ്രഗണ്യൻ എന്ന് പലരും വിശേഷിപ്പിക്കുന്ന ശ്രീ നാരായണഗുരു കളരിയിൽ പഠിക്കുന്ന കാലത്ത്, വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചനും വിദേശമിഷനറിമാരും സ്ഥാപിച്ച സ്കൂളുകൾ കേരളത്തിലുണ്ടായിരുന്നു എന്നത് ചരിത്രം. ക്രൈസ്തവ മിഷനറിമാരാണ് ആദ്യമായി അവർണ്ണരെ ദൈവമക്കൾ എന്ന് വിശേഷിപ്പിച്ചത്. അതിലൂടെയാണ് തങ്ങളും മനുഷ്യരാണെന്ന ബോധം അവർണരിൽ സംജാതമായതും. സ്ത്രീവിദ്യാഭ്യാസത്തിൽ കേരളം ഇന്ന് ഏറ്റം മുൻപിലായിരിക്കുന്നതിന്റെ കാരണക്കാരും മിഷനറിമാരാണ്. ഭാരതത്തിലെ ആദ്യത്തെ വനിതാ ചീഫ് മെഡിക്കൽ ഓഫീസറായിരുന്ന മിസ്സിസ്സ് പുന്നൻ ലൂക്കോസ്, ആദ്യത്തെ വനിത ഹൈക്കോടതി ജഡ്ജി മിസ്സിസ്സ് അന്ന ചാണ്ടി, ആദ്യത്തെ വനിതാ ചീഫ് എൻജിനീയർ മിസ് പി. കെ ത്രേസ്യാ തുടങ്ങിയവരൊക്കെ മിഷനറിമാർ തുടക്കം കുറിച്ച വിദ്യാഭ്യാസ കേന്ദ്രീകൃത നവോത്ഥാനത്തിന്റെ സദ്ഫലങ്ങളാണ്.

**ഭാരതത്തിലെ ആദ്യത്തെ വനിതാ ചീഫ് മെഡിക്കൽ ഓഫീസറായിരുന്ന മിസ്സിസ്സ് പുന്നൻ ലൂക്കോസ്, ആദ്യത്തെ വനിത ഹൈക്കോടതി ജഡ്ജി മിസ്സിസ്സ് അന്ന ചാണ്ടി, ആദ്യത്തെ വനിതാ ചീഫ് എൻജിനീയർ മിസ് പി. കെ ത്രേസ്യാ തുടങ്ങിയവരൊക്കെ മിഷനറിമാർ തുടക്കം കുറിച്ച വിദ്യാഭ്യാസ കേന്ദ്രീകൃത നവോത്ഥാനത്തിന്റെ സദ്ഫലങ്ങളാണ്.**

**അടിമ വിമോചന ശ്രമങ്ങൾ**

സാമാന്യ ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കി അവരെ പ്രബുദ്ധരാക്കാൻ ശ്രമിച്ചതോടൊപ്പം അവരുടെ സാമൂഹിക നിലവാരം ഉയർത്തുവാനും മിഷനറിമാർ ശ്രദ്ധിച്ചിരുന്നു. ശ്രീ.എ. ശ്രീധരമേനോന്റെ കേരളചരിത്രത്തിൽ ഇപ്രകാരം വായിക്കുന്നു: 'പ്രാചീന കാലംമുതൽ തിരുവിതാംകൂറിൽ അതിരൂക്ഷമായിത്തീർന്ന ഒരു നികുതി സമ്പ്രദായമാണ് തലക്കരം, മുലക്കരം, തളൈക്കാണം, ഏണിക്കാണം, മേനിപ്പൊന്ന് മുതലായവ. ജനിച്ചുപോയി എന്ന കുറ്റത്തിനുള്ള ശിക്ഷയായിരുന്നു തലക്കരം. സ്ത്രീ തൊഴിലാളികൾ കൊടുക്കേണ്ടത് മുലക്കരം. ചെത്തുതൊഴിലാളികൾ കൊടുക്കേണ്ട നികുതി തളൈക്കാണം. തെങ്ങുകയറ്റക്കാരുടെ നികുതി ഏണിക്കാണം. ആഭരണം അണിയുന്നതിനുള്ള നികുതി മേനിപ്പൊന്ന്. എന്തെങ്കിലും കാരണം പറഞ്ഞ് പിന്നോക്ക സമുദായക്കാരുടെമേൽ നികുതി ചുമത്തുകയെന്നതായിരുന്നു രാജ്യത്തിനു വരവുണ്ടാക്കുവാൻ അധികാരികൾ കണ്ടിരുന്ന മാർഗ്ഗം. താണ ജാതിക്കാർ വിവാഹം നടത്തണമെങ്കിൽപോലും ഒരു നിശ്ചിത തുക നാടുവാഴിക്ക് കൊടുക്കണമായിരുന്നു. തങ്ങളുടെ ചെറ്റക്കുടിലുകളുടെ പേരിൽപോലും അവർ നികുതി കൊടുക്കണമായിരുന്നു. തറി, ചക്ക്, വള്ളം, വല, വണ്ടി എന്നിവയ്ക്കെല്ലാം നികുതി ഏർപ്പെടുത്തിയിരുന്നു.

സി. എച്ച്. ആഗൂർ എഴുതിയ തിരുവിതാംകൂർ ചർച്ച് ഹിസ്റ്ററിയിൽ; 1807 – ചന്നാന്മാരിൽനിന്നും ഈഴവരിൽനിന്നുമായി 88044 രൂപയും, ചന്നാന്മാർ ചെത്തിയിരുന്ന പനയുടെ പാട്ടം തളൈക്കാണമായി 18523 രൂപയും, ചെട്ടികളിൽനിന്ന് തലക്കരമായി 4624 രൂപയും ഈടാക്കിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭാരിച്ച നികുതികളും കൂലിയില്ലാത്ത ജോലിചെയ്യലും അവസാനിപ്പിക്കാൻ മിഷനറിമാർ നടത്തിയ ശ്രമം വിജയിച്ചു. 1814 ജൂൺ 20 ന് തലക്കരം നിർത്തലാക്കി. കൂലിയില്ലാത്ത ജോലി നിയമംമൂലം നിർത്തലാക്കി. അങ്ങനെ കീഴാളന്മാർക്ക് നിഷേധിക്കപ്പെട്ടിരുന്ന പല അവകാശങ്ങളും നേടിയെടുക്കാൻ ക്രൈസ്തവ മിഷനറിമാരുടെ ശ്രമങ്ങൾ ഇടവരുത്തി.

അടിമകളെക്കുറിച്ച് ശ്രീധരമേനോന്റെ 'കേരള ചരിത്രത്തിൽ' ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'കൃഷിപ്പണിക്കുവേണ്ടി ഭൂമിയുമായി ബന്ധപ്പെടുത്തി ഭൂവുടമകൾ സൂക്ഷിച്ചിരുന്ന അടിമകൾക്ക് കണക്കുണ്ടായിരുന്നില്ല. കന്നുകാലികളെപ്പോലെ അവരെ ക്രയവിക്രയം ചെയ്തിരുന്നു. അടിമകളെ കൊല്ലാൻപോലുമുള്ള ജന്മിമാരുടെ

അവകാശങ്ങളെക്കുറിച്ച് ചോദിക്കാനും പറയാനും ആരുമുണ്ടായിരുന്നില്ലതന്നെ. ചുരുക്കിപ്പറഞ്ഞാൽ, എന്തെങ്കിലും ജീവിതാവകാശമുള്ള മനുഷ്യരോടെന്ന നിലയ്ക്കായിരുന്നില്ല അടിമകളോട് പെരുമാറിപ്പോന്നത്. കറവപ്പശുക്കളെ സൂക്ഷിക്കുക, നല്ല വസ്ത്രം ധരിക്കുക, വാഹനങ്ങളിൽ സഞ്ചരിക്കുക, ഓടുമേഞ്ഞ വീടുകളിൽ താമസിക്കുക, ഓട്ടുപാത്രങ്ങളുപയോഗിക്കുക മുതലായ സാധാരണ ജീവിതത്തിന്റെ സൗകര്യങ്ങളൊന്നും അവർ അറിഞ്ഞിരുന്നതേയില്ല'. മിഷനറിമാരുടെ അടിമ വിമോചനരംഗത്തുള്ള ഇടപെടലുകൾ 1847 ൽ തുടങ്ങിയതായാണ് ചരിത്രം പറയുന്നത്. എന്നാൽ സവർണ്ണർ അതിനെ എതിർക്കുകയാണ് ചെയ്തത്. മിഷനറിമാർ അവരുടെ ശ്രമം തുടർന്നുകൊണ്ടിരുന്നതിന്റെ ഫലമായി 1853-ൽ തിരുവിതാംകൂറിൽ അടിമവ്യാപാരം നിർത്തലാക്കിയെങ്കിലും സവർണ്ണരുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിച്ചില്ല. നിയമവിരുദ്ധമായി അടിമവ്യാപാരം തുടർന്നു. തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റ് കേണൽ സ്റ്റുവർട്ട് കൊല്ലത്ത് ഒരു ഗ്രാമപ്രദേശത്ത് പാടത്ത് നുകത്തിൽകീഴിൽ, ഒരു ഭാഗത്ത് കാളയും മറുഭാഗത്ത് ഒരു അവർണനും കലപ്പ വലിക്കുന്നതു കാണാനിടയായി. ഇതേതുടർന്ന് അദ്ദേഹത്തിന്റെ കർശനമായ നിർദ്ദേശത്തിന്റെ ഫലമായിട്ടാണ് 1854ൽ തിരുവിതാംകൂറിലും പിന്നീട് കൊച്ചിയിലും അടിമസമ്പ്രദായവും കച്ചവടവും നിർത്തലാക്കിയത്. അടിമവ്യാപാരം ക്രിമിനൽ കുറ്റമായി പ്രഖ്യാപിക്കപ്പെട്ടു. താഴ്ന്ന ജാതിക്കാരുടെ ഉയിർത്തെഴുന്നേല്പായിരുന്നു പിന്നീടുണ്ടായത്. അടിമകളുടെ കുട്ടികൾക്ക് മിഷനറിമാർ സ്കൂളുകളിൽ സൗജന്യവിദ്യാഭ്യാസവും നല്കി.

**എന്നാൽ ചരിത്രം വെളിവാക്കുന്ന യഥാർത്ഥ്യം എത്രയോ ഭിന്നമാണ്. ഈ സമുദായ പരിഷ്ക്കർത്താക്കൾ ജനിക്കുന്നതിനുമുമ്പേ വിദേശ മിഷനറിമാരും, പാലക്കുന്നത്ത് അബ്രഹാം മല്പാനും വിശുദ്ധ ചാവറ അച്ചനെപ്പോലുള്ള സാമൂഹിക പരിഷ്ക്കർത്താക്കളും ഇവിടെ നവോത്ഥാനത്തിന്റെ വിത്തുകൾ വിതച്ച് മുളപ്പിച്ചിരുന്നത് കാണാതെ പോകരുത്.**

## ചരിത്രം മറയ്ക്കാൻ ശ്രമം

കേരള നവോത്ഥാന നായകരുടെ ഗണത്തിൽ പ്രമുഖരായി കരുതപ്പെടുന്ന ഏതാനും പേരുടെ ജീവിത കാലഘട്ടം ശ്രദ്ധിക്കുന്നത് നല്ലതാണെന്നു തോന്നുന്നു. കേരളത്തിൽ നവോത്ഥാന പ്രക്രിയകൾക്ക് നേതൃത്വം നല്കിയത് ശ്രീ. നാരായണഗുരു, ശ്രീ. ചട്ടമ്പിസ്വാമികൾ, ശ്രീ. അയ്യങ്കാളി, ശ്രീ. മന്നത്ത് പദ്മനാഭൻ തുടങ്ങിയവരാണെന്നും, ക്രൈസ്തവരും മുസ്ലീംങ്ങളും ഈ പ്രക്രിയയിൽ ഒരിടത്തും ഇല്ലായിരിന്നെന്നുമൊക്കെ ചില സമുദായ നേതാക്കന്മാരും രാഷ്ട്രീയക്കാരും പ്രസ്താവിച്ചതായി കേൾക്കുകയുണ്ടായി. എന്നാൽ ചരിത്രം വെളിവാക്കുന്ന യഥാർത്ഥ്യം എത്രയോ ഭിന്നമാണ്. ഈ സമുദായ പരിഷ്ക്കർത്താക്കൾ ജനിക്കുന്നതിനുമുമ്പേ വിദേശ മിഷനറിമാരും, പാലക്കുന്നത്ത് അബ്രഹാം മല്പാനും വിശുദ്ധ ചാവറ അച്ചനെപ്പോലുള്ള സാമൂഹിക പരിഷ്ക്കർത്താക്കളും ഇവിടെ നവോത്ഥാനത്തിന്റെ വിത്തുകൾ വിതച്ച് മുളപ്പിച്ചിരുന്നത് കാണാതെ പോകരുത്. ഈഴവസമുദായത്തിന്റെ ഉന്നതിക്കുവേണ്ടി പ്രവർത്തിച്ച ശ്രീ നാരായണ ഗുരു ജനിക്കുന്നത് 1856 ലാണ്; 1805 ൽ ജനിച്ച ചാവറ അച്ചന് അപ്പോൾ വയസ്സ് 51. പാലക്കുന്നത് അബ്രഹാം മല്പാൻ 1796 ലും വൈകുണ്ഠ സ്വാമികൾ 1809 ലും നായർ സമുദായത്തിന്റെ പരിഷ്ക്കരണത്തിനുവേണ്ടി യത്നിച്ച ചട്ടമ്പി സ്വാമികൾ 1854 ലും, പുലയർ ഉൾപ്പെടെയുള്ള അധഃസ്ഥിത ജനവിഭാഗങ്ങളുടെ മോചനത്തിന് നേതൃത്വം നൽകിയ മഹാത്മ അയ്യങ്കാളി 1863 ലും, മലബാറിലെ തീയ്യരുടെ പുരോഗതിയ്ക്കുവേണ്ടി യത്നിച്ച വാഗ്ഭടാനന്ദൻ 1884 ലും, അരയസമുദായ നേതാവായ പണ്ഡിറ്റ് കെ. പി. കുറുപ്പൻ 1885 ലും, മുസ്ലീം സമുദായനേതാവായ വക്കം അബ്ദുൾഖാദർ മൗലവി 1873 ലും, നമ്പൂതിരി സമുദായത്തിനുവേണ്ടി ശബ്ദിച്ച വി. ടി. ഭട്ടതിരിപ്പാട് 1896 ലും, ശ്രീ മന്നത്ത് പദ്മനാഭൻ 1873 ലുമാണ് ജനിച്ചത്. ചാവറ അച്ചൻ 1829 ആയപ്പോഴേയ്ക്കും നവോത്ഥാന മേഖലയിൽ ശക്തമായി ഇടപെട്ട് തുടങ്ങിയിരുന്നതായി ചരിത്രത്താളുകളിൽ കാണുന്നു. മിഷനറിമാരുടെ പ്രവർത്തനങ്ങളിലൂടെ ആരംഭിച്ച ഇടപെടലുകളാണ്, ശ്രീ നാരായണ ഗുരു ജനിക്കുന്നതിനുമുമ്പ്, താഴ്ന്ന ജാതിക്കാരെ അടക്കിവാണിരുന്ന അടിമത്ത സമ്പ്രദായത്തിന് അറുതിവരുത്തിക്കൊണ്ടുള്ള രാജകീയ വിളമ്പരം പുറപ്പെടുവിക്കുവാൻ ഇടവരുത്തിയത്. സാമൂഹിക പരിവർത്തനത്തിനുവേണ്ടി മിഷനറിമാരും ക്രൈസ്തവസമൂഹവും ആളും അർത്ഥവും നല്കി കഠിനമായി ശ്രമിച്ചുകൊണ്ടിരു

ന്നപ്പോൾ, ആ ശ്രമങ്ങളൊക്കെ അട്ടിമറിയ്ക്കാനുള്ള ശ്രമങ്ങളും സവർണ്ണരുടെ ഭാഗത്തുനിന്നും കേരളത്തിൽ നടക്കുന്നുണ്ടായിരുന്നു. സാമൂഹിക-രാഷ്ട്രീയ-ഭരണ-രംഗങ്ങളിൽ സവർണ്ണർക്ക് ആധിപത്യമുണ്ടായിരുന്നതിനാൽ സാമൂഹിക പരിവർത്തനങ്ങൾ നേടിയെടുക്കുവാൻ മിഷനറിമാരും തദ്ദേശിയ വൈദികരും ഏറെ പരിശ്രമിക്കേണ്ടി വന്നു. മിഷനറിമാരുടെ ഇടപെടലുകൾകൊണ്ട് വിമോചനം നേടിയ കീഴാള സമുദായങ്ങളിലെ ഇന്നത്തെ ചില നേതാക്കന്മാർതന്നെ കേരള നവോത്ഥാനത്തിൽ ക്രൈസ്തവർക്ക് ഒരു പങ്കുമില്ലെന്നു പറയുന്നത് വലിയ വിരോധാഭാസമായി തോന്നുന്നു. ഇത് ചരിത്ര അജ്ഞതയോ അതോ കാപട്യമോ? അടിമകളായി പാടത്ത് പണിയെടുക്കുകയും, മൃഗങ്ങളെപോലെ ചങ്ങലകളിൽ ബന്ധിക്കപ്പെട്ട് പറമ്പിലെ ഷെഡ്ഡുകളിൽ കിടന്നുറങ്ങുകയും ചന്തകളിൽ ക്രമവിക്രയം ചെയ്യപ്പെടുകയും ചെയ്തിരുന്നവർക്ക് സ്വാതന്ത്ര്യം ലഭ്യമാക്കുകയും ഉടുക്കാൻ വസ്ത്രവും പാർക്കാൻ വീടും ഉണ്ണാൻ ഭക്ഷണവും നല്കുകയും പള്ളിക്കുടങ്ങളിൽ പ്രവേശനം നല്കി വിദ്യ അഭ്യസിപ്പിച്ച്, എഴുതാനും വായിക്കാനും പഠിപ്പിക്കുകയും ചെയ്തവരുടെ പിന്മുറക്കാരായി വന്ന നേതാക്കന്മാർ 'അന്നം കൊടുത്ത കരത്തിൽ കടിക്കുന്ന'തോടൊപ്പം സമൂഹമാകെ വിഷം ചീറ്റുന്നതുമാണ് 2019 ന്റെ ആരംഭത്തിൽ കേരളം കണ്ടത്. ഇത് വർഗ്ഗീയതയ്ക്ക് വളമിടലാണോ എന്നൊരു സന്ദേഹം. ചരിത്രം മറയ്ക്കാനുള്ള ഹീന തന്ത്രം.

**ഉപസംഹാരം**

കേരളത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ജാതിവ്യവസ്ഥയിൽനിന്നും, താഴ്ന്ന ജാതിക്കാർ അനുഭവിച്ചിരുന്ന അടിമത്തത്തിൽനിന്നും അജ്ഞതയിൽനിന്നും സാമാന്യജനങ്ങൾക്ക് വിമുക്തി നേടിക്കൊടുക്കുവാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചത് ക്രൈസ്തവ മിഷനറിമാരും വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചനെപോലുള്ള തദ്ദേശിയ ക്രൈസ്തവ പുരോഹിതരുമായിരുന്നു എന്നും, അതിനവർ പ്രധാനമായി ആശ്രയിച്ചത് വിദ്യാഭ്യാസമേഖലയെ ആയിരുന്നു എന്നുമുള്ള ചരിത്രസത്യത്തെ കണ്ടെത്താനൊരു ശ്രമമായിരുന്നു മുൻ താളുകളിൽ ചെയ്തത്. നവോത്ഥാന മൂല്യങ്ങൾ ഭൂരിപക്ഷ ജനങ്ങളുടെ ബുദ്ധിയെ ഗ്രസിക്കുമ്പോഴാണല്ലോ സാമൂഹിക മാറ്റം സംഭവിക്കുന്നത്. അതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം വിദ്യാഭ്യാസവും. മിഷനറിമാരും കേരളത്തിലെ ക്രൈസ്തവസഭയും അത് അതിവിദഗ്ദമായി പ്രയോജനപ്പെടുത്തി. കേരളജനത ഇന്നനുഭവിക്കുന്ന നന്മകൾ അതിന്റെ ഫലവും.

**കടപ്പാട്**


**എ. ശ്രീധരമേനോൻ**
കേരളചരിത്രം, ഡി. സി. ബുക്സ്

**എ. ശ്രീധരമേനോൻ**
കേരള രാഷ്ട്രീയചരിത്രം (1885– 1997) ഡി. സി. ബുക്സ് 2013.

**ജോൺ കച്ചിറമറ്റം**
ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും, ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ, പിഴക്, 2000

**എം. ജി. എസ്. നാരായണൻ**

ചരിത്രകാരന്റെ കേരളദർശനം, പ്രിയദർശനി പബ്ലിക്കേഷൻസ് സൊസൈറ്റി, തിരുവനന്തപുരം 2011.

**പ്രൊഫ. എസ്. അച്ചുതവാര്യർ**
കേരളസംസ്ക്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.

**ഡോ. എൻ. സാം**
'മിഷനറിമാർ സൃഷ്ടിച്ച സാംസ്കാരിക നവോത്ഥാനം', താലന്ത്, മാർച്ച് 2019.

**ജോസ് തളിയത്ത്**
'ഉഴവുകാളയ്ക്കു പകരം അവർണർ, കേരളസഭ, ഫെബ്രുവരി 2019.

**ഡോ. കുര്യാസ് കുമ്പളക്കുഴി**
കേരള നവോത്ഥാനം വസ്തുതയും വർത്തമാനവും, കാരുണികൻ, ജനുവരി 2019.

**ഡോ. ജോർജ്ജ് കെ. അലക്സ്**
'പ്രകാശിതനായ പ്രകാശിത' : മാർത്തോമ്മാസഭ കേരളീയ നവോത്ഥാനത്തിൽ, മലങ്കര സഭാതാരക, ജനുവരി 2019.

**ഡോ. കെ. എം. ഫ്രാൻസിസ്**
വനിതാമതിലും നവോത്ഥാനവും, ക്രൈസ്തവ കാഹളം, ജനുവരി 2019.

**മാർഷൽ ഫ്രാങ്ക്**
'പഴമുറംകൊണ്ട് സുര്യനെ മറയ്ക്കുന്നവർ', വിശ്വധർമ്മം, ജനുവരി, 2019.

# വിദ്യാഭ്യാസത്തിന്റെ നൂതന കാഴ്ചപ്പാടുകൾ



**Dr.K.V.Thomaskutty Kaimalayil**
Former Principal,
St. Johns College, Anchal



കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കും അനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. ആഗോളതലത്തിൽ പൊതുവിദ്യാഭ്യാസത്തിന്റെ അഭൂതപൂർവമായ വ്യാപനത്തിന് ഇരുപതാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. വ്യവസായിക വിപ്ലവവും നഗരവത്ക്കരണവും രൂപപ്പെടുത്തിയ സാമൂഹ്യ സാഹചര്യത്തിൽ, സമൂഹത്തിനാവശ്യമായ മൂല്യബോധം നൽകുന്നതിനും ഒരു സാമൂഹ്യജീവിയായി മനുഷ്യനെ രൂപപ്പെടുത്തുന്നതിനും വിദ്യാലയങ്ങളും അധ്യാപകരും സാർവത്രികമായി അംഗീകരിക്കപ്പെട്ട വിഭാഗമായി വളർന്നുവന്നു (The Rule of Sociological Method -1895, Emile Durkheim). കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം പലമടങ്ങായി വർധിച്ചു. ന്യൂ ജനറേഷൻ കോഴ്സുകളും സ്ഥാപനങ്ങളും രംഗപ്രവേശം ചെയ്തു. കോളേജുകളുടെയും, സർവ്വകലാശാലകളുടെയും സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എണ്ണത്തിൽ വലിയ വർധനയുണ്ടായി. എന്നാൽ, ഇരുപത്തൊന്നാം നൂറ്റാണ്ട് പരമ്പരാഗത വിദ്യാഭാസത്തിന്റെ കെട്ടുപാടിൽനിന്നും ശാസ്ത്ര-സാങ്കേതിക വിജ്ഞാനത്തിന്റെ പിൻബലത്താൽ വളരെ നൂതനമായ വിദ്യാഭ്യാസ പരിസ്ഥിതിയാണ് രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഭാരത കത്തോലിക്കാ വിദ്യാഭ്യാസ നയത്തിന്റെയും (All India Catholic Education Policy 2007), പ്രമാണരേഖകളുടെയും (Declaration on Christian Education, proclaimed by His Holiness Pope Paul VI on October 28, 1965) പശ്ചാത്തലത്തിൽ ഈ നൂതന സങ്കേതങ്ങളെ നമ്മുടെ സാഹചര്യത്തിൽ പരിചയപ്പെടാനുള്ള പരിശ്രമമാണ് ഈ ലേഖനം

**സമഗ്ര ബോധന പ്രക്രിയ**

നാം ഇപ്പോൾ ഇരുപത്തൊന്നാം നൂറ്റാണ്ടിലാണെങ്കിലും, നമ്മുടെ വിദ്യാഭ്യാസ സംവിധാനം ഇനിയും കഴിഞ്ഞ നൂറ്റാണ്ടു കടന്നിട്ടില്ല. ഇരുപതാം നൂറ്റാണ്ടിലെ വിദ്യാഭ്യാസത്തിന്റെ ഒരു സവിശേഷത മുൻകൂട്ടി തയ്യാറാക്കിയ സിലബസിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പഠനപ്രക്രിയയാണ്. പുതിയ നൂറ്റാണ്ടോടെ അതിനു കാതലായ മാറ്റം വന്നു. വിദ്യാർഥിയുടെ ശ്രദ്ധ പിടിച്ചുനിർത്തുന്നതിനും മുഴുവൻ അറിവും ഫലപ്രദമായി പകർന്നു കൊടുക്കുന്നതിനും 'ചോക്ക് ആൻഡ് ടോക്ക്' അധ്യയനമാർഗ്ഗം മതിയാവില്ല എന്ന തിരിച്ചറിവ് വലിയ മാറ്റങ്ങൾക്കാണ് വാതിൽ തുറന്നത്. പരമ്പരാഗത പഠനരീതിയുടെ പരിമിതികൾ മറി

കടക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തലുകൾക്കായി. വിദ്യാർഥിയുടെ പങ്കാളിത്തത്തോടെ, തൊട്ടറിഞ്ഞുള്ള പഠനരീതികൂടി ഉൾച്ചേർത്ത് സമഗ്രമായ ബോധന പ്രക്രിയയാണ് മിക്ക വികസിത രാജ്യങ്ങളിലും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അറിവിന്റെ കാര്യത്തിൽ കഴിഞ്ഞ ഒരു ദശാബ്ദം വലിയ കുതിച്ചു ചാട്ടമാണ് നടത്തിയിട്ടുള്ളത്. നിർമ്മിത ബുദ്ധിയുടെയും ബിറ്റ്കോയിന്റെയും വിവിധോന്മുഖ ബുദ്ധിക്ഷമതയുടെയും കാലത്ത് ശാസ്ത്ര-വിവര സാങ്കേതികവിദ്യകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ സമാനതകളില്ലാത്തതും അവിശ്വസനീയവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് നമുക്ക് സാധിക്കും.

### 'കൺസ്ട്രക്റ്റിവിസ്റ്റ്' ചിന്താഗതി

നിശ്ചിത സിലബസ് സമയബന്ധിതമായി പഠിപ്പിച്ചു തീർക്കുന്ന അധ്യാപക കേന്ദ്രിത സമ്പ്രദായത്തിൽ നിന്ന്, വിദ്യാർഥികേന്ദ്രിത പഠനരീതിയിലേക്കുള്ള മാറ്റം ഇരുപതാം നൂറ്റാണ്ടിന്റെ അവസാന നാളുകളിൽത്തന്നെ വികസിത രാജ്യങ്ങളിൽ ശക്തിപ്പെട്ടിരുന്നു. വിദ്യാഭ്യാസ മനഃശാസ്ത്രത്തിലെ നൂതന ചിന്താധാരകളുമായി പൊരുത്തപ്പെടുന്ന മാറ്റങ്ങളാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. നിഷ്ക്രിയ സ്വീകരണത്തിന്റെ സ്ഥാനത്ത് സജീവ പങ്കാളിത്തത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും വിദ്യാർഥി അർത്ഥവത്തായ അറിവ് സമ്പാദിക്കുകയും പുതിയ അറിവ് സൃഷ്ടിക്കുകയും ചെയ്യുന്ന പ്രക്രിയയായി പഠനത്തെ മാറ്റിയെടുക്കുന്ന 'കൺസ്ട്രക്റ്റിവിസ്റ്റ്' ചിന്താഗതിക്കാണിന്ന് മുൻതൂക്കം. പൊതുവിദ്യാലയങ്ങളിൽ മാത്രമല്ല, സി.ബി.എസ്.ഇ വിദ്യാലയങ്ങളിലും ഈ മാറ്റം പ്രകടമാണ്. വിദ്യാർഥിയുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അറിവിന്റെ കനൽ ജ്വലിപ്പിക്കുവാൻ സഹായിക്കുകയാണ് അധ്യാപകന്റെ ദൗത്യമെന്ന ശാസ്ത്രീയ സിദ്ധാന്തത്തിനാണിന്നു സ്വീകാര്യത.

### 'ലേണിങ് സ്റ്റുഡിയോ'

ക്ലാസ്സ്മുറിയുടെ ശൈലിയിലും സമീപനത്തിലും കാതലായ മാറ്റമാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ സിലബസും പാഠങ്ങളും പഠനം തുടങ്ങുമ്പോഴേക്കും കാലഹരണപ്പെട്ടുപോകുന്നത്ര വേഗത്തിലാണ് വിജ്ഞാനത്തിന്റെ വളർച്ച. ഓരോ ദിവസവും പുതിയ അറിവും കണ്ടെത്തലുകളും അറിവിന്റെ ലോകത്തെ സമ്പന്നമാക്കുന്നു. അതുകൊണ്ടുതന്നെ വർഷങ്ങൾക്കു മുൻപുണ്ടാക്കിയ സിലബസിനു പകരം 'വെബ് ബേസ്ഡ്' പഠനധാരയ്ക്കാണ് ഇന്ന് പ്രാമുഖ്യം. പുതിയ അറിവ് സ്വീകരിക്കുന്നതിനും അതിൽനിന്നും പുതിയ അറിവുകൾ സൃഷ്ടിക്കുന്നതിനും സഹായകമായ വിധത്തിൽ ക്ലാസ്സുമുറി 'ലേണിങ് സ്റ്റുഡിയോ' ആയി മാറിക്കൊണ്ടിരിക്കുന്നു. നിശ്ചിത അധ്യാപകന്റെ അറിവിന്റെ പരിധിയോ പരിമിതിയോ ഇവിടില്ല. പഠനമേഖലയിൽ ലോകത്തെവിടെയുമുള്ള പ്രഗത്ഭരെ കേൾക്കുന്നതിനും, ചർച്ച ചെയ്യുന്നതിനും യോജിച്ചു പ്രവർത്തിക്കുന്നതിനും ഉള്ള അനന്ത സാധ്യതകളാണ് 'ലേണിങ് സ്റ്റുഡിയോ' എന്ന ആധുനിക ക്ലാസ് മുറികൾ നൽകുന്നത്. ഇത് കുട്ടിയുടെ ബൗദ്ധിക വികാസത്തിനും പരിധിയില്ലാത്ത വളർച്ചക്കും പുതിയ അറിവുകൾ സൃഷ്ടിക്കുന്നതിനും സഹായിക്കും. ഇവിടെ ക്ലാസ് മുറി ഒറ്റപ്പെട്ടു നിൽക്കുകയല്ല, മറിച്ച് ലോകത്താകമാനമുള്ള വിജ്ഞാന സ്രോതസ്സുമായി അനുനിമിഷം ബന്ധപ്പെട്ടുകിടക്കുകയാണ്. കേവലം പ്രാദേശിക ക്ലാസ് മുറിയിൽനിന്നും അന്തർദേശീയ തലത്തിൽ വളരുന്നതിനും അംഗീകരിക്കപ്പെടുന്നതിനുമുള്ള വാതിലുകളാണ് പുതിയ സംവിധാനം കുട്ടികൾക്ക് മുൻപിൽ തുറന്നിടുന്നത്. സമർഥരായ വിദ്യാർഥികൾക്ക് അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്നതിന് ഒട്ടനവധി പരിശീലന മത്സരവേദികളാണുള്ളത്. ഗൂഗിൾ സയൻസ് ഫെയർ, അമേരിക്കൻ ക്ലേ മാത്തമാറ്റിക്സ് ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ജോഗ്രഫിക് മത്സരങ്ങൾ തുടങ്ങി അനവധി അന്തർദേശീയ വേദികളാണുള്ളത്. ഇപ്രകാരം നമ്മുടെ ക്ലാസ് മുറികൾ 'ലേണിങ് സ്റ്റുഡിയോ' ആയി രൂപാന്തരപ്പെടുകയും, വെബ് ബേസ്ഡ് സിലബസ് പിന്തുടരുകയും ചെയ്യുമ്പോൾ നാം അറിയാതെതന്നെ, അന്തർദേശീയ തലത്തിൽ മാറ്റുരയ്ക്കാവുന്ന മികവിലേക്കു നമ്മുടെ കുട്ടികൾ എത്തിച്ചേരും.

### തുടർ മൂല്യനിർണയം

വർഷത്തിന്റെ അവസാനം വാർഷിക പരീക്ഷയിലൂടെ കുട്ടിയുടെ കഴിവ് അളന്നു കുറിക്കുന്ന രീതി അശാസ്ത്രീയമാണെന്ന തിരിച്ചറിവ് ഇന്ന് ഏറെക്കുറെ പ്രബലമാണ്. ബഹുമുഖ ബുദ്ധിയെക്കുറിച്ചുള്ള അറിവ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഗണ്യമായ മാറ്റങ്ങൾക്കു വഴി തുറന്നു. ഓരോ കുട്ടിയിലും പ്രമുഖമായി നില്ക്കുന്ന ഒന്നോ രണ്ടോ അതിലധികമോ ബുദ്ധിഘടകങ്ങളുണ്ടാവും. എല്ലാവരിലും എല്ലാ ഘടകങ്ങളും ഒരേ അളവിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. പാടാനോ, എഴുതാനോ, ചിത്ര രചനയിലോ, പ്രസംഗിക്കാനോ, യുക്തിപരമായ കാര്യങ്ങളിൽ

ഇടപെടാനോ, കായിക അദ്ധ്വാനം ആവശ്യമുള്ള കാര്യങ്ങളിലോ ഉള്ള താൽപര്യങ്ങൾ പാഠ്യവിഷയങ്ങളിലുള്ള താല്പര്യത്തോടൊപ്പം വ്യത്യസ്ത അനുപാതത്തിൽ കുട്ടികളിൽ കാണാം. കുട്ടിയുടെ ബഹുമുഖ ബുദ്ധിവൈഭവം തിരിച്ചറിഞ്ഞ്, സമഗ്ര വളർച്ചക്ക് സഹായകമായവിധം വഴിതിരിച്ചുവിടാനും, പ്രോത്സാഹിപ്പിക്കാനും കഴിയുന്ന തുടർ മൂല്യനിർണയരീതിയാണ് അവലംബിക്കേണ്ടത്.

**'വിദ്യാഭ്യാസ വ്യാവസായിക ബന്ധം'**

അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഏതു രാജ്യത്തിന്റെയും വലിയ സമ്പാദ്യമാണ്. കാർഷിക വ്യാവസായിക, വാണിജ്യ, ശാസ്ത്ര സാങ്കേതിക മേഖലകളുടെ പരിപോഷണവും നവീകരണവും വിദ്യാഭ്യാസ മേഖലയുടെ വളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസവും നൈപുണ്യവുമുള്ള മാനവശേഷി ഏതു വികസിതരാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയുടെ അടിത്തറയാണ്. വിദ്യാഭാസമേഖലയിലെ പഠനഗവേഷണങ്ങളുടെയും നവീനാശയ രൂപീകരണങ്ങളുടെയും പരിണിതഫലമായി ഉത്പാദനമേഖലയിലെ വളർച്ചക്കും വികസനത്തിനും ആവശ്യമായ സാങ്കേതികവിദ്യയും മാനവശേഷിയും പ്രദാനം ചെയ്യുവാനുള്ള ദൗത്യമാണ് വിദ്യാഭ്യാസ മേഖലയ്ക്കുള്ളത്. നമ്മുടെ വിദ്യാഭ്യാസമേഖല പടർന്നു പന്തലിച്ചെങ്കിലും ആ വളർച്ചക്ക് ആനുപാതികമായ മുന്നേറ്റം വ്യവസായിക വാണിജ്യമേഖലകളിൽ ഉണ്ടായില്ല. നാടിന്റെ ഉത്പാദന സേവനമേഖലകളും സാമ്പത്തികരംഗം പൊതുവെയും നേരിടുന്ന വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പാകത്തിൽ വിദ്യാഭ്യാസ മേഖലയെ പരിവർത്തനം ചെയ്യുവാൻ നമുക്ക് കഴിഞ്ഞില്ല. വർഷങ്ങളുടെ പാരമ്പര്യവും തലയെടുപ്പും അവകാശപ്പെടുന്ന സ്ഥാപനങ്ങൾപോലും സവിശേഷമായ നൈപുണ്യമോ ഉൽപാദന മേഖലകളെ ത്വരിതപ്പെടുത്തുവാൻ പര്യാപ്തമായ വിശേഷ സംഭാവനകളോ നൽകാൻ കഴിയാതെ കേവലം 'നിലനിൽക്കുക' മാത്രം ചെയ്യുന്നു. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയും ഉന്നതവിദ്യാഭ്യാസ മേഖലയും ഇനിയും ഇതിനോട് പ്രതികരിക്കുവാൻ അനുയോജ്യമായ കാലാവസ്ഥയിലല്ലതാനും. രാജ്യത്തിന്റെ സമഗ്ര വളർച്ചക്കാവശ്യമായ പ്രാഗത്ഭ്യവും നൈപുണ്യവുമുള്ള മാനവശേഷി ഉല്പാദിപ്പിക്കാൻ തക്കവിധം നമ്മുടെ വിദ്യാഭ്യാസമേഖല സജ്ജമാകേണ്ടതുണ്ട്.

ഗവേഷണകേന്ദ്രങ്ങളുമായി ജൈവിക ബന്ധം

ദേശീയ പ്രാധാന്യമുള്ള ഒരുപിടി ഗവേഷണ കേന്ദ്രങ്ങളും ദേശീയ പഠനകേന്ദ്രങ്ങളും കേരളത്തിലുണ്ട്. കാസർഗോഡുള്ള സെൻട്രൽ പ്ലാന്റേഷൻ ക്രോപ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് കോഴിക്കോട്, സെൻട്രൽ ട്യൂബർ ക്രോപ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ കാർഷികമേഖലയിലെ ഓരോ വിളകൾക്കും ഗവേഷണകേന്ദ്രങ്ങൾ ഇവിടുണ്ട്. അടുത്തകാലത്ത് നിലവിൽവന്ന ചില ദേശീയ പഠനകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, തിരുവനന്തപുരം ഐസെർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി പാലക്കാട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കണ്ണൂർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കണ്ണൂർ മുതലായവ. എന്നാൽ ഈ ഗവേഷണകേന്ദ്രങ്ങളും നമ്മുടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ ഒരു ജൈവിക ബന്ധം ഇനിയും ഉണ്ടായിട്ടില്ല. പഠന ഗവേഷണങ്ങളുടെ സത്ഫലങ്ങൾ പൊതുസമൂഹത്തിനു ലഭ്യമാക്കാനും സാധാരണ ജനത്തിന്റെ ജീവിതനിലവാരം ഉയർത്താനും ദേശീയ പ്രാധാന്യമുള്ള ഗവേഷണ കേന്ദ്രങ്ങളുമായി ഇഴയടുപ്പമുള്ള ബന്ധവും അറിവിന്റെ വിനിമയവും നടക്കേണ്ടതുണ്ട്.

അഞ്ചു വയസ്സായ എല്ലാവരെയും സ്കൂളിൽ എത്തിക്കാൻ കഴിഞ്ഞത് നമ്മുടെ മികവാണ്, സംശയമില്ല. എന്നാൽ സ്കൂളിൽ എത്തുന്ന എല്ലാവരെയും പതിനെട്ട് വയസ്സിൽ കോളേജിൽ എത്തിക്കാനുള്ള പരിശ്രമം ഒരു വികസ്വര രാജ്യത്തിന് അഭികാമ്യമല്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവ് പുലർത്താൻ കഴിയുന്നവർ പഠന ഗവേഷണപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകേണ്ടതുണ്ട്. എന്നാൽ വിവിധ മേഖലകളിൽ സിദ്ധിയും, വാസനയുമുള്ള ധാരാളം യുവജനങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കുവാനോ, ആവശ്യമായ നൈപുണ്യം നേടാനോ ആവാതെ പിന്തള്ളപ്പെട്ടുപോകുന്ന കാഴ്ച ഇന്ന് സർവ്വസാധാരണമാണ്. ശാരീരികാദ്ധ്വാനമില്ലാത്ത ഒരു തൊഴിൽ കിട്ടുംവരെ പ്രത്യേകിച്ചൊരു ലക്ഷ്യമില്ലാതെ പഠിച്ചുകൊണ്ടിരിക്കുന്ന യുവജനങ്ങൾ നല്ല സൂചനയല്ല നൽകുന്നത്.

സ്കൂൾതലത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യം നല്കുന്നതിനാരംഭിച്ച വി.എച്ച്.എസ്.ഇ ഇന്ന് അത്ര മെച്ചമായ അവസ്ഥയിലല്ല. പത്താം ക്ലാസിനുശേഷം വിദ്യാർഥികളെ അവരുടെ അഭിരുചിക്കനുസരിച്ചു വിവിധ തൊഴിൽ മേഖലകളി

ലേക്ക് തിരിച്ചുവിടുന്നതിനും തെരഞ്ഞെടുക്കുന്ന മേഖലയിൽ പരിശീലനവും തൊഴിൽ നൈപുണ്യവും നൽകുന്നതിനുമാണ് വി.എച്ച്.എസ്.ഇ ആരംഭിച്ചത്. തെരഞ്ഞെടുത്ത മേഖലയിൽ തൊഴിൽ നൽകി, ആ മേഖലയിൽ തുടർപഠനത്തിനും കൂടുതൽ വൈദഗ്ധ്യം നേടുന്നതിനുമുള്ള സൗകര്യം ഒരുക്കേണ്ടതിനുപകരം പ്ലസ് ടു സയൻസ് സിലബസ് കൂടി പഠിപ്പിച്ച് സർവകലാശാല പഠനത്തിന് വാതിൽ തുറന്നു കൊടുത്തതിന്റെ അപകടം ഇനിയും നാം തിരിച്ചറിഞ്ഞിട്ടില്ല. തെരഞ്ഞെടുത്ത തൊഴിൽരംഗത്ത് വിദഗ്ദ്ധ തൊഴിലാളി ആയില്ല എന്ന് മാത്രമല്ല, ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികവ് പുലർത്താനും ആയില്ല. വേണ്ടത്ര ആലോചനയില്ലാത്ത ഇത്തരം പരിഷ്കാരങ്ങൾ നമ്മുടെ വിദ്യാഭാസ മേഖലക്കുണ്ടാക്കിയ തിരിച്ചടികൾ ചില്ലറയല്ല.

വിവര സാങ്കേതികതയുടെ മേഖലയിൽ നമ്മുടെ പൊതുവിദ്യാഭ്യാസമേഖല നടത്തിയ ഇടപെടലുകൾ വളരെ പ്രശംസാർഹമാണ്. ഐ സി ടി വിദ്യാഭ്യാസംകൊണ്ട് ലോകം വിഭാവന ചെയ്ത പ്രയോജനം നമ്മുടെ വിദ്യാർഥികൾക്ക് സമഗ്രമായി ലഭിച്ചില്ല എങ്കിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ കേരളം ഏറെ മുന്നോട്ടു പോയി എന്നതിൽ സംശയമില്ല.

**ഉന്നതവിദ്യാഭ്യാസ രംഗം**

നമ്മുടെ സർവ്വകലാശാലകൾ രാഷ്ട്രീയ പടലപ്പിണക്കങ്ങളുടെയും പ്രതികാര പരിഷ്കാരങ്ങളുടെയും കേന്ദ്രമായി. അക്കാഡമിക് വിദഗ്ധരുടെ അഭിപ്രായങ്ങളേക്കാൾ രാഷ്ട്രീയ കക്ഷികളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും നടപ്പാക്കാനുള്ള വേദിയായാണ് ഇന്നു മിക്ക അക്കാഡമിക് കമ്മിറ്റികളും. സർവകലാശാല സെനറ്റും സിൻഡിക്കേറ്റും രാഷ്ട്രീയ നിലപാടുകൾക്കനുസരിച്ചാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. അപൂർവ്വമായിപോലും സർവകലാശാലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാനുള്ള ചർച്ചകൾ ഉണ്ടാവാറില്ല, അത്തരം ചർച്ചകൾ ഉണ്ടാവാത്തത് ആരെയും അലോസരപ്പെടുത്തുന്നുമില്ല. അടുത്തകാലത്ത് കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് വിദ്യാർഥികൾ സമരം ചെയ്തത് നിശ്ചിത നിലവാരമില്ലാത്തവരെയും വിജയിപ്പിക്കണം എന്ന ആവശ്യത്തിന്മേലാണ്. സർവകലാശാലയുടെ നിലവാരം ഉയർത്തുന്നതായിരുന്നില്ല ആരുടേയും മുന്തിയ പരിഗണന. അടുത്തകാലത്ത് നടന്ന ഒരു പഠനം വെളിപ്പെടുത്തുന്നത് കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നാല്പതു ശതമാനത്തോളം കുട്ടികൾ ഉന്നതവിദ്യാഭ്യാസത്തോടു താല്പര്യം ഉള്ളവരോ പ്രത്യേക ലക്ഷ്യമുള്ളവരോ അല്ല എന്നാണ്. ഉന്നത വിദ്യാഭ്യാസ മേഖലയെപ്പറ്റിയുള്ള വർത്തമാനകാല കാഴ്ചപ്പാട് വ്യത്യസ്തമാണ്. സമഗ്ര വളർച്ചക്ക് സഹായകമായ ഭൗതിക, ബൗദ്ധിക സാഹചര്യങ്ങളോടൊപ്പം, വളരെ പ്രധാനമായും കലാലയത്തിന്റെ മേന്മ നിശ്ചയിക്കുന്നത് അത് ഉത്പാദിപ്പിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലാണ്. അറിവ് സൃഷ്ടിക്കപ്പെടുന്ന ഇടമാകണം ക്യാമ്പസുകൾ.

**സ്വതന്ത്ര ബൗദ്ധിക കേന്ദ്രങ്ങൾ**

കേരളം വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വളരെയാണ്. നവോത്ഥാന നായകന്മാരുടെ ശക്തമായ ഇടപെടലുകളും നിശ്ചയദാർഢ്യവും അനുകൂല ബൗദ്ധിക ഭൗതിക സാഹചര്യങ്ങളും പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തി. എന്നാൽ സവിശേഷ അറിവിന്റെയും നൈപുണ്യത്തിന്റെയും കാലത്ത് നമ്മുടെ അവസ്ഥ ദയനീയമാണ്. ഒരു വലിയ മാറ്റത്തിന് നാമാകെ മാറണം. രാഷ്ട്രീയ നേതൃത്വത്തിന് പരീക്ഷിക്കാനും, പ്രതിഷേധിക്കാനും, നിയന്ത്രിക്കാനും, സ്വാധീനിക്കാനും, വികലമാക്കാനും സാധിക്കുന്ന പൊതുസ്ഥലം എന്നതിൽനിന്നും ഗൗരവമായ പഠനത്തിനും, ഗവേഷണത്തിനും, സ്വതന്ത്ര സംവാദങ്ങൾക്കും, പുതിയ കണ്ടെത്തലുകൾക്കും ഇടമുള്ള സ്വതന്ത്ര ബൗദ്ധിക കേന്ദ്രങ്ങളാകണം നമ്മുടെ സർവകലാശാലകളും ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളും. ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങളെ ഉൾക്കൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങളും കലാശാലകളും മാറണം. കാലഹരണപ്പെട്ട പഠനക്രമത്തിൽനിന്നും നമ്മുടെ ഉന്നത വിദ്യാഭ്യാസമേഖല സ്വതന്ത്രമാകണം. ഭൗതിക സൗകര്യങ്ങളും സ്മാർട്ട് ക്ലാസും നിലവാരം ഉയർത്തും എന്ന തെറ്റിദ്ധാരണയിലാണ് നാം ജീവിക്കുന്നത്. സ്വാർത്ഥതാല്പര്യമില്ലാതെ പൊതുനന്മ മാത്രം ലാക്കാക്കി ജീവിതം സമർപ്പിച്ച, ഇന്ന് നാം അഭിമാനിക്കുന്ന നേട്ടങ്ങൾക്ക് കാരണക്കാരായ മഹാരഥന്മാരുടെ സംഭാവനകൾക്കു മുൻപിൽ തല കുനിക്കാം. വർത്തമാനകാലം വച്ചുനീട്ടുന്ന നൂതനാശയങ്ങളും സങ്കേതങ്ങളും ഫലപ്രദമായി ഉപയോഗിച്ച് ക്ലാസ്സ്മുറിയിൽനിന്നും അനന്തസാധ്യതകളുടെ വിശാല ലോകത്തേക്കുള്ള പ്രയാണത്തിന് തയ്യാറാകാം.

# INCLUSIVE EDUCATION

## THE NEED OF THE HOUR



**Dr. Susan George**
(Rtd. P.G. Teacher Tiruvalla)

Ancient India recognised education as of supreme value in human life. The quality of human life was elevated by inculcating high moral values to a child at a young age. Social ideas and spiritual values also were given prime importance in education. As a result, a child was able to form a strong character which was useful for his own self and also for the society of which he was a part of.

Ancient India had an education system which was totally unique in its implementation, curriculum, method of teaching and period of study. The teacher or guru was held in great reverence by the students. The Gurukul system of education was residential in nature, with pupils living in close proximity with the gurus/teachers. They resided as equals irrespective of their social status and learnt from the gurus. The gurus imparted knowledge from the Vedas and the pupils in turn helped him in all aspects of his day to day life. No work was too menial for the pupils. They learnt to respect their guru and also to share and care for each other as their own brothers and lived as a single community of equals. Correction and punishment were taken in its true sense and spirit. The field of study depended on the interest of each student to pursue knowledge. The whole system was entirely unique to ancient India. The success of this education system depended on the exchange of ideas between teacher and pupils. The parents of the pupils entrusted their ward entirely to the guru. "Matha, Pitha, Guru, Deivam" was the slogan chanted unanimously by pupils and parents alike. At the end of their education, a 'gurudakshina' was offered to the guru as a token of gratitude. This was also a gesture of respect and acknowledgement to their teacher.



Slowly changes were brought into the education system by the introduction of The English Education Act 1835 by Lord William Bentick, the Governor-General of British India at that time. The Gurukul system which was purely in Sanskrit was discouraged and the Western learning system which was considered to be superior gained momentum. This was supported by Lord Macaulay who immediately gave orders to stop the printing of Sanskrit and Arabic books by the East India Company. The Act took a negative attitude to traditional education and vernacular language education continued to receive little funding. Gradual-

ly Sanskrit language lost its importance and English medium schools and colleges spread across India. Only the people educated in the new system of education were considered eligible for government jobs. This created a chaos at that time, but eventually the people started opting for western education as a means of survival. Lord Macaulay made sure that the Indians get western education by his implementation policies through the English education Act of 1835.

This type of education was totally job oriented. People clamoured to compete for jobs and money and a luxurious life. The moral and spiritual values that were inculcated during the Gurukul days started waning. Reverence for teachers, comradeship among students, respect for parents and other values which were held in high esteem in Indian families started losing its importance.

At this present age, education has become totally commercialised. The Western system has developed into the present state where neither knowledge nor values are honoured by the students. Money, politics and corruption in all forms play a major role in Indian education system. Everywhere we hear about crimes being committed by adolescents and students. It is indeed pathetic and heart rending to see their disrespect for women and insensitivity to children. Education in the present age has failed to serve its purpose in India. Children are not taught to live as human beings anymore. In other words they are turning out to be more criminal minded. Where then has the value of education or knowledge imparted to them gone?

Every educationist should feel immensely disappointed whenever they hear a crime reported. They should acknowledge that they have failed miserably in their duty. This can be changed only if education regains its true meaning. Educating a child from the age of three to twenty- one is not only about imparting text book knowledge but also instilling into him moral values , spiritual values and patriotism. Such an inclusive education is the need of the hour in India. Parents, teachers and society have a role in moulding a child. Representatives from PTA and educationists from our society must be included in framing the curriculum and syllabus of any particular board.

Tremendous changes can be brought about in a child's character if parents and teachers join hands together. A child needs love and affection, at the same time correction at the right time. None of the above must be in excess nor lacking. Many schools are organising seminars for parents to make them aware of proper parenting to their wards. But this has to be followed up regularly without fail. Teachers have to be more empathetic, caring and understanding to their pupils, instead of seeing them as unfeeling objects. The child should be able to distinguish between good and bad, right and wrong, from a very early age. He should be very clear about what is permitted in society and what is not. He should be ready to face punishment if rules and laws are disobeyed or broken. This will help him to have a strong mind and good character. Parents and teachers must not compromise on any of these rules. We are trying to mould or shape the character of a child so that he becomes a good human being. Any compromise on the part of a parent or teacher will have an adverse effect. A child can be made to think critically about his own behaviour when he violates a rule. He can even be asked to decide his own punishment.

It is very important for parents to keep track of the movements of their children, their friends, and school reports. Parental warmth is a necessity but not to the extent of supporting the wrong doings of the child.

Teachers need to be trained to create situations and be imaginative to reflect on the situation by making students aware of values and highlighting its importance in society. The ultimate aim of educating a child is to mould a good human being.

Proverbs 22:6
"Train up a child in the way he should go,
And when he is old he will not depart from it".

# ഭാഗ്യസ്മരണാർഹനായ
# യാക്കോബ് മാർ തെയോഫിലോസ് തിരുമേനി



ഫാ. ഡോ. ഐസക്
പറപ്പള്ളിൽ



തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായിരുന്ന ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ സ്വർഗ്ഗീയപ്രവേശനത്തിന്റെ 63 വർഷങ്ങൾ പിന്നിടുകയാണ്. മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ സഹശില്പിയും ബഥനി സന്യാസപ്രസ്ഥാനത്തിന്റെ സഹസ്ഥാപകനുമായിരുന്ന പുണ്യശ്ലോകനായ തെയോഫിലോസ് പിതാവിന്റെ 64-ാം ഓർമ്മപ്പെരുനാൾ 2019 ജൂൺ 27 ന് നാം ആചരിക്കുന്നു. അധ്യാപകവൃത്തിയിൽനിന്ന് ദൈവികശുശ്രൂഷയിലേക്കും, സന്യാസജീവിതത്തിലേക്കുമുള്ള അദ്ദേഹത്തിന്റെ പ്രയാണവും, സത്യാന്വേഷണത്തിനുശേഷം ഓർത്തഡോക്സ്സഭയിൽനിന്നും കത്തോലിക്കാസഭയിലേക്കുള്ള പ്രവേശനവും, അദ്ദേഹത്തിന്റെ ആത്മീയതയെയും, ഉറച്ച ബോധ്യത്തെയും, ജീവിതദർശനത്തെയും സൂചിപ്പിക്കുന്നു. വന്ദ്യ തിരുമേനിയെക്കുറിച്ച് പുസ്തകങ്ങളോ, എഴുതപ്പെട്ട ചരിത്രസംഭവങ്ങളോ, ചരിത്രരേഖകളോ അധികം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല എന്നത് യാഥാർത്ഥ്യം. എന്നാൽ സഭയ്ക്കും, അതിഭദ്രാസനത്തിനും ഇത്രയേറെ സംഭാവനകൾ നല്കിയ, അതിഭദ്രാസനത്തിന് ഉറപ്പുള്ള അടിസ്ഥാനമിട്ട, പുണ്യപിതാവിനെ വരുംതലമുറ തമസ്ക്കരിക്കുവാൻ പാടില്ലല്ലോ. ക്രിസ്താനുഭവവും ക്രിസ്താനുകരണവും ഒരുപോലെ ജീവിതത്തിൽ കാത്തുസൂക്ഷിച്ച പിതാവിന്റെ ജീവിതം വരുംതലമുറയ്ക്കും പൗരോഹിത്യ-സന്യസ്തശ്രേണിയിലുള്ളവർക്കും പ്രചോദനം ആകേണ്ടതാണ്. തെയോഫിലോസ് എന്ന നാമം തന്നെ സ്വന്തം ജീവിതത്തെയും വ്യക്തിത്വത്തെയും വെളിപ്പെടുത്തുന്നതായിരുന്നു. തെയോഫിലോസ് എന്ന നാമം ഗ്രീക്കുഭാഷയിലെ 2 പദങ്ങൾ ചേരുന്നതാണ് (Theos-God, Philos-Love). തെയോഫിലോസ് എന്നാൽ ദൈവം സ്നേഹിച്ചവൻ, ദൈവത്തെ സ്നേഹിച്ചവൻ. ആ പുണ്യതാതന്റെ ജീവിതംതന്നെയായിരുന്നു അവിടുത്തെ ജീവിതസന്ദേശവും. 'ദൈവമഹത്വവും മനുഷ്യനന്മയും' എന്നതായിരുന്നു പിതാവിന്റെ ജീവിതമുദ്രാവാക്യം. സത്യം, നീതി, ലാളിത്യം, പ്രാർത്ഥന, തപസ്സ്, ഉപവാസം എന്നിവയിലൂടെ ദൈവവുമായും മനുഷ്യനുമായുള്ള ബന്ധത്തെ ഉറപ്പിച്ചു. 'മാലാഖയ്ക്ക് സദൃശനായ' മനുഷ്യൻ എന്നറിയപ്പെട്ടിരുന്ന പിതാവ് ജീവിതവിശുദ്ധികൊണ്ടും, ദൈവാനുഭവംകൊണ്ടും ആഴമായ ആദ്ധ്യാത്മികതകൊണ്ടും, ഭക്തിജീവിതംകൊണ്ടും ഒരു ജനതയ്ക്ക് ആത്മീയ ഉണർവ്വ് പകർന്ന വ്യക്തിയായിരുന്നു.

**സംക്ഷിപ്ത ജീവചരിത്രം**

കോട്ടയത്തിനടുത്ത് ഒളശ്ശയിലുള്ള അതിപുരാതനമായ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകന്റെയും അച്ചാമ്മയുടെയും സീമന്തപുത്രനായി 1891 ഫെബ്രുവരി 26 ന് യാക്കോബ് ഭൂജാത

നായി. അഭിവന്ദ്യ പിതാവിന് 3 സഹോദരന്മാരും 3 സഹോദരിമാരും ഉണ്ടായിരുന്നു. അതിലൊരു സഹാദരി ഏലിയാമ്മ ബഥനിമഠത്തിൽ കന്യാസ്ത്രീയായി (മദർ സൈബാർ). 1891 മാർച്ച് 16 ന് വല്ല്യാട്ട് കല്ലത്തറ പള്ളിയിൽ മാമ്മോദീസ സ്വീകരിച്ചു. ഒളശ്ശയിലെ പ്രൈമറിസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്നു. മെട്രിക്കുലേഷൻ പരീക്ഷയിൽ ഉന്നതവിജയം നേടിയതിനാൽ എം.ഡി. സെമിനാരിയിൽതന്നെ അദ്ധ്യാപകജോലിയും ലഭിച്ചു. ദൈവഭക്തിയിലും കൃത്യനിഷ്ഠയിലും കഠിനാദ്ധ്വാനത്തിലും പെരുമാറ്റത്തിലും മാതൃകാദ്ധ്യാപകനായി അറിയപ്പെട്ടിരുന്ന അദ്ദേഹം, അക്കാലത്ത് എം.ഡി. സെമിനാരി പ്രിൻസിപ്പാൾ ആയിരുന്ന ഫാ. പി.റ്റി. ഗീവർഗീസ് അച്ചന്റെ (എം.എ. അച്ചൻ) കൂടെ ആയിരുന്നു താമസം. വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് തിരുമേനി ശെമ്മാശപട്ടം നല്കി. തുടർന്ന് ഉന്നതവിദ്യാഭ്യാസത്തിനായി സെറാംമ്പൂരിലേക്ക് പോയി. 1924 ൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. ശാന്തനും സൗമ്യനും ഏവർക്കും മാതൃകയുമായിരുന്ന അദ്ദേഹത്തെ ആശ്രമഗുരുവായി നിയമിക്കുകയും, 'ഗുരുവച്ചൻ' എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് 1927 ഡിസംബർ 12 ന് റമ്പാൻ സ്ഥാനം നല്കുകയും, 1929 ഫെബ്രുവരി 16-ാം തീയതി മാർ തെയോഫിലോസ് എന്ന പേരിൽ ബഥനി എപ്പിസ്ക്കോപ്പായായി ഓർത്തഡോക്സ് സഭയുടെ മൂന്നാം കാതോലിക്കയായിരുന്ന ഗീവർഗീസ് ബസേലിയോസ് പ്രഥമൻ ബാവായാൽ വാഴിക്കപ്പെടുകയും ചെയ്തു.

മലങ്കരസഭ വ്യവഹാരങ്ങൾ നേരിട്ടപ്പോൾ, സമാധാനത്തിനും ഉത്തമമായ ക്രൈസ്തവസാക്ഷ്യത്തിനുംവേണ്ടി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ തീരുമാനമെടുത്ത്, അതിന്റെ സാധ്യത അന്വേഷിക്കുവാൻ ബഥനി മെത്രാപ്പോലിത്തായായിരുന്ന മാർ ഈവാനിയോസിനെ സഭ ചുമതലപ്പെടുത്തി. റോമുമായി ബന്ധപ്പെട്ടപ്പോൾ അനുകൂല മറുപടി ലഭിച്ചെങ്കിലും, ഇതിനിടയിൽ വട്ടിപ്പണക്കേസിലെ അനുകൂലവിധി വന്നതിനാൽ, സഹമെത്രാന്മാർ പലരും ഈ ഉദ്യമത്തിൽനിന്ന് പിന്മാറി. എന്നാൽ മാർ ഈവാനിയോസ് തിരുമേനിയും, മാർ തെയോഫിലോസ് തിരുമേനിയും കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനായി ഉറച്ചുനിന്നു. അങ്ങനെ 1930 സെപ്റ്റംബർ 20-ാം തീയതി കൊല്ലം അരമന ചാപ്പലിൽവച്ച് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഇതേത്തുടർന്ന് തിരുസിംഹാസനം, 1932 ജൂൺ 11 ന് മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി (തിരുവനന്തപുരം അതിഭദ്രാസനം, തിരുവല്ല ഭദ്രാസനം) സ്ഥാപിക്കുകയും, 1933 നവംബർ 6-ാം തീയതി തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി യാക്കോബ് മാർ തെയാഫിലോസ് സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു.

**പ്രാരംഭകാല പ്രവർത്തനങ്ങൾ**

ഭദ്രാസനത്തിന്റെ ആരംഭകാലത്ത് അതിനെ വളർത്തിയെടുക്കുവാൻ അഭിവന്ദ്യ തിരുമേനി വളരെയേറെ ത്യാഗങ്ങൾ സഹിച്ചു. ആരാധന നടത്തുന്നതിനായി തിരുവല്ല ടൗണിൽ ഒരു സ്ഥലം പാട്ടത്തിന് വാങ്ങി, പരമ്പുകൊണ്ട് ഷെഡ് ഉണ്ടാക്കി താത്ക്കാലികമായി ഉപയോഗിച്ചു. ഈ സ്ഥലത്താണ് ഇപ്പോഴത്തെ സെന്റ് ജോൺസ് കത്തീഡ്രൽ നിലകൊള്ളുന്നത്. 1931 സെപ്റ്റംബർ 8 ന് പരിശുദ്ധ അമ്മയുടെ ജനനപ്പെരുനാൾ ദിവസം വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി തിരുവല്ലയിൽ ഇൻഫന്റ് മേരീസ് മൈനർ സെമിനാരി സ്ഥാപിച്ചു. വിവിധ സ്ഥലങ്ങളിൽ കൂട്ടായ്മകൾ പടുത്തുയർത്തുന്നതിനും, ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും, അരമന, മൈനർ സെമിനാരി മുതലായവ ക്രമീകരിക്കുന്നതിനും ഏറെ ക്ലേശങ്ങൾ നേരിട്ടു. അകത്തോലിക്കരായ മലങ്കരമക്കളുടെ ജീവിതവിശുദ്ധീകരണവും, കത്തോലിക്കാസഭയുമായുള്ള അവരുടെ പുനരൈക്യവുമായിരുന്നു തിരുമേനിയുടെ പ്രാർത്ഥനാനിയോഗവും ജീവിതലക്ഷ്യവും. ആരാധനാനുഷ്ഠാനങ്ങളിൽ ശക്തമായ നേതൃത്വം നല്കിയ, അദ്ദേഹത്തിന്റെ ഇമ്പമാർന്ന സ്വരം ആരാധനയിൽ സജീവമായി പങ്കുചേരാൻ ദൈവജനത്തെ സഹായിച്ചു. സുറിയാനിഭാഷയിൽമാത്രം നടത്തിയിരുന്ന പല ആരാധനാഗീതങ്ങളും പ്രാർത്ഥനയും, പ്രത്യേകിച്ച് ഹാശാ ആഴ്ചയിലെ ഗാനങ്ങളും, മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് തിരുമേനിയാണ്. 1933 ൽ പ്രസിദ്ധീകരിച്ച സ്ലീബാനുഗമനത്തിൽ അന്ത്യോക്യൻ ആരാധനയുടെ പശ്ചാത്തലത്തിൽ, പീലാത്തോസിന്റെ അരമന മുതൽ ഗാഗുൽത്താവരെയുള്ള യേശുവിന്റെ കുരിശിന്റെ വഴി ഹൃദയസ്പർശിയായി അവതരിപ്പിച്ചു. സഭാമക്കൾക്കായുള്ള തന്റെ ഇടയലേഖനങ്ങളിലൂടെ, ജീവിതവിശുദ്ധിയെപ്പറ്റിയും, ആരാധനാജീവിതത്തെപ്പറ്റിയും നിരന്തരം ഊന്നിപ്പറയുമായിരുന്നു. മാതൃഭക്തനായിരുന്ന അദ്ദേഹം മർത്തമറിയം എന്ന സംഘടന സ്ഥാപിച്ച് മാതൃഭക്തി പ്രചരിപ്പിച്ചിരുന്നു. ആടുകൾക്കുവേണ്ടി ജീവനർപ്പിച്ച ഇടയനായിരുന്നു തിരുമേനി. ഭദ്രാസനത്തിന്റെ ആരംഭകാലത്ത് കണ്ണീരോടെ നടത്തിയ പ്രാർത്ഥനയുടെ ഫലമാണ് അതിഭദ്രാസനത്തിന്റെ ഇന്നത്തെ വളർച്ച. തിരുമേനി

പ്രാർത്ഥിച്ച് ജീവിച്ചിരുന്ന ചെറുപുഷ്പഗിരി അരമനയുടെ സ്ഥലത്താണ് ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അഭിമാനമായ പുഷ്പഗിരി മെഡിക്കൽ കോളജ് നിലകൊള്ളുന്നത്. തീവ്രമായ പ്രാർത്ഥനയിലൂടെയും നിസ്വാർത്ഥമായ പ്രവർത്തനത്തിലൂടെയും തിരുവല്ല ഭദ്രാസനത്തിന്റെ അടിത്തറ ഉറപ്പിച്ച അദ്ദേഹം, അജഗണവുമായി വലിയ ആത്മബന്ധം കാത്തുസൂക്ഷിച്ചിരുന്നു. ഏതു കാര്യം തുടങ്ങുന്നതിനും, ദൈവത്തിന്റെ പരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസവും, ചോർന്നു പോകാത്ത ധീരതയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അടുത്തറിഞ്ഞിരുന്നവർ അദ്ദേഹത്തെ ഒരു വിശുദ്ധനായും, മാലാഖയ്ക്ക് സദൃശ്യനായ മനുഷ്യനായും കരുതിയിരുന്നു. വെളുപ്പിനെ 4 മണിക്ക് എഴുന്നേല്ക്കുമായിരുന്ന പിതാവ്, 5 മണിക്ക് ചാപ്പലിൽ പ്രവേശിച്ച് ധ്യാനം, പ്രഭാതനമസ്കാരം, വി. കുർബാന എന്നിവ ഭക്തിപൂർവ്വം നടത്തിയിരുന്നു. അദ്ദേഹത്തിന്റെ സ്വരമാധുര്യവും, ഇമ്പകരമായ ശബ്ദവും ദൈവജനത്തിന് ഏറെ ആത്മീയാനന്ദവും ദൈവാനുഭവവും സമ്മാനിച്ചിരുന്നു. 'എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സർവ്വവും പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ' എന്ന യേശുനാഥന്റെ വചനം പൂർണ്ണമായും ബോധ്യപ്പെട്ട് ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ജീവിതത്തിലെ സഹനവും, രോഗവും, കുരിശുകളുമൊക്കെ സന്തോഷത്തോടെ ഏറ്റെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചതും മേല്പറഞ്ഞ വചനശക്തിയാലാണ്.

**സംഭവബഹുലമായ ജീവിതയാത്ര**

സംഭവബഹുലമായ കാലയളവായിരുന്നു അദ്ദേഹത്തിന്റെ ജീവിതാന്ത്യംവരെ. തന്നെപ്പോലെതന്നെ ഓർത്തഡോക്സ്സഭയിലെ നിരണം ഭദ്രാസന മെത്രാൻ ജോസഫ് മാർ സേവേറിയോസ് തിരുമേനി 1937 നവംബർ 29 നും, ക്നാനായ യാക്കോബായസഭയിലെ തോമസ് മാർ ദിയസ്കോറസ് തിരുമേനി 1938 നവംബർ 12 നും പുനരൈക്യപ്പെടുന്നതു കാണുവാൻ ഭാഗ്യമുണ്ടായി. 1937 ൽ പുനരൈക്യപ്പെട്ട ജോസഫ് മാർ സേവേറിയോസ് തിരുമേനിതന്നെയാണ്, പിന്നീട് തെയോഫിലോസ് തിരുമേനിയുടെ പിൻഗാമിയായി 1950 മെയ് 5 ന് ഭദ്രാസനാദ്ധ്യക്ഷനായി ചുമതലയേല്ക്കുന്നത്. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മെത്രാഭിഷേകം (1953), തന്റെ ഗുരുവായ മാർ ഇവാനിയോസ് തിരുമേനിയുടെ നിര്യാണം (1953 ജൂലൈ 15), ഭദ്രാസനത്തിന്റെ സഹായമെത്രാനായി അത്തനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകം (1954), ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ നിര്യാണം (1955), അത്തനാസിയോസ് തിരുമേനിയുടെ ഭദ്രാസനാദ്ധ്യക്ഷനായുള്ള സ്ഥാനാരോഹണം (1955)... ഇവയെല്ലാം അദ്ദേഹത്തിന്റെ ജീവിത കാലയളവിലെ സംഭവബഹുലങ്ങളായ മുഹൂർത്തങ്ങളാണ്.

മിഷൻ പ്രവർത്തനങ്ങളിൽ തീഷ്ണവാനായിരുന്ന തിരുമേനി ഒന്നുമില്ലായ്മയിൽനിന്ന് ഭദ്രാസനത്തെ കെട്ടിപ്പടുക്കുവാൻ കാണിച്ച തീഷ്ണതയും കഠിനാദ്ധ്വാനവുംമൂലം ചുരുങ്ങിയ കാലയളവിനുള്ളിൽ രോഗബാധിതനായി. രോഗബാധിതനായിരുന്ന അവസരത്തിലും, പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന അദ്ദേഹത്തിന്റെ അടുക്കൽ അനേകം പേർ പ്രാർത്ഥനാസഹായം തേടി വന്നിരുന്നു. അവർക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. 1935 വരെ ഭദ്രാസനത്തിന് വലിയ നേതൃത്വം നല്കുകയും, അതിന്റെ വളർച്ചക്ക് ഉറപ്പുള്ള അടിസ്ഥാനം ഇടുകയും ചെയ്തു. ശാരീരിക ക്ലേശങ്ങൾ വർദ്ധിച്ചപ്പോൾ അനേകർ അദ്ദേഹത്തെ സന്ദർശിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1956 ജൂൺ 27-ാം തീയതി ബുധനാഴ്ച, തന്നെ കാണാൻ വന്നവരെ തന്റെ വലതുകരം ഉയർത്തി ആശീർവ്വദിച്ചതിനുശേഷം കണ്ണുകൾ അടച്ച് നിശ്ചലനായി. പിതാവ് കാലം ചെയ്തത് അറിഞ്ഞതോടെ, സെന്റ് ജോൺസ് കത്തീഡ്രലിൽ ദുഃഖമണി മുഴങ്ങി. കബറടക്ക ശുശ്രൂഷകൾക്ക് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

കാലം ചെയ്തിട്ട് 63 വർഷങ്ങൾ പിന്നിട്ടിട്ടും, ഇന്ന് ജീവിച്ചിരിക്കുന്ന മുതിർന്നവരുടെ മനസ്സിൽ ഒളി മങ്ങാതെ ആ രൂപവും ഭാവവും ജീവിതവും പച്ചപിടിച്ചു നില്ക്കുന്നു. അചഞ്ചലമായ ദൈവവിശ്വാസവും, ജീവിതവിശുദ്ധിയും, കത്തോലിക്കാസഭയോടുള്ള സ്നേഹവും, ദൈവപരിപാലനയിലുള്ള ഉറപ്പും മാത്രമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. ഒന്നുമില്ലായ്മയിൽനിന്ന് ഒരു കത്തോലിക്കാക്കൂട്ടായ്മയെ രൂപപ്പെടുത്തുവാൻ പിതാവിനുണ്ടായിരുന്ന മൂലധനം പ്രാർത്ഥനയും പരിത്യാഗവും മാത്രമായിരുന്നു. മാലാഖയ്ക്ക് സദൃശമായ ശ്രേഷ്ഠജീവിതം നയിച്ച്, സഭയ്ക്കും, പ്രത്യേകിച്ച് തിരുവല്ല അതിഭദ്രാസനത്തിനും ഉറപ്പുള്ള അടിത്തറ പാകിയ പുണ്യതാതന്റെ പാവന സ്മരണയ്ക്കു മുമ്പിൽ പ്രണാമം അർപ്പിച്ച്, അവിടുത്തെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കുവാൻ പ്രാർത്ഥിക്കാം.

# ദൈവശുശ്രൂഷക്കൊരു സ്നേഹഗാഥ

## കല്ലേലുമണ്ണിൽ തേപ്പാച്ചൻ





തയ്യാറാക്കിയത് :
ബേബിച്ചൻ
തെക്കേടത്ത് കോഴിമണ്ണിൽ

കോട്ടയം ജില്ലയുടെ തെക്കുകിഴക്ക് ഭാഗത്തായി ശബരിമലയിലേക്കുള്ള പ്രധാന പാതയിൽ, വനമേഖലകൾ അതിർത്തി പങ്കിട്ട് എരുമേലിയോട് തൊട്ടുചേർന്ന് കുന്നുകളും, മലകളും, മരക്കൂട്ടങ്ങളും നിറഞ്ഞ് നിൽക്കുന്ന ഉയർന്ന ഭൂപ്രദേശമാണ് മുക്കൂട്ടുതറ എന്ന കൊച്ചു ഗ്രാമം. പണ്ട് നാട്ടുരാജാക്കന്മാർ പട നയിച്ച് മുന്നേറിയിരുന്ന കാലങ്ങളിൽ വിശ്രമിച്ചിരുന്ന മൂന്ന് വഴികൾ കൂടിച്ചേരുന്ന തറയാണ് മുക്കൂട്ടുതറയായി മാറിയതെന്ന് ഐതീഹ്യം. പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ പെരുന്തേനരുവി വെള്ളച്ചാട്ടം മുക്കൂട്ടുതറ ജംഗ്ഷനിൽനിന്നും കൊല്ലമുളവഴി കേവലം 4 കിലോമീറ്റർ ദൂരം മാത്രം. ശരണം വിളികളും, വാങ്ക് വിളികളും ദൈവസ്തുതികളുംകൊണ്ട് മതസൗഹാർദത്തിന്റെ പരിവേഷം സൃഷ്ടിക്കുന്ന ഈ മണ്ണിൽ നഗരത്തിന്റെ തിരക്കോ, സമ്പത്തിന്റെ ധാരാളിത്തമോ, പരിഷ്ക്കാരത്തിന്റെ അതിപ്രസരമോ കടന്നു ചെന്നിട്ടില്ലാത്ത തികച്ചും നിഷ്കളങ്കരും, സ്നേഹമതികളും അദ്ധ്വാനശീലരുമായ കുടിയേറ്റ കർഷകർ അധിവസിക്കുന്ന നാട്. ഇവിടെയാണ് തിരുവല്ല അതിഭദ്രാസനത്തിന്റെ എരുമേലി വൈദികജില്ലയിലെ പ്രശസ്തമായ മുക്കൂട്ടുതറ സെന്റ് മേരീസ് ടൗൺ മലങ്കര കത്തോലിക്കാപള്ളി സ്ഥിതി ചെയ്യുന്നത്. മുക്കൂട്ടുതറയുടെ ഹൃദയഭാഗത്ത് ഉയർന്ന് നിൽക്കുന്ന കുന്നിൻ മുകളിൽ, തന്റെ മക്കളെ വിശുദ്ധീകരിച്ച്, നാടിനെ അനുഗ്രഹിച്ചുകൊണ്ട് പരി. ദൈവമാതാവിന്റെ തിരുസാന്നിദ്ധ്യം പ്രഭചൊരിഞ്ഞ് നിൽക്കുന്നു.

1972 ൽ ബഹു. ജോർജ് മണപ്പുറത്തച്ചൻ പണികഴിപ്പിച്ചതാണ് അനുഗ്രഹീതമായ ഈ ദൈവാലയം. ബഹു. ഷാജി കുന്നുംപുറത്തച്ചന്റെ കാലത്ത് (ഇപ്പോൾ മൂവാറ്റുപുഴ രൂപത) കല്പടവുകൾ നിർമ്മിച്ച് ദൈവാലയം ഏറെ മനോഹരമാക്കി. 13 വീട്ടുകാരുമായി ബഹു. ജോർജ് പനക്കേഴത്തച്ചൻ ചാപ്പലായി തുടക്കമിട്ട് 47 വർഷം പിന്നിടുന്ന ഈ ആലയം ഇപ്പോൾ വളർന്ന് 80 ഭവനങ്ങളുമായി മുക്കൂട്ടുതറയിൽ യശസ്സുയർത്തി നിൽക്കുന്നു. 2 വൈദികരും 1 സന്യസ്തയും ഇടവകയിൽ നിന്നും ദൈവികശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു.

ഈ ഇടവക മക്കളുടെ കൗദാശിക ശുശ്രൂഷകളിൽ ഇടയനോടൊപ്പം പ്രവർത്തിക്കുന്ന പ്രധാന ശുശ്രൂഷകനാണ് തേപ്പാച്ചൻ എന്നറിയപ്പെടുന്ന ശ്രീ. മാത്യു സ്റ്റീഫൻ. അടിയുറച്ച ദൈവവിശ്വാസവും, തന്റേടവും, കരുത്തും, സ്നേഹസമ്പന്നതയും കൈമുതലായുള്ള തേപ്പാച്ചൻ തന്റെ പ്രധാന ശുശ്രൂഷകസ്ഥാനത്ത് 33 വർഷങ്ങൾ പിന്നിടുമ്പോൾ, ദൈവം നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കുന്നു.

റാന്നി വരവൂരിൽ പുരാതന കല്ലേലുമണ്ണിൽ കുടുംബത്തിൽ ക്നാനായ സീറോ മലബാർ കത്തോലിക്കാ സഭാംഗങ്ങളായ മാത്യുവും, ചിന്നമ്മയും ആണ് മാതാപി

താക്കൾ. അവർക്ക് ജനിച്ചത് നാല് ആണും ഒരു പെണ്ണും ആണ്. ഏറ്റവും മുതിർന്ന പെൺകുട്ടിക്കുശേഷം ഉണ്ടായ 4 ആൺമക്കളിൽ മൂന്നാമനാണ് നമ്മുടെ കഥാനായകൻ. 1936 ൽ ജനനം. മാസവും ദിവസവും ഒന്നും വലിയ തിട്ടമില്ല. പക്ഷേ ഒരു കാര്യം അദ്ദേഹത്തിന് ഉറപ്പുണ്ട്. കർക്കടകമാസത്തിലെ കറുത്ത വാവിനാണ് താൻ ജനിച്ചതെന്ന്. സമ്പന്നതയുടെ മടിത്തട്ടിൽ ജനിച്ചു വളർന്ന തേപ്പാച്ചന് ഒന്നിനും ഒരു കുറവുണ്ടായിരുന്നില്ല. അപ്പന് റാന്നിയിൽ ജൗവുളി (വസ്ത്രം) വ്യാപാരമായിരുന്നു. 5–ാം ക്ലാസ്സ് വരെ പഠിച്ചു. 5–ാം ക്ലാസ്സിൽ എത്തിയപ്പോൾ ആവശ്യത്തിനുള്ള അറിവ് ലഭിച്ചെന്ന് തനിക്ക് തന്നെ തോന്നിയപ്പോൾ പഠനം അവിടെ നിർത്തി. അറിവ് കുറഞ്ഞവരാണല്ലോ തുടർന്ന് പഠിക്കുന്നത്. അപ്പന്റെ വസ്ത്രവ്യാപാരം അഭിവൃദ്ധിപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ ഹൃദയവിശാലതയും വർദ്ധിച്ചു. എല്ലാവരേയും അദ്ദേഹത്തിന് സ്നേഹമാണ്. കൂട്ടുകാരുടെ എണ്ണം പെരുകി ആതിഥ്യസൽക്കാര പ്രിയനായ അദ്ദേഹം ലഹരിയേയും കൂട്ടുകാരനായി കൂടെ കൂട്ടി. താമസംവിന വ്യാപാരം എട്ടു നിലയിൽ പൊട്ടി. ജീവിതം വിഷമവൃത്തത്തിലായി. ദാരിദ്ര്യവും പട്ടിണിയും വന്നുഭവിച്ചു. പിന്നെ ഒന്നും ചിന്തിച്ചില്ല. ജനിച്ച നാട് വിട്ട് തേപ്പാച്ചൻ മുക്കൂട്ടുതറയിലേക്ക് ചേക്കേറി. ആരോഗദൃഢഗാത്രവും, അദ്ധ്വാനിക്കാനുള്ള മനസ്സും ഒന്നുചേർന്നപ്പോൾ അദ്ദേഹം റോഡ് പണിക്കിറങ്ങി. ഒന്നര രൂപ കൂലിക്ക് പകലന്തിയോളം അദ്ധ്വാനിച്ചു. മുക്കൂട്ടുതറയിലും ചുറ്റുപാടുമുള്ള മിക്ക റോഡുകളിലും, കൂപ്പിലേക്കുള്ള ഒട്ടുമിക്ക വഴികളിലും തന്റെ വിയർപ്പ് തുള്ളികൾ പതിഞ്ഞവയാണെന്ന് തേപ്പാച്ചൻ സാക്ഷ്യപ്പെടുത്തുന്നു. ഇടുക്കി ഡാമിൽ വരെ പോയി ജോലി ചെയ്തിട്ടുണ്ടെന്ന് അഭിമാനത്തോടെ അദ്ദേഹം ഓർക്കുന്നു. കാട്ടിലും മലകളിലുമുള്ള ജീവിതം. തേപ്പാച്ചന്റെ ശരീരപ്രകൃതവും, മുഖത്ത് നിറഞ്ഞ് നിൽക്കുന്ന കപ്പടാമീശയും, സ്വഭാവത്തിന്റെ പ്രത്യേകതകളും കണ്ട് നാട്ടുകാർ അദ്ദേഹത്തിനൊരു പേരിട്ടു "നക്സൽ സ്റ്റീഫൻ". ആ പേരിൽ പോലും അദ്ദേഹം അഭിമാനം കണ്ടെത്തി. കൂലിപ്പണിയിലൂടെ ഈ അദ്ധ്വാനി പിടിച്ചു കയറി. മുക്കൂട്ടുതറയിൽ വീട് വെച്ചു. 22–ാം വയസ്സിൽ മറിയാമ്മയെ വിവാഹം കഴിച്ചു. സ്നേഹനിധിയായ ഭാര്യ അദ്ദേഹത്തിന്റെ നിഴലായി എപ്പോഴും കൂടെയുണ്ടായിരുന്നു. ജീവിതത്തിന്റെ താങ്ങും തണലും ശക്തിയും മറിയാമ്മയായിരുന്നു. അവർക്ക് 3 പെൺമക്കൾ ജനിച്ചു. സാലമ്മ, ഡെൽമ, സുമ.

കത്തോലിക്കാവിശ്വാസിയായ തേപ്പാച്ചന് ദിവ്യബലിയിൽ പങ്കെടുക്കാൻ മുക്കൂട്ടുതറയിലെ ഏക കത്തോലിക്ക ദൈവാലയം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ചാപ്പൽ ആയിരുന്നു. ബഹു. ജോർജ്ജ് പനക്കേഴത്തച്ചൻ അദ്ദേഹത്തെ ഇടവക കൂട്ടായ്മയിൽ ചേർത്തു. ഈ ശുശ്രൂഷകന്റെകൂടി അത്യദ്ധ്വാനഫലമാണ് ഇന്നു കാണുന്ന ദൈവാലയം. ഇടത്തിക്കാവ് സെന്റ് ജോസഫ് പള്ളിയിൽ മാത്രമെ വൈദികർക്ക് താമസിക്കുവാനുള്ള സൗകര്യം ഉണ്ടായിരുന്നുള്ളൂ. വാഹനസൗകര്യം ഒന്നും ഇല്ലാതിരുന്ന കാലത്ത് വൈദികർ 5 കിലോമീറ്ററോളം നടന്ന് യാത്ര ചെയ്താണ് ഇവിടെ വന്ന് ഞായറാഴ്ച വി. കുർബാന അർപ്പിച്ചിരുന്നത്. ഒരിക്കൽ ഷാജി കുന്നുംപുറത്തച്ചൻ വികാരിയായിരിക്കുമ്പോൾ, അച്ചന് അത്യാവശ്യമായി ഒരു സാധനം മുക്കൂട്ടുതറ കവലയിൽനിന്നും വാങ്ങി കൊടുക്കാൻ ഇടവകയിലെ ചെറുപ്പക്കാരായ കുട്ടികളോട് ആവശ്യപ്പെട്ടു. അന്ന് മുക്കൂട്ടുതറയിൽ ഒന്നോ രണ്ടോ കടകൾ മാത്രമേയുള്ളൂ. കുട്ടികൾ അച്ചന്റെ ആവശ്യം പുഞ്ചിരിയോടെ നിരസിച്ചു. അത് അച്ചന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. പിറ്റേ ഞായറാഴ്ച വി. കുർബാനക്കുശേഷം ഇടവകയുടെ പൊതുയോഗത്തിൽ അച്ചൻ പറഞ്ഞു. "എനിക്ക് എല്ലാവരോടും ആമുഖമായി ഒരു കാര്യം പറയാനുണ്ട്. അതായത് എനിക്ക് അത്യാവശ്യമായി എന്തെങ്കിലും വാങ്ങിത്തരാനോ, എന്നെ മദ്ബഹായിൽ സഹായിക്കുവാനോ ഒക്കെ നമുക്ക് ഒരു കപ്യാരെ വേണം. അതാരാവണമെന്ന് നിങ്ങൾത്തന്നെ അങ്ങ് തീരുമാനിച്ചോ" ആളുകൾ പരസ്പരം മുഖത്തോട് മുഖം നോക്കി ഒടുവിൽ ഐക്യകണ്ഠേന ഒരു പേര് നിർദ്ദേശിച്ചു. 'തേപ്പാച്ചൻ'. "ശരി എന്നാൽ തേപ്പാച്ചൻ തന്നെ ആയിക്കോട്ടെ" അച്ചൻ പേര് ഉറപ്പിച്ചു. ഏതു കാര്യവും തുറന്ന് പറയുന്ന പ്രകൃതക്കാരനായ തേപ്പാച്ചൻ പെട്ടെന്ന് എഴുന്നേറ്റു. "അച്ചോ അങ്ങനെ പറഞ്ഞാൽ എങ്ങനാ. എനിക്ക് 3 പെൺമക്കളാ. ഞാൻ നിത്യവും കൂലിപ്പണിക്ക് പോയിട്ടാ കുടുംബം പോറ്റുന്നത്. അതു മാത്രമല്ല എനിക്ക് വലിയ പഠിപ്പ് ഒന്നും ഇല്ല. കുർബാനയിലെ ചൊൽത്തും വായനയുമൊന്നും പിടിയില്ല. തെറ്റി വായിച്ചാൽ ആൾക്കാര് പഴിക്കും". അച്ചൻ നിർദ്ദേശം വച്ചു "തേപ്പാച്ചൻ വായിക്കണ്ട, അത് ഞാൻ കൈകാര്യം ചെയ്തോളാം. പള്ളി തുറക്കാനും അടക്കാനും പറ്റുമോ". "അതു പറ്റു" അദ്ദേഹം സമ്മതിച്ചു. "ശരി എന്നാൽ തേപ്പാച്ചൻ തന്നെ നമ്മുടെ പുതിയ കപ്യാർ". അച്ചൻ തീരുമാനം പ്രഖ്യാപിച്ചു. അന്ന് ദൈവം കൈകളിൽ ഏല്പ്പിച്ചതാണ് പള്ളിയുടെ താക്കോൽ. ഇന്ന് ഈ നിമിഷംവരെ ഈ കർമ്മം ഏറെ പവിത്രതയോടും ഉത്തരവാദിത്വത്തോടും സത്യസന്ധതയോടുംകൂടി നിർവ്വഹിക്കുന്നു. പ്രധാന ശുശ്രൂഷകനായ സ്റ്റീഫൻ എന്ന തേപ്പാച്ചൻ ധരിക്കുന്ന വെള്ളക്കുപ്പായത്തോട് അങ്ങേയറ്റം നീതി പുലർത്തുന്നു.

പ്രധാന ശുശ്രൂഷകനായി ചുമതലയേറ്റ് ഒരു മാസം കഴിഞ്ഞപ്പോൾ ഷാജി കുന്നുംപുറത്തച്ചൻ ഇദ്ദേഹത്തെ വിളിച്ച് രഹസ്യമായി പറഞ്ഞു. "തേപ്പാച്ചാ, നിങ്ങളുടെ കുടുംബസ്ഥിതിയൊക്കെ എനിക്കറിയാം. ഒരു മാസം ജോലി ചെയ്തില്ലേ,

ഞാനൊരു 100 രൂപ തരാം, ഇതു വാങ്ങണം". "എന്താ അച്ചാ ഇത്, എനിക്ക് വേണ്ട. ഞാൻ പ്രതിഫലം നോക്കിയല്ല ഈ പണി ചെയ്യുന്നത്". അച്ചൻ വീണ്ടും നിർബന്ധിച്ചു. "ഇത് എന്റെ സന്തോഷത്തിന് തരുകയാ. പള്ളീന്ന് തരുന്നതല്ല. എന്റെ കൈയ്യീന്ന് തരുന്നതാ. വാങ്ങണം. അച്ചന്റെ നിർബന്ധം നിമിത്തം ആ തുക വാങ്ങി. മറ്റ് വരുമാനമോ ആദായമാർഗ്ഗങ്ങളോ ഒന്നും ഇല്ലാത്ത ഈ കൊച്ചു പള്ളിയിൽനിന്ന് തേപ്പാച്ചന് ഇന്ന് കിട്ടുന്ന മാസ വരുമാനം 1000 രൂപയാണ്. അദ്ദേഹത്തിന് അതിൽ പരാതിയില്ല. ദൈവം തരുന്നത് സന്തോഷത്തോടെ സ്വീകരിക്കുന്നു. ഞായറാഴ്ച രാവിലെ 8.30 നുള്ള ശുശ്രൂഷക്ക് തേപ്പാച്ചൻ 8 മണിക്ക് മുമ്പുതന്നെ പള്ളിയിൽ എത്തിയിരിക്കും. സണ്ടേസ്കൂൾ ഉൾപ്പെടെ എല്ലാം കഴിഞ്ഞ് പള്ളി പൂട്ടി വീട്ടിലെത്തുമ്പോൾ സമയം ഉച്ചകഴിഞ്ഞ് 3 മണി. ഞായറാഴ്ച ഉച്ചഭക്ഷണം കഴിക്കുന്ന പതിവില്ല. സ്നേഹസമ്പന്നരും പ്രഗത്ഭരുമായ 18 വൈദികരോടൊത്ത് ശുശ്രൂഷയിൽ സഹകാരിയായിരിക്കുവാൻ ദൈവം തന്ന കൃപയെ ഓർത്ത് ഈ ശുശ്രൂഷി ദൈവത്തിന് നന്ദി പറയുന്നു. അഭിപ്രായം തുറന്ന് പറയുന്നതും ശബ്ദം ഉയർത്തിയുള്ള സംസാരശൈലിയും പലർക്കും പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാം അന്നേരത്തേക്ക് മാത്രം. ഇടവകാംഗങ്ങൾക്കെല്ലാം അദ്ദേഹം പ്രിയങ്കരനാണ്. "റോമ 8:33 ൽ പറയുന്നു: ദൈവം തെരെഞ്ഞെടുക്കപ്പെട്ടവരുടെമേൽ ആര് കുറ്റം ആരോപിക്കും".

ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത വൈദികരിൽ ഒരാളാണ് ബഹു. ഷാജി കുന്നുംപുറത്തച്ചൻ. തേപ്പാച്ചന് ബോധനയിൽനിന്നും എല്ലാ മാസവും ഒരു നിശ്ചിത തുക സഹായമായി അനുവദിച്ച് തന്നത് കുന്നുംപുറത്തച്ചനാണ്. അദ്ദേഹം ഈ തുകയൊന്നും വാങ്ങാൻ പോകാറില്ലെങ്കിലും എല്ലാ മാസവും ഈ തുക കൃത്യമായി അരമനയിൽ എത്തുന്നുണ്ടായിരുന്നു. ഒരിക്കൽ കുന്നുംപുറത്തച്ചൻ തേപ്പാച്ചനെ വിളിച്ച് ഒരു പൊതി കൊടുത്തുകൊണ്ട് പറഞ്ഞു. "ഇതുവരെ ബോധനയിൽനിന്നും ലഭിച്ച 3000 രൂപയാ, ഇത് വാങ്ങിച്ചോ". "ഇത് വേണ്ടച്ചോ", തുക അച്ചനെത്തന്നെ തിരിച്ചേൽപ്പിച്ചു പറഞ്ഞു. "അച്ചൻ ഇത് കൈവശം വച്ചോ. എന്റെ രണ്ടാമത്തെ മകളുടെ വിവാഹസമയത്ത് തന്നാൽ മതി, തികഞ്ഞില്ലെങ്കിൽ അച്ചൻ കൈയ്യീന്നിട്ടോണം".

കൂലിപ്പണി എടുത്ത് തേപ്പാച്ചൻ മൂന്ന് പെൺമക്കളെയും 10-ാം ക്ലാസ് വരെ പഠിപ്പിച്ചു. തൂമ്പയും മൺവെട്ടിയും കൂടവും ഉപയോഗിച്ചിട്ടുള്ള തന്റെ തഴമ്പ് വീണ കൈകളിൽ ധൂപക്കുറ്റി വീശി തന്റെ പ്രിയനാഥന് ധൂപാർച്ചന നടത്തുമ്പോൾ ഒരു കൈപ്പത്തി നെഞ്ചത്തമർത്തിവച്ച് അദ്ദേഹം എപ്പോഴും ഉള്ളുരുകി പ്രാർത്ഥിക്കുമായിരുന്നു. "എനിക്ക് നീ മാത്രമെ ഉള്ളൂ. എന്റെ മൂന്ന് പെൺമക്കളുടെ കാര്യം നീ തന്നെ നോക്കിക്കോണം".

ദൈവം ആ ശുദ്ധാത്മാവിന്റെ പ്രാർത്ഥന കേട്ടിരിക്കാം. സുഭ. 25:20 ൽ പറയുന്നു: "വിശ്വസ്തൻ സമൃദ്ധമായി അനുഗ്രഹിക്കപ്പെടും" തേപ്പാച്ചന്റെ രണ്ടാമത്തെ മകളുടെ വിവാഹത്തിന് അച്ചൻ കരുതി വെച്ചിരുന്ന 3000 രൂപ മാത്രമെ കൊടുക്കേണ്ടി വന്നുള്ളു. മൂന്ന് പെൺമക്കളുടെ വിവാഹവും എങ്ങനെ നടന്നെന്ന് ഇപ്പോഴും അറിയില്ല. ദൈവം അതെല്ലാം ഭംഗിയായി നടത്തി തന്നു.

തന്റെ പ്രിയതമയുടെ മരണം അദ്ദേഹത്തെ വല്ലാതെ തളർത്തി. അവൾ തേപ്പാച്ചനെ വിട്ടുപോയിട്ട് 2019 മാർച്ച് 20ന് 5 വർഷം തികഞ്ഞു. ഭാര്യയെക്കുറിച്ചുള്ള ഓർമ്മകൾ കരുത്തനായ ആ മനുഷ്യന്റെ കണ്ണുകളിൽ നേരിയ നനവ് പടർത്തി. എന്റെ എല്ലാം അവളായിരുന്നു. എവിടെയും ഞങ്ങൾ ഒന്നിച്ചായിരുന്നു. തേപ്പാച്ചനും ഭാര്യയും ഒന്നിച്ച് നടന്നു പോകുമ്പോൾ "ഇണപ്രാവുകൾ" എന്നാണ് നാട്ടുകാർ വിളിച്ചിരുന്നത്. അത്രയ്ക്കുണ്ട് സ്നേഹം.

കഴിഞ്ഞ വർഷം ഇടവക വികാരിയായി ചുമതലയേറ്റ ബഹു. സെബാസ്റ്റ്യൻ കുന്നുംപുറത്തച്ചന്റെ കടന്നുവരവ് ഇടവകയ്ക്ക് ഒരു പുത്തൻ ആത്മീയ ഉണർവ്വ് നൽകുകയുണ്ടായി. യുവാവും, പ്രതിഭാസമ്പന്നനുമായ ബഹു. സെബാസ്റ്റ്യനച്ചൻ ആദ്യമെതന്നെ വൈദികർക്ക് താമസിക്കാനുള്ള സൗകര്യം ഇടവകയിൽ ഒരുക്കി. അതുകൊണ്ട് എല്ലാ ഇടദിവസവും രാവിലെ 6.30 ന് ദിവ്യബലിയും, എല്ലാ ശനിയാഴ്ചയും രാവിലെമുതൽ ഉച്ചവരെ ഇടവകകാർക്കുവേണ്ടി ധ്യാനവും ക്രമീകരിക്കുന്നുണ്ട്. സെബാസ്റ്റ്യനച്ചനും നല്ലതേ തേപ്പാച്ചനെക്കുറിച്ച് പറയുവാനുള്ളൂ. നന്മയും സ്നേഹവും നിറഞ്ഞ ഒരു പാവം മനുഷ്യൻ. എല്ലാ കാര്യങ്ങളും ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുന്നു.

പള്ളിയിൽനിന്നും ഒരു കിലോമീറ്റർ അകലെ, ഇളയമകൾ സുമയോടും മരുമകൻ സെബാസ്റ്റ്യനോടും ഒത്താണ് ഇപ്പോൾ താമസം. കൃഷി ചെയ്ത് ജീവിക്കുന്ന ഒരു നിർദ്ധന കുടുംബം. ഇപ്പോൾ പ്രായം 83 ൽ എത്തി. ദൈവം കുറിച്ച ആയുസ്സ് തീരുന്നതുവരെ ഈ ശുശ്രൂഷ തുടരും. കൂടെക്കൂടെ ഉണ്ടാകുന്ന ശ്വാസംമുട്ടൽകാരണം മരുന്ന് എപ്പോഴും കൂടെ ഉണ്ടായിരിക്കും. ഓട്ടോറിക്ഷ പിടിച്ചാണ് രാവിലെ പള്ളിയിലേക്ക് പോകുന്നത്. തിരികെ വികാരിയച്ചൻതന്നെ തന്റെ വാഹനത്തിൽ തേപ്പാച്ചനെ വീട്ടിൽ എത്തിക്കും.

പെട്ടെന്ന് തേപ്പാച്ചന്റെ പോക്കറ്റിൽ കിടന്ന മൊബെൽ ഫോൺ ശബ്ദിച്ചു. അദ്ദേഹം മൊബെലിൽ സംസാരിച്ചു. "ഹലോ, ഇതാ ഞാൻ എത്തിക്കഴിഞ്ഞു", വികാരിയച്ചനാണ്. തന്റെ ജീവിതം മുഴുവൻ ദൈവത്തിനു സമർപ്പിച്ച ഒരു സാധു മനുഷ്യൻ. നിഷ്കളങ്ക സ്നേഹത്തിന്റെ മറ്റൊരു മുഖം....തേപ്പാച്ചൻ.



# പ്രബോധനങ്ങൾ...

**ജൂൺ 2**
**(ഉയിർപ്പിനുശേഷം ആറാം ഞായർ)**
**റവ. ഫാ. അലക്സ് കണ്ണമല**

## കാത്തിരിപ്പിന്റെ കാലം

അ. പ്ര. 1: 12–14, എഫേ. 1:15–23, യോഹ. 16: 5–11

യേശുക്രിസ്തുവിന്റെ പെസഹാരഹസ്യത്തിലെ അതിപ്രധാനമായ ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണല്ലോ അവിടുത്തെ അന്ത്യഅത്താഴവും (പെസഹാ), ക്രൂശാരോഹണവും, മഹോന്നതമായ ഉത്ഥാനവും. പ. ത്രിത്വത്തിൽ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനു പ്രത്യേകം റോളുകൾ ഉള്ളതായി രക്ഷാകരചരിത്രത്തിൽ ഉടനീളം കാണുവാൻ സാധിക്കും. അതിൽ പുത്രനായ യേശുക്രിസ്തുവിന്റെ നേരിട്ടുള്ള ഇടപെടലുകളാണ് ചരിത്രത്തിൽ കടന്നുവന്ന് ജനിച്ച്, ജീവിച്ച്, മരിച്ച് ഉയർത്തെഴുന്നേറ്റത്. പിതാവ് പുത്രനിലൂടെ ചെയ്തുവച്ച രക്ഷാകര പ്രവർത്തനങ്ങളുടെ തുടർച്ച പരിശുദ്ധാത്മാവിലൂടെ പൂർത്തീകരിക്കപ്പെടുന്നു. അതായിരുന്നു ഉയിർപ്പിനുശേഷം 50–ാം ദിവസം സംഭവിച്ച പെന്തിക്കൊസ്തി. നമ്മുടെ കർത്താവിന്റെ രക്ഷാകരപദ്ധതിയുടെ അവസാനമാണല്ലോ കുരിശുമരണവും ഉത്ഥാനവും. അതിലേയ്ക്ക് തിരുസഭ തന്റെ മക്കളെ ആനയിക്കുന്നത് 50 ദിവസത്തെ നോമ്പിലൂടെയും പ്രാർത്ഥനയിലൂടെയും ആണ്. അങ്ങനെ ആദ്യഘട്ട 50 ദിവസവും, പിന്നീട് പെന്തിക്കൊസ്തി വരെ 50 ദിവസം രണ്ടാം ഘട്ടവുമായി 100 ദിവസമാണ് പെന്തിക്കൊസ്തിയുടെ അനുഭവത്തിലേക്ക് വിശ്വാസികൾ പ്രവേശിക്കുന്നത്. കർത്താവ് പറഞ്ഞുതന്ന കാര്യങ്ങളെല്ലാം ഉൾക്കൊണ്ട് ലോകത്തിൽനിന്നും മാറി പരിശുദ്ധ അമ്മയുടെ നേതൃത്വത്തിൽ ശിഷ്യന്മാർ ഒരുമിച്ച് പ്രാർത്ഥിച്ചപ്പോളാണ് പരിശുദ്ധാത്മാവ് അവരിലേയ്ക്ക് കൊടുങ്കാറ്റിന്റെയും തീനാവിന്റെയും രൂപത്തിൽ കടന്നുവന്നത് (അ.പ്ര. 1:14, 2:3)

പെന്തിക്കൊസ്തി പെരുനാളിനു ഒരുക്കമായി യേശു ശിഷ്യന്മാർക്ക് നൽകുന്ന ചില പ്രബോധനങ്ങളാണ് ഇന്നത്തെ സുവിശേഷ വിഷയം. യേശുവിന്റെ മരണം മൂലമുണ്ടാകുന്ന അവിടുത്തെ അനിവാര്യമായ അസാന്നിധ്യവും, അതുകൊണ്ടുതന്നെ അനിവാര്യമായ പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും പ്രവർത്തനവും, അതിലൂടെ വെളിവാകുന്ന ത്രിവിധ പ്രബോധനവുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാതൽ.

യഥാർത്ഥത്തിൽ ശിഷ്യന്മാർക്ക് ഈ വക കാര്യങ്ങളൊന്നുംതന്നെ മനസിലാകുകയോ വിശ്വസിക്കുകയോ ചെയ്തിരുന്നില്ല. അതുകൊണ്ടാണല്ലോ അവർക്ക് ദുഃഖമുണ്ടാകുന്നതും (യോഹ. 16:6). എന്നാൽ യേശുവിനോടുള്ള സ്നേഹം അവർക്ക് വർദ്ധിച്ചിരുന്നു. നിനക്കിങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെയെന്നു പത്രോസ് പറയുന്നതും ഇതുകൊണ്ടാണ്. ലോകത്തിന്റെ പാപം യേശുവിനെ ക്രൂശിൽ തറച്ചു. ലോകത്തിന്റെ നീതി അവിടുത്തെ കുരിശു മരണത്തെ നീതീകരിച്ചു. ലോകത്തിന്റെ നിയമം അവിടുത്തെ ശിക്ഷയ്ക്ക് വിധിച്ചു. യേശുവിന്റെ പീഢാനുഭവവും മരണവും ഈ പാപപങ്കിലമായ ലോകം പരിശുദ്ധനായ യേശുവിന്റെമേൽ ചെയ്ത വിധിയാ

ണ്. നീതിമാനെ പാപിയെന്നു മുദ്രകുത്തി, പാപമില്ലാത്തവനെ പാപിയെന്നു വിളിച്ചു. എല്ലാവരേയും ന്യായം വിധിക്കുവാൻ വന്നവനെ ന്യായം വിധിച്ചു. യേശുവിനെ ക്രൂശിൽ തറച്ചതുവഴി സത്യം ക്രൂശിക്കപ്പെട്ടു. നീതി കൊല ചെയ്യപ്പെട്ടു.

യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവാണ് ഇന്നും സഭയെ നയിക്കുന്നത്. തിരുസഭയിലൂടെ, വി. കൂദാശയിലൂടെ, തിരുവചനത്തിലൂടെ പരിശുദ്ധാത്മാവ് ഇന്നും സഭയെ നയിക്കുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോൾ ശിഷ്യന്മാർ മാറിയതുപോലെ പ്രേഷിതരായതുപോലെ പരിശുദ്ധാത്മാവിൽ നിറഞ്ഞ് പ്രേഷിതരാകുവാനാണ് ഓരോ ക്രിസ്ത്യാനിയുടെയും വിളി. അത് ആത്മാവിന്റെ എല്ലാ ഫലങ്ങളും പുറപ്പെടുവിച്ച് കൊണ്ടുവേണംതാനും. സമാഗതമായിരുന്ന പെന്തിക്കൊസ്തി തിരുനാളിനായി നമുക്ക് ഒരുങ്ങാം. അങ്ങനെ യേശുവിന്റെ സഭയുടെ വക്താക്കളായി നമുക്ക് മാറാം. പരിശുദ്ധാത്മാവിൽ നമുക്ക് നിറയാം.

## ജൂൺ 9 ഞായർ (പെന്തിക്കോസ്തിപ്പെരുനാൾ)

**റവ. ഫാ. തോമസ് പുതിയവീട്ടിൽ**

അ. പ്ര. 2: 1-13, 1 കോരി. 12:1-11, യോഹ. 14: 15-24

പെന്തിക്കോസ്തി പെരുനാളിന്റെ ആരംഭം മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം ഈജിപ്തിൽനിന്ന് കനാൻ നാട്ടിലൂടെ കടന്നുപോരുമ്പോഴാണ്. പെസഹാ പെരുന്നാളിനുശേഷം ഏഴ് ആഴ്ചകൾ കഴിഞ്ഞുവരുന്ന ശാബതുദിവസമാണ് അത് ആചരിക്കേണ്ടിയിരുന്നത് (ലേവ്യ. 23:15). പുതിയനിയമകാലത്ത് സഭയിൽ പെസഹായ്ക്കുശേഷം 50-ാം ദിവസം അതേപേരിൽ സഭ പെന്തിക്കൊസ്തി പെരുനാൾ ആഘോഷിക്കുന്നു. ആഘോഷങ്ങളുടെ പേരിൽ മാത്രമേ സാദൃശ്യമുള്ളൂ. ഇന്നത്തെ മൂന്നു വായനകളിലൂടെ നമുക്കു കടന്നുപോകാം.

അപ്പസ്തോലപ്രവർത്തനം 2-ാം അധ്യായം 1-13 വാക്യങ്ങളിൽ നാം വായിക്കുന്നത് യേശുനാഥന്റെ ഉത്ഥാനശേഷം അപ്പസ്തോലന്മാരും ശിഷ്യഗണവും ഭക്തസ്ത്രീകളും അടങ്ങുന്ന യേശുവിന്റെ അനുഗാമികളുടെ സമൂഹം യറുസലേമിൽ സമ്മേളിച്ചിരിക്കുമ്പോൾ നടന്ന സംഭവമാണ്. അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുമ്പോൾ ആകാശത്തുനിന്നു കൊടുങ്കാറ്റടിക്കുന്നതു പോലൊരു ശബ്ദം പെട്ടെന്നുണ്ടായി. അവർ ഇരുന്ന വീടുമുഴുവൻ അതുനിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള തീനാവുകൾ അവർ ഓരോരുത്തരുടേയും മേൽ വന്ന് ആവസിച്ചു. അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. കേൾവിക്കാർക്കെല്ലാം സ്വന്തം ഭാഷയിൽ മനസ്സിലാകത്തക്കവിധം അപ്പസ്തോലന്മാർ സംസാരിക്കാൻ തുടങ്ങി. ഏഷ്യ, ആഫ്രിക്കാ, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിൽനിന്ന് 16 ഭാഷകളിൽ സംസാരിക്കുന്ന ജനമാണ് അവിടെ കൂടിയിരുന്നത്.

അപ്പസ്തോലന്മാർ വിശുദ്ധ പത്രോസിന്റെ നേതൃത്വത്തിൽ വലിയ ജനക്കൂട്ടത്തോടു പ്രസംഗിക്കാൻ ആരംഭിച്ചു. ജോയേൽ പ്രവാചകന്റെ പുസ്തകം 2-ാം അധ്യായം 28-32 വാക്യങ്ങളിൽ പ്രവചിച്ചിരുന്ന കാര്യങ്ങൾ എല്ലാ മനുഷ്യരുടേയും മേൽ ദൈവം തന്റെ ആത്മാവിനെ വർഷിക്കും. അവരുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. അവരുടെ ദാസന്മാരുടേയും ദാസികളുടേയും മേലും ദൈവത്തിന്റെ ആത്മാവ് വർഷിക്കപ്പെടും. അവരും പ്രവചിക്കും. അവ കൂടാതെ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും നീണ്ട നിരയും അവിടെ സംഭവിക്കും.

പത്രോസും സഹപ്രവർത്തകരും പ്രസംഗം ആരംഭിച്ചു. സമ്മേളിച്ചിരുന്നവർക്കെല്ലാം സ്വന്തം ഭാഷയിൽ എല്ലാം മനസ്സിലാക്കാൻ സാധിച്ചു. പ്രസംഗം ഉപസംഹരിച്ചപ്പോൾ കേൾവിക്കാർ തങ്ങൾ ഇപ്പോൾ എന്താണ് ചെയ്യേണ്ടതെന്ന ചോദ്യവുമായി പത്രോസിനെ സമീപിച്ചു. പത്രോസ് അവരോട് യേശുക്രിസ്തുവിന്റെ നാമത്തിൽ പശ്ചാത്തപിക്കാനും പാപമോചനത്തിനുള്ള ജ്ഞാനസ്നാനം സ്വീകരിക്കാനും ആവശ്യപ്പെട്ടു. ഉടൻ മൂവായിരത്തോളം പേർ ശ്ലീഹന്മാരിൽനിന്ന് സ്നാനം ഏറ്റു. അങ്ങനെ ശ്ലീഹന്മാരിലും 72 ശിഷ്യന്മാരിലും ഏതാനും ഭക്തസ്ത്രീകളിലുമായി ഒതുങ്ങിനിന്ന യേശുക്രിസ്തുവിലുള്ള വിശ്വാസസമൂഹം ഒരു സഭയായി രൂപാന്തരപ്പെട്ടു. തുടർന്ന് പറയുന്നത് ഇങ്ങനെയാണ്: അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു അപ്പ.പ്രവർത്തനം 2-ാം അദ്ധ്യായം 47-ാം വാക്യത്തിൽ പറയുന്നത് അപ്പസ്തോലന്മാർ ഏക മനസ്സോടെ താൽപര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂ

ടുകയും, ദിവസംതോറും അപ്പം മുറിക്കുകയും, ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നുവെന്നാണ്. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടേയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു. അതുകൊണ്ടാണ് പെന്തിക്കോസ്തി പെരുനാൾ സഭയുടെ ജന്മദിനം ആകുന്നത്.

ഇന്നത്തെ വായനകളിൽ രണ്ടാമത്തേതായ 1 കോരിന്ത്യർ 12-ാം അദ്ധ്യായം 1 മുതൽ 11 വരെ വാക്യങ്ങളിൽ ക്രൈസ്തവസമൂഹത്തിൽ പരിശുദ്ധാത്മപ്രവർത്തനം ഒന്നാക്കി നിർത്തുന്നതിനെപ്പറ്റിയാണ്. ഈ ഐക്യത്തിന്റെ കാരണം പരിശുദ്ധാത്മ പ്രവർത്തനമാണ്. ഇവിടെ വി. പൗലോസ് ക്രൈസ്തവരിൽ നിലനിൽക്കേണ്ട ഐക്യത്തെപ്പറ്റിയാണ് പറയുന്നത്. ഓരോ വ്യക്തിയുടെയും കഴിവുകൾ, പ്രവർത്തനമേഖല, അവരവർക്കുള്ള വ്യക്തിപരമായ ദാനങ്ങൾ, ശുശ്രൂഷകൾ ഇവയ്ക്കെല്ലാം ശക്തി നല്കുന്നത് ഒരേ പരിശുദ്ധാത്മാവാണ്. ഇന്നു നമ്മൾ വിസ്മരിച്ചു പോകുന്ന വലിയൊരു സത്യമാണ് വിശുദ്ധ പൗലോസ് ഇവിടെ പറയുന്നത്. സ്കൂളുകളിൽപോലും എല്ലാ കുട്ടികളെയും ഒരേ നിലയിൽ വളർത്താനാണ് ശ്രമം. പഠിക്കുന്ന കുട്ടിയോട് അസൂയ ഉണ്ടാക്കാനും പഠനത്തിൽ കുറവുള്ള കുട്ടികളോട് അവജ്ഞയും അവഹേളനവുംമൂലം അവരെ നിരാശരാക്കാനും എല്ലാമാണ് അവസരങ്ങൾ ഉണ്ടാക്കുന്നത്. ഓരോ വ്യക്തിയിലും പ്രത്യേകം പ്രത്യേകം കഴിവുകൾ ആണ് ദൈവം നല്കിയിരിക്കുന്നത് എന്നുള്ള വലിയ പാഠം കുട്ടികളെ പഠിപ്പിക്കണം. സ്വന്തം കഴിവുകളെ വളർത്താനും സ്വയം അംഗീകരിക്കാനും അവരെ പ്രോത്സാഹിപ്പിക്കണം.

സമൂഹത്തിന്റെ നന്മയ്ക്കായാണ് എല്ലാ ജോലികളും എന്ന സത്യം നമ്മൾ മറക്കുന്നു. കൃഷിക്കാരുടെ പരിദേവനം ഓരോ ദിവസവും നമ്മൾ കേൾക്കുന്നു. കൃഷിക്കാരില്ലെങ്കിൽ നമ്മുടെ ജീവന്റെ നിലനില്പ് അസാദ്ധ്യമാണ്. അടുത്തത് മത്സ്യബന്ധനക്കാരുടേയും സാധാരണ തൊഴിലാളികളുടേയും കദനകഥകളാണ്. അവരവർ ചെയ്യുന്ന ജോലിയും ഏല്ക്കുന്ന സഹനവും സമൂഹത്തിന്റെ നിലനില്പിനാണെന്നുള്ള സത്യം ഓർക്കാം. അദ്ധ്യാപകർ, ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യരംഗത്തെ ശുശ്രൂഷകർ ഇവരെല്ലാം സമൂഹനിലനില്പിന്റെയും വളർച്ചയുടേയും കാരണക്കാരാണ്. പൊതുരംഗത്തേക്കിറങ്ങിയാൽ പരസ്പരവിദ്വേഷത്തിന്റെയും കുറ്റപ്പെടുത്തലിന്റെയും കഥകളേ നമ്മൾ കേൾക്കുന്നുള്ളൂ. ആ രംഗത്ത് പ്രവർത്തിക്കുന്നവരുടെ നന്മകൾ ഒന്നും കാണാതെ പോകുന്നു. കുറവുകളേക്കാൾ ശ്രദ്ധിക്കേണ്ടത് ഭരണകർത്താക്കളുടെയും സാമൂഹ്യ പ്രവർത്തകരുടേയും ശ്രേഷ്ഠമായ നേതൃത്വവും ത്യാഗമനസ്ഥിതിയും ആയിരിക്കണം. സഭയുടെ പ്രവർത്തനങ്ങളിലും നന്മയുടെ ഭാഗങ്ങൾ മറക്കപ്പെട്ടും പിഴവുകൾ ഊതിവീർപ്പിച്ചും, ത്യാഗസന്നദ്ധതയോടെ ആയുസ്സുമുഴുവൻ ദൈവത്തിന് സമർപ്പിച്ച് ജീവിക്കുവാൻ ശ്രമിക്കുന്നവരുടെ പ്രവർത്തനങ്ങളിലെ വീഴ്ചകൾക്ക് മാത്രമാകുന്നു പ്രചാരണം ലഭിക്കുന്നത്.

പെന്തിക്കോസ്തി പെരുനാൾ പ്രാർത്ഥനയുടേയും നന്ദിയുടേയും പരസ്പര പ്രോത്സാഹനത്തിന്റെയും പെരുനാളാകാൻ നമുക്ക് ശ്രമിക്കാം.

### ജൂൺ 16 (പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ)

**റവ. ഫാ. ഏബ്രഹാം നടുവിലേടം**

## ജീവസമൃദ്ധിയുടെ അപ്പം

അ.പ്ര. 17:10-15, ഗലാ. 5:16-26, യോഹ. 6:25-33

പെന്തിക്കൊസ്തിക്കാലം ജീവസമൃദ്ധിയുടെ കാലമാണ്. ജീവസമൃദ്ധിക്ക് നിദാനമായ ജീവന്റെ അപ്പത്തെ-യേശുവിനെ-യോഹന്നാൻ അവതരിപ്പിക്കുന്ന വി. ലിഖിതമാണ് ഇന്നത്തെ നമ്മുടെ ചിന്താവിഷയം. ഭക്ഷിച്ച് തൃപ്തരായ ഒരു ജനസഞ്ചയം യേശുവിനെ അന്വേഷിച്ച് കഫർണാമിൽ എത്തുന്നതാണ് സന്ദർഭം.

**1. അന്നന്നെയപ്പം ഇന്നും തരുന്ന ദൈവം; അവനെ അന്വേഷിക്കുന്ന ഒരുകൂട്ടം മനുഷ്യരും (6:26).**

അന്നവിചാരം മുന്നെ വിചാരം; പിന്നെ വിചാരം കാര്യ (ദൈവ) വിചാരം എന്നത് സാമാന്യ ജനത്തിന്റെ എക്കാലത്തെയും ഭാവമാണെന്നു പറയാം. അത്ര മോശമായ ഒരു നിലപാടാണോ അത്. നീ സന്ധ്യാപ്രാർത്ഥന ചൊല്ലിയിട്ടു വരൂ, അത്താഴം തരാം എന്നു പറയുന്ന അമ്മയുടെ

പക്കൽ, ഞാൻ അത്താഴം കഴിഞ്ഞ് പ്രാർത്ഥിച്ചു കൊള്ളാം എന്ന് പറയുന്ന മകന്റെ ഭാവം അപല പനീയമാണെന്നു പറയാനാകുമോ? അപ്പത്തിന്റെ നിർവൃതിയിൽ പ്രാർത്ഥനയെ തളച്ചിടാവുന്നതല്ല. അപ്പം വർജിച്ചും നിത്യജീവൻ നല്കുന്ന അപ്പത്തി നുവേണ്ടി പ്രാർത്ഥിക്കുന്നത് ശ്രേഷ്ഠതരമാണ്.

മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനംകൊണ്ടുമാണ് സമൃദ്ധി പ്രാപിക്കുന്നത് എന്ന തിരുവചനംകൊണ്ടാണ് ഒന്നാം പ്രലോ ഭനത്തെ നേരിടേണ്ടത് (മത്താ. 4:4; നിയമാ. 8:3). 'സ്വയം എളിമപ്പെടുത്തുവാനും വിശപ്പിന്റെ വിലയ റിയാനും നാല്പത് സംവത്സരം ഒരു ജനതതിയെ മരുഭൂമിയിൽ വട്ടംകറക്കിയ ദൈവത്തെപ്പറ്റിയാണ്' നിയമാവർത്തനം നമ്മെ പഠിപ്പിക്കുന്നത്.

ഇന്നിന്റെ പ്രശ്നം വ്യത്യസ്തമാണ്. തിന്നു തൃപ്തി വന്ന ഘട്ടത്തിലെങ്കിലും ദൈവാന്വേഷികളായ കഫർണാമിലെ സാമാന്യജനമെവിടെ, തിന്നു തിമിർത്ത് ആർത്തുല്ലസിക്കുന്ന ദൈവാന്വേഷണം തീരെയില്ലാത്ത, പ്രാർത്ഥന തീരെ മറന്നുപോ യ ഇന്നിന്റെ ജനസഞ്ചയമെവിടെ. നേരേ ചൊ വ്വേ ഒരു നേരമെങ്കിലും ദൈവത്തെ വിളിക്കുന്ന എത്രപേർ നമുക്ക് ചുറ്റുമുണ്ട്? ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആരാധനയിൽ താല്പര്യപൂർവ്വം സംബന്ധിക്കുന്ന എത്ര യുവജനങ്ങൾ ഉണ്ടാകും? എന്നാൽ ഭക്ഷണം വെടിഞ്ഞും നിദ്രവെടിഞ്ഞും ജാഗരണ പ്രാർത്ഥന (ചശഴവേ ഢശഴശഹ) യിൽ സംബന്ധിക്കുന്നവരും നമ്മുടെ പക്കത്തു തന്നെയു ണ്ട്. അതാണ് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം. തൃപ്തരായപ്പോഴെങ്കിലും ദൈവാന്വേഷികളാ യവരെ നമുക്ക് നമിക്കാം. സദാ അസംതൃപ്ത രായി അലസഗമനം നടത്തുന്നവരാകാതിരിക്കാൻ ശ്രദ്ധിക്കയും ചെയ്യാം.

**2. നശ്വരമായ അപ്പത്തിനുവേണ്ടിയുള്ള അദ്ധ്വാനം (6:27).**

ഭൗതിക നന്മകൾക്കുവേണ്ടി അദ്ധ്വാനിക്കാതെ ആടിയും പാടിയും നടക്കാനുള്ള അനുവാദ മായി അതിനെ തെറ്റിദ്ധരിക്കരുത്. 'അദ്ധ്വാനിക്കാ ത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' എന്നാണ് ശ്ലീഹാ കല്പിക്കുന്നത്. പങ്കുവയ്ക്കാൻ വേണ്ടിക്കൂടി ജോലി ചെയ്യണം എന്ന ആജ്ഞകൂടി നല്കുന്നുണ്ട്. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കാനു ള്ള കല്പനയെ (ഉല്പ. 3:19) യേശു പൊളിച്ചെ ഴുതുകയല്ല, മറിച്ച് അതുകൊണ്ടുമാത്രം തൃപ്തി പ്പെടരുത് എന്നു പഠിപ്പിക്കയത്രേ. നശ്വരതയിൽ ജീവിതം തളച്ചിടാതെ അനശ്വരതയെപ്പറ്റിയുള്ള ചിന്ത കാത്തുസൂക്ഷിക്കണമെന്നുള്ള പാഠമാണത്. സ്വർഗ്ഗരാജ്യം ഭക്ഷണവും പാനീയവുമല്ലെന്നും, അത് നീതിയും സമാധാനവും, പരിശുദ്ധാത്മാ വിലുള്ള സന്തോഷവുമത്രേ എന്നാണ് യേശു പഠിപ്പിക്കുന്നത്. സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം ഈ ലോകത്തിൽ അനുഭവിക്കുന്ന 'സാധു' ക്കളെയും, മഹത്തുക്കളെയും പരിവ്രാജകരെയും ഇന്നും അവിടവിടെ നമുക്ക് കാണാൻ കഴിയു ന്നുണ്ടല്ലോ. വിവേകപൂർവ്വം ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്ക് തന്നെ.

**3. ദൈവഹിതമെന്നത് അയയ്ക്കപ്പെട്ടവനിലുള്ള വിശ്വാസമത്രേ (6:29).**

If God wills ദൈവഹിതം തിരിച്ചറിയാനുള്ള നി രന്തര ശ്രമം നാം തുടരേണ്ടിയിരിക്കുന്നു. പാട്ടു കാരൻ നമ്മെ പ്രചോദിപ്പിക്കുന്നത് കാണുക:

"നിൻഹിതം ചെയ്തോനാം, നിൻസുതനെപ്പോലെ ഇന്നു ഞാൻ വരുന്നേ നിൻഹിതം ചെയ്‌വാൻ". ദൈവഹിതംപോലെ നടക്കട്ടെ എന്നത് ദൈവാ ന്വേഷിയുടെ ഭാവമാണ്. എന്തിനും ഏതിനും ദൈവഹിതം തിരിച്ചറിയാനായാൽ ജീവിതം വിജയിക്കും. എങ്കിലേ വിജയിക്കൂ. ഈ ഭാവം ആർജ്ജിച്ചാൽ നമ്മുടെ ജീവിതഭാരം മാറും. ലഘുത്വവും മഹത്വവും കൈവരും. ജോലികളും കടമകളും ദുർവഹമാകുകയില്ല. സമ്മർദ്ദങ്ങൾ (Pressurization) കുറയും. നെട്ടോട്ടത്തിന്റെ ആവശ്യം ഇല്ലാതാകും. ആഘോഷങ്ങൾക്കുവേണ്ടിയുള്ള അലച്ചിലുകൾ ഒഴിവാകും. ആഘോഷങ്ങൾ – അത് പെരുനാളോ ജൂബിലിയോ ആകട്ടെ – പരക്കം പാച്ചിലിന്റെ വേദിയാവില്ല. പരമപ്രധാനം ആഘോഷപ്രകമ്പനങ്ങളല്ല. അങ്ങനെ വരുമ്പോൾ കിടന്നാൽ ഉറക്കം വരും. പരാജയങ്ങളെ കയ് പ്പായി കാണുകയില്ല – മാധുര്യമുള്ള അനുഭവ മായി പരിവർത്തിക്കുകയും ചെയ്യും. കുരിശുകൾ മധുരമുള്ള അനുഭവമായി മാറും. ആകസ്മികത കളിലും ദൈവതൃക്കരം കാണാനാകും. അബ്ര ഹാമിനോടൊപ്പം "അത് ദൈവം തന്നെ തരും" (ഉല്പത്തി 22:8) പറയാൻ കരുത്താർജിക്കും. എന്റെ പരാജയത്തിനു കാരണം അന്യരാണെന്ന അഹി തചിന്ത അന്യമാകും. ബന്ധനവും കെട്ടുകളും താനേ അഴിയും. ദൈവാരാധനയിലല്ലോ അവ അഴിയുക. അനാവശ്യ തെറ്റിദ്ധാരണകൾക്കിടമി

ല്ലാതാകും. അബദ്ധജടിലമായ എത്രയേറെ ചിന്തകളാണ് നമ്മെ ദിനവും മഥിക്കുന്നത്! ആർക്കും ആരെയും വിശ്വാസമില്ല. ഭാര്യക്ക് ഭർത്താവിനെ, നേതാക്കന്മാർക്ക് സഹപ്രവർത്തകരെ സംശയമാണ്. കൂടോത്ര (മന്ത്രവാദ) വിശ്വാസം എത്രപേരെയാണ് മഥിക്കുന്നത്! എത്ര അയൽപക്ക സൗഹൃദങ്ങളെയാണുലയ്ക്കുന്നത്! അപരൻ എന്റെ നരകം - The other is my hell - എന്ന നീഷേയൻ നിഷേധാത്മകത ദൂരത്താകും. അപ്പോൾ ജീവിതം സ്വസ്ഥത കൈവരിക്കും. അപ്പോൾ മാത്രമേ സീലോഹായിൽ- അയയ്ക്കപ്പെട്ടവനിൽ- (യോഹ. 9:7) കഴുകാൻ കഴിയൂ. അഥവാ അവിടുന്നയച്ചവനിൽ വിശ്വസിക്കുമ്പോൾ (യോഹ. 6:29) മാത്രമേ ജീവിതം ശാന്തവും സൗമ്യവും ദീപ്തവും ലഘുത്വമാർന്നതും ആകൂ. അപ്പോൾ മാത്രമേ മനുഷ്യജീവിതം സ്വസ്ഥത കൈവരിക്കൂ. നിഷേധാത്മക ചിന്തകളെ നമുക്ക് ദൂരത്തെറിയാം.

**4. യഥാർത്ഥ അപ്പം തരുന്ന അപ്പൻ (6:32).**

മാലാഖമാരുടെ ഭോജ്യമായ മന്നയുടെ ഉടയവൻ മോശയല്ല; യഥാർത്ഥ അപ്പവുമല്ല. വിശിഷ്ടഭോജ്യമായ മന്നയെപ്പറ്റി ഒടുക്കം ഇസ്രയേൽമക്കൾ ഒന്നടങ്കം പറഞ്ഞു, "ഈ വിലകെട്ട അപ്പം തിന്നു ഞങ്ങൾ മടുത്തു" (സംഖ്യ 21:5)! ഇന്നു വിശിഷ്ടമെന്നു കരുതുന്ന അപ്പം വിലകെട്ടതാകാൻ താമസമേതുമില്ല. അപ്പത്തിന്റെ ഭവനത്തിൽ (ബേഥ്ലഹേം) പിറന്ന, "അപ്പനിൽനിന്നു പിറന്ന' അപ്പമായവനാണ് യഥാർത്ഥ അപ്പം. "നിത്യവും ഭക്ഷിച്ചാലും തീർന്നു പോകാത്തതും, നിത്യം പാനം ചെയ്താലും കുറഞ്ഞു പോകാത്തതുമായ ഇമ്പമുള്ള ഭക്ഷണപാനീയമത്രേ നീ". (സെദറ പ്രാർത്ഥന)

ഞാൻ വന്നതു ജീവനുണ്ടാകുവാനും ജീവസമൃദ്ധി ഉണ്ടാകുവാനുമത്രേ (യോഹ. 10:10). ഏകജാതനെ നമുക്കായി വിട്ടുതന്ന ദൈവസ്നേഹം തിരിച്ചറിഞ്ഞ് ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

- അന്നന്നെയപ്പത്തിന്റെ സംതൃപ്തിയിൽ മതിമറക്കാതിരിക്കാം; ആർഭാടങ്ങളിൽ മനം മയങ്ങാതിരിക്കാം. നിത്യസംതൃപ്തി നല്കുന്ന യഥാർത്ഥ അപ്പത്തെ നിത്യമന്വേഷിക്കാം.

- 'ഈ മണ്ണേപ്രതി മാണിക്യം കൈവിടാ'തിരിക്കാനുള്ള ജാഗ്രത പുലർത്താം.

- എല്ലാ കാര്യങ്ങളിലും ദൈവഹിതം തിരിച്ചറിയുന്ന വിവേകികളായി ജീവിക്കാം.

- എല്ലാ മനുഷ്യരുടെയും എല്ലാ വിശപ്പിനും ശമനമായ യഥാർത്ഥ അപ്പമായ യേശുവിനെയും അവന്റെ പിതാവും നമ്മുടെ പിതാവുമായ ദൈവത്തെയും നിത്യം സ്മരിക്കാം; സ്തുതിക്കാം. മനുഷ്യജീവിതം ധന്യമാക്കാം.

## ജൂൺ 23 (പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായർ)

**റവ. ഫാ. മാത്യു ചിറയിൽ**

# ദൈവികപ്രതിഫലം

അ.പ്ര. 4:23-31, എഫേ. 2:11-22, മത്താ. 10:38-42

ശിഷ്യനെപ്പറ്റി യേശു ദീർഘമായ പ്രബോധനം നൽകിയശേഷം പ്രതിഫല വാഗ്ദാനത്തെപ്പറ്റി പഠിപ്പിക്കുന്നു. പ്രേഷിതൻ യേശുവുമായി താദാത്മ്യം പ്രാപിക്കുന്നു എന്നതാണ് പ്രതിഫലം - യേശു അവന് അംഗീകാരം നൽകുന്നു. യേശുതന്നെയാണ് പ്രേഷിതന് മാതൃക. പിതാവായ ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്ക് അയച്ചു. മനുഷ്യനോടുകൂടിയായിരിക്കുവാനും, അവനെ ദൈവവുമായി ബന്ധിപ്പിക്കുവാനും, പിതാവിനെ കാണിച്ചുകൊടുക്കുവാനും, പിതാവിന്റെ ഇഷ്ടം അറിയിക്കുവാനുമാണ് യേശു മനുഷ്യാവതാരം ചെയ്തത്. ഏറ്റവും നിസാരമായ സേവനം ചെയ്യുന്നവനുപോലും തക്കതായ പ്രതിഫലം ലഭിക്കുമെന്ന് യേശു പഠിപ്പിക്കുന്നു. ദൈവത്തിനുവേണ്ടി പ്രേഷിതവേല ചെയ്യുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്രയോ വലുതായിരിക്കും. സഭയിൽ പലതരം ശുശ്രൂഷകൾ ഉണ്ട്. പ്രവാചകത്വം, പ്രബോധനം, പ്രസംഗം, രോഗശാന്തി എന്നിവ. ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്. ഇത്തരം ശുശ്രൂഷകൾ ചെയ്യുന്നവർക്ക് അംഗീകാരം ലഭിക്കുമെന്നാണ് യേശു ഉദ്ദേശിക്കുന്നത്. നീതിയെന്നത് ദൈവത്തിന്റെ ഗുണവിശേഷമാണ് (റോമ 3:5). നാം ദൈവത്തിന്റെ നീതിയിൽ പങ്കുചേരുമ്പോഴാണ് നീതിമാന്മാരാകുന്നത്. അതായത് നീതിമാനായ ഒരുവനെ സ്വീകരിക്കുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കുന്നു. പ്രേഷിതനു മാത്രമല്ല പ്രേഷിതനെ സ്വീകരിക്കുന്നവനും പ്രതിഫലം ലഭിക്കും. കാരണം പ്രേഷിതൻ അയയ്ക്കപ്പെട്ടവനോട്

താദാത്മ്യം പ്രാപിച്ചിരിക്കുന്നു. യേശു പിതാവിനോടും താദാത്മ്യം പ്രാപിച്ചിരിക്കുന്നതുപോലെ - ചെറിയ നന്മകൾ ചെയ്യുമ്പോൾ നാം യേശുവിന്റെ ഭാഗത്താണ് - ഇത്തരം നന്മയുടെ പ്രവൃത്തികൾ ചെയ്യുമ്പോൾ നാം യേശുവിനോടുള്ള അനുസരണത്തിലും, വിശ്വാസത്തിലും പങ്കുചേരുകയാണ് - അൽപമെങ്കിലും ദയയും അനുകമ്പയും സ്നേഹം നൽകുന്നവർക്ക് തീർച്ചയായും സ്വർഗീയ പ്രതിഫലം ലഭിക്കും. ചെറിയ പരോപകാര പ്രവൃത്തിയാണ് ദാഹിക്കുന്നവന് കുടിക്കുവാൻ വെള്ളം നൽകുന്നത് - ഏറെ ക്ലേശകരമായ പ്രവൃത്തികൾ ചെയ്തില്ലെങ്കിലും, ഈശോയുടെ നാമത്തിൽ ചെറിയ നന്മപ്രവർത്തികൾ ചെയ്താൽ അതിനെല്ലാം പ്രതിഫലം ലഭിക്കും. ഏതു പ്രവർത്തികൾ ചെയ്താലും അത് യേശുനാമത്തിൽ ചെയ്യണം. അപ്പോൾ അത് അനുഗ്രഹമായി മാറും.

## ജൂൺ 30 (പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ)

**റവ. ഫാ. മാത്യു പൊട്ടുകുളത്തിൽ**

# ജീവന്റെ അപ്പം

അ.പ്ര. 13:26-41, ഗലാ. 6:10-15, യോഹ. 6: 35-46


പല മനുഷ്യരും അവരുടെ ജീവിതത്തിൽ ആഗ്രഹിക്കുന്നത് ഒരിക്കലും മരിക്കരുതെന്നാണ്. മരിക്കുവാൻ പലർക്കും പേടിയാണ്. അല്ലെങ്കിൽ അവൻ ആഗ്രഹിക്കുന്നില്ല. ഇവിടെ യേശു പറയുന്നത്, ഒരിക്കലും മരിക്കാതെ നിത്യമായി ജീവിക്കുന്നതിനുവേണ്ടിയുള്ള അപ്പത്തെക്കുറിച്ചാണ്. മനുഷ്യന്റെ ശാരീരിക ജീവന് അതീതമായ നിത്യജീവൻ കൊടുക്കുവാൻ കഴിയുന്ന ഏക വ്യക്തി യേശുതമ്പുരാനാണ്. കാരണം നമ്മുടെ തനിമ നിലനിർത്തികൊണ്ടുതന്നെ ദൈവവുമായി ഒന്നായി തീരുവാനാണ് ആ നിത്യജീവൻ. ജീവന്റെ അപ്പത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ ഈ വേദചിന്തയുടെ പരിണാമം നാം തിരിച്ചറിയേണ്ടതുണ്ട്.

ഏദൻതോട്ടത്തിൽവച്ച് ജീവവൃക്ഷത്തിന്റെ കനി ദൈവം വാഗ്ദാനം ചെയ്തത് ഒരു വ്യവസ്ഥയിലാണ്. അവന് എല്ലാ അറിവുകളുടെയും കുത്തകാവകാശം കൈക്കലാക്കാനുള്ള പ്രലോഭനത്തെ ചെറുത്താൽ ജീവവൃക്ഷത്തിന്റെ കനി തരാം. ഒരിക്കലും മരിക്കാത്ത അവസ്ഥ നല്കാമെന്ന വാഗ്ദാനം ഒരു വ്യവസ്ഥയോടുകൂടെയാണ് നല്കപ്പെട്ടത്. എന്നാൽ വ്യവസ്ഥ ലംഘിക്കപ്പെട്ടു. ജീവന്റെ തോട്ടത്തിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. പിന്നെ പ്രകൃതിയിലെ ഫലമൂലാദികളുമായി ജീവൻ നിലനിർത്തുവാനായെങ്കിലും നിത്യം ജീവിക്കാനുള്ള അപ്പത്തിനുവേണ്ടിയുള്ള ദാഹം ശമിച്ചിരുന്നില്ല. ദൈവസൃഷ്ടിയായ നാം ഓരോരുത്തരും നിത്യമായി ജീവിക്കണമെന്നുള്ള ദൈവികാനുഗ്രഹം പൂർത്തീകരിക്കുന്നത് അവിടുത്തെ തിരുശരീരരക്തങ്ങൾ ഒരുക്കത്തോടെ സ്വീകരിക്കുന്നതുമൂലമാണ്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പത്തെ തിരിച്ചറിയാൻ കഴിയുന്നില്ലായെന്നതാണ് ഈ സുവിശേഷ ഭാഗങ്ങളിലെ യഹൂദരുടെ പ്രശ്നം. പലപ്പോഴും നാമും ഇതുപോലെ ഈ അപ്പത്തെ സംശയദൃഷ്ടിയോടെ മനസിലാക്കാൻ ശ്രമിച്ചിട്ടില്ലേ? ഈ അപ്പത്തിൽ യേശുതമ്പുരാൻ കുടികൊള്ളുന്നുണ്ടോ എന്നൊക്കെയുള്ള ചിന്തയോടുകൂടി നാമും പങ്കുചേർന്നിട്ടില്ലേ? അവിടെയാണ് യേശുതമ്പുരാൻ പറയുന്നത് എന്റെ പിതാവിനാൽ ആകർഷിച്ചല്ലാതെ ഒരുവനും എന്റെ അടുത്ത് വരുവാൻ സാധിക്കുകയില്ല. അപ്പോൾ മനുഷ്യൻ പിതാവിനാൽ ആകർഷിക്കപ്പെടണം, പിതാവിന്റെ ആകർഷണവലയത്തിലേക്ക് നാം പ്രവേശിക്കുന്നത് എങ്ങനെയാണ്? വ്യക്തിപരമായ പ്രാർത്ഥന, കുടുംബകൂട്ടായ്മയിലൂടെയുള്ള പ്രാർത്ഥന, ഭവനത്തിലെ സന്ധ്യാപ്രാർത്ഥന, വിശുദ്ധ കുർബാനയിലുള്ള ഭാഗഭാഗിത്വം ഇങ്ങനെയുള്ള പ്രാർത്ഥനാരീതികളിലൂടെ ദൈവേഷ്ടം പ്രവർത്തിക്കുന്നതുവഴിയായി നമുക്ക് പിതാവിനാൽ ആകർഷിക്കപ്പെടാൻ സാധിക്കും. അങ്ങനെ നമ്മുടെ നിത്യജീവന്റെ അപ്പമായവനെ ജീവിതത്തിൽ സ്വീകരിക്കാനാകും. യേശുവിൽ ഭവനമൊന്നാകെ, വ്യക്തിജീവിതമൊന്നാകെ അടിസ്ഥാനപ്പെടുത്തി മുന്നോട്ട് പോകാൻ ഈ സുവിശേഷഭാഗം ഇടയാകട്ടെ.

# ധനവാനും ലാസറും

ഫാ. മാത്യു ചിറയിൽ





മൃത്യുയെത്തുമേ നൂനം
ലാസറും ധനവാനും
കാതിലോതുന്നു നിത്യം
ഓർക്കുവിൻ മനുജരെല്ലാരും
നൽകുവിൻ പടിക്കലായ്
നീട്ടുന്ന കരങ്ങളിൽ
തീർത്ഥ തുള്ളികളായ്
കാരുണ്യമാകും മുത്തുകളെ,
കരുണക്കായ് കേഴുന്നൊരു
നാളിതു വന്നു ചേരാം
തീയതിൽ വീണോരേ നാം
രക്ഷിക്കുമീക്ഷണത്തിൽ
അബ്രഹാമിന്റെ മടി-
ത്തട്ടിലെ സ്നേഹചൂടിൽ
രമിക്കാൻ കൊതിക്കുവിൻ
സ്നേഹത്തിൽ തപിക്കുവിൻ
ഇന്നു നാം ധരിക്കുന്ന
പട്ടുവസ്ത്രത്തിൻ പ്രഭ
കണ്ടങ്ങു നടുങ്ങുവിൻ
തീയതു വിഴുങ്ങീടും.
ഇന്നു നീ സിംഹാസനാ-
രൂഢനായിരുന്നാലും
നാളെ നീ വെറും ജഡം
വെടിയൂ അഹന്തയെ

# മനസ്താപം



ജെൻസി ഗ്രിഗറി
പിന്നണി ഗായിക



ഇതുവരെ അറിയാത്ത യേശുവിനെ
ഇന്നു ഞാൻ കാണുന്നെൻ ഹൃദയത്തിൽ
അറിയാത്തതോർത്തു ഞാൻ കരയുന്നു
എന്റെ അപരാധമെല്ലാം പൊറുക്കേണമേ.

എത്ര പറഞ്ഞാലും തീരാത്തൊ
രനുഗ്രഹക്കടലായ്
നീ എനിയ്ക്കേകിയില്ലേ
എന്റെ കാലുകൾ വീഴാതെ
പതറാതെ ചരിയ്ക്കുവാൻ
കർത്താവേ നീ എന്റെ കൂടെയില്ലേ.

സകലം സമർപ്പിയ്ക്കും ജീവിതയാത്രയിൽ
കരുണയായ് നീ എന്റെ ചാരെയില്ലേ
അഗ്നിജ്വാലയായ് എരിയുന്ന
മനസ്സിന്റെ തേങ്ങൽ
മായ്ക്കുവാൻ നീ എന്റെ അരികിലില്ലേ.

നീ മാത്രമാശ്രയം നീ മാത്രമഭയം
നീ മാത്രമേക രക്ഷകൻ
നീ എനിയ്ക്കേകുന്ന നിമിഷങ്ങൾക്കെല്ലാം
ഒരായിരം നന്ദി ഞാൻ ഏകുന്നു.

സുറിയാനി പഠനം

# മർദ്ദൂസോ – മൂന്നാം ഭാഗം



സി.ജോസി എസ്.ഐ.സി.

കഴിഞ്ഞ ലക്കത്തിൽ നമ്മൾ നാല് അക്ഷരം പഠിച്ചുവല്ലോ. തുടർന്നുള്ള ആറ് അക്ഷരങ്ങൾ കൂടി നമുക്ക് പഠിക്കാം. നേരത്തെ പറഞ്ഞിരുന്നതുപോലെ 22 അക്ഷരങ്ങളും 5 പുള്ളികളും (ീംലഹ) ആണ് സുറിയാനി ഭാഷയിൽ ഉള്ളത്. അക്ഷരങ്ങളുടെ പേരുകൾ ഒരു ഗാനരൂപത്തിൽ നമുക്ക് പഠിക്കാം.

**"നിന്നാൾ സ്തുതിയൊടു രാജമകൾ"** എന്ന രീതി (ഒന്നാം നിറം)
ഇരുപത്തിരണ്ട് അക്ഷരങ്ങളും ഹാലേ...ഉ...ഹാലേ...
പുള്ളികൾ അഞ്ചും ഭാഷയിൽ-
**"ഭക്തർ പുകഴ്ചാ ഭാജനമേ"** എന്ന രീതിയിൽ
ഓലഫ്, ബേസ്, ഗോമൽ, ദോലത്
ഹെ, വാവ്, സായ്, ഹേസ്, ഥേസ്, യൂദ്
ഖോഫ്, ലോമദ്, മീം, നൂൻ, സെമ്ഖസ്
എ, ഫെ, സോദെ, കോഫ്, റീശ്
ശീൻ, താവ്, സുറിയാനി അക്ഷരങ്ങൾ
**ഇനി നമുക്ക് അക്ഷരങ്ങൾ പരിചയപ്പെടാം.**



ഈ അക്ഷരങ്ങളെല്ലാം വ്യഞ്ജനങ്ങളാകുന്നു. അതായത്, സ്വയമായി ഉച്ചാരണമില്ലാത്തവ. ഓരോ അക്ഷരത്തിനും സ്വയമായി അവയുടെ പേര് ഉച്ചരിക്കുവാൻ ഉപയോഗിക്കുന്ന പദത്തിന്റെ ആദ്യ ശബ്ദമാണ് അതിന്റെ മൂലമായ ഉച്ചാരണം.

ഉദാ: i യ് ....... t ത് ...... h ഹ് ......... z സ് ..... w വ് ...... h ഹ് ....... d ദ് ...... g ഗ് ........ b ബ് ........ a അ് .......

8. ഹേസ് ......... വരയുടെ മുകളിൽ തുടങ്ങി ഇടത്തോട്ട് രണ്ട് കുനുപ്പുകൾ
9. ഥേസ് ..... മുകളിൽ തുടങ്ങി വരയും കടന്ന് താഴേക്ക് വന്ന് വലത്തോട്ട്, മുകളിലേക്ക്, ഇടത്തേക്ക്
10. യൂദ് ...... ചെറിയ ഒരു കുനുപ്പ് (ഒരു കോമപോലെ)

**സുറിയാനി അക്ഷരങ്ങൾ എഴുതുന്ന വിധം**





# FIRST DEATH ANNIVERSARY

Death : 27 June 2018

In Loving Memory of

**MRS. ANNAMMA THOMAS**

**(TEACHER)**

Achuthaparampil

Nedumprom

M.M Thomas,
Bindhu & Raju, Saji & Bexy,
Denny & Biju
Sourav, Sebin, Sanju, Johan, Jewel,
Juvana, Steeve and Serah



**5th Anniversary in Heaven**
26-06-2019

**ബേബി വറുഗീസ്**
തൊട്ടിയിൽ, വാളക്കുഴി

പ്രാർത്ഥനാപുഷ്പങ്ങൾ
അർപ്പിച്ചുകൊണ്ട്
സ്നേഹസ്മരണകളോടെ

Loving Family,
Relatives & Friends

## ഒന്നാം ചരമവർഷികം



**ജോയൽ പൗലോസ്**
**പുത്തൻവീട്ടിൽ**
**മരണം : 01-06-2018**

സന്തപ്ത കുടുംബാംഗങ്ങൾ

## വിവാഹ ഒരുക്ക സെമിനാർ 2019

**സ്ഥലം : ശാന്തിനിലയം, തിരുവല്ല, ഫോൺ : 0469 2603968, 9497462813**

ജൂൺ : 4, 5, 6 - 25, 26, 27, ജൂലൈ : 9, 10, 11 - 23, 24, 25

**നിർദ്ദേശങ്ങൾ**

സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.

സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ചാൽ വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.

സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.




# ലോഗോസ് 2019 പഠനസഹായി

(മൂന്നാം ഭാഗം)

**തയ്യാറാക്കിയത് : ഫാ. മാത്യു പൊട്ടുകുളത്തിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്, തിരുവല്ല അതിഭദ്രാസനം



**നിയമാവർത്തനം - അദ്ധ്യായം 17**

1. ഇസ്രായേലിൽ ഒരു ഹീനകൃത്യം നടന്നിരിക്കുന്നു എന്ന് തെളിഞ്ഞാൽ അവരെ എന്ത് ചെയ്യണം എന്നാണ് നിയമാവർത്തനം 17:5 പറയുന്നത്?
   ആ തിന്മ പ്രവർത്തിച്ചയാളെ പട്ടണവാതില്ക്കൽ കൊണ്ടുവന്ന് കല്ലെറിഞ്ഞു കൊല്ലണം.
2. എത്രപേർ അവനെതിരായി മൊഴി നൽകിയാലാണ് വധിക്കാനാവുക എന്ന് നിയമാവർത്തനം 17:6 പറയുന്നത്?
   രണ്ടോ മൂന്നോ സാക്ഷികൾ
3. അങ്ങനെ ആ തിന്മ നിങ്ങളുടെ ഇടയിൽ നിന്നും നീക്കിക്കളയണം എന്ന് നിയമാവർത്തനം 17:7 പറയുന്ന തിന്മ ഏത്?
   വിഗ്രഹാരാധന
4. രാജാവിന്റെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള നിബന്ധനകൾ എത്ര? അതിൽ ആദ്യത്തേത് എന്ത്?
   3, കർത്താവ് തിരഞ്ഞെടുക്കുന്ന ആളെയാണ് രാജാവാക്കേണ്ടത്
5. ആരെയാണ് രാജാവാക്കണം, രാജാവാക്കരുത് എന്ന് 17:15 പറയുന്നത്?
   സഹോദരനെ രാജാവായി വാഴിക്കാം, പരദേശിയെ രാജാവാക്കരുത്
6. രാജാവ് സിംഹാസനസ്ഥനായിരിക്കുമ്പോൾ എന്ത് ചെയ്യണം എന്നാണ് 17:18 ൽ പറയുന്നത്?
   ലേവ്യപുരോഹിതരുടെ പക്കൽ സൂക്ഷിക്കപ്പെടുന്ന നിയമത്തിന്റെ പകർപ്പ് പുസ്തകചുരുളുകളിൽ എഴുതിയെടുക്കണം.
7. രാജാവ് കുതിരകളുടെ എണ്ണം വർദ്ധിപ്പിക്കരുത് അതിനായി ജനം ഈജിപ്തിലേക്കു മടങ്ങിപോകാൻ ഇടയാക്കുകയുമരുത് എന്ന് പറയുന്നതിന് കാരണം എന്ത്?
   ആ വഴിയെ തിരികെ പോകരുതെന്ന് കർത്താവ് കല്പിച്ചിട്ടുണ്ട്. (നിയമ.17:16)
8. അങ്ങനെ തന്റെ ............................ വലിയവനാണ് താനെന്ന്, അവർ വിചാരിക്കുകയോ പ്രമാണങ്ങളിൽ നിന്ന് ഇടംവലം വ്യതിചലിക്കുകയോ ചെയ്യാതിരിക്കട്ടെ.
   സഹോദരനെക്കാൾ
9. രാജാവ് തനിക്കുവേണ്ടി എന്തൊക്കെയാണ് സംഭരിക്കരുതെന്ന് നിയമാവർത്തനം 17:17 ൽ പറയുന്നത്?
   പൊന്നും വെള്ളിയും
10. നിയമാവർത്തനം 17:1 ന് സമാനമായ വി. ഗ്രന്ഥഭാഗം ഏത്?
    ലേവ്യ 22:17:24
11. നിയമാവർത്തനം 17:27 ന് സമാനമായ ഗ്രന്ഥഭാഗം ഏത്?
    പുറപ്പാട് 22:20

12. നിയമാവർത്തനം 17:27 ലെ രണ്ടോ മൂന്നോ സാക്ഷികൾ എന്ന പരാമർശം കാണുന്ന സുവിശേഷഭാഗം ഏത്?
മത്തായി 18:16
13. നിയമാവർത്തനം 17:27 ന് സമാനമായ ലേഖനഭാഗങ്ങൾ ഏവ?
ഹെബ്രായർ 10:28, 2 കൊറിന്തോസ് 13:1

**നിയമാവർത്തനം - അദ്ധ്യായം 18**

1. പുരോഹിതഗോത്രമായ ലേവിക്ക് എന്ത് ഉണ്ടായിരിക്കുകയില്ല എന്നാണ് നിയമാവർത്തനം 18:1 ചൂണ്ടിക്കാണിച്ചിരിക്കുന്നത്?
ഓഹരിയും അവകാശവും
2. ഇസ്രായേലിലെ മറ്റ് ഗോത്രങ്ങളെപോലെ ഓഹരിയും അവകാശവും ഇല്ലാത്ത ഗോത്രം ഏത്?
പുരോഹിതഗോത്രമായ ലേവി
3. സഹോദരന്മാർക്കിടയിൽ അവർക്ക് ഓഹരി ഉണ്ടായിരിക്കുകയില്ല. ആർക്ക്? നിയമാ. 18:2
ലേവിഗോത്രത്തിന്
4. ബലിയർപ്പിക്കുന്ന ജനത്തിൽനിന്നും പുരോഹിതന്മാർക്കുള്ള വിഹിതം എന്ത്? നിയമാ. 18: 3-4
ബലി കഴിക്കുന്ന കാളയുടെയും ആടിന്റെയും കൈകുറകുകൾ, കവിൾത്തടങ്ങൾ, ഉദരഭാഗം, ധാന്യം, വീഞ്ഞ്, എണ്ണ എന്നിവയുടെ ആദ്യഫലം, ആടുകളിൽനിന്ന് ആദ്യം കത്രിച്ച് എടുക്കുന്ന രോമം.
5. ഇസ്രായേലിലെ സകല ഗോത്രങ്ങളിൽ നിന്ന് തന്റെ മുമ്പിൽ നില്ക്കാനും തന്റെ നാമത്തിൽ ശുശ്രൂഷ ചെയ്യാനും ദൈവമായ കർത്താവ് എന്നേക്കുമായി തിരഞ്ഞെടുത്തിരിക്കുന്നത് ആരെയാണ്?
നിയമാ. 18:5
ലേവിയെയും അവന്റെ പുത്രന്മാരെയും
6. ഇസ്രായേൽ പട്ടണങ്ങളിൽ എവിടെയെങ്കിലും താമസിക്കുന്ന .................................
..... കർത്താവ് തിരഞ്ഞെടുക്കുന്ന സ്ഥലത്തുവരാൻ ആഗ്രഹിക്കുകയാണെങ്കിൽ വന്നുകൊള്ളട്ടെ. നിയമാ. 18:6
ഒരു ലേവ്യൻ
7. ആരൊക്കെ നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കരുത് എന്നാണ് നിയമാവർത്തനം 18:10-11 പറയുന്നത്?
മകനെയോ മകളെയോ ഹോമിക്കുന്നവൻ, പ്രാശ്നികൻ, ലക്ഷണം പറയുന്നവൻ, ആഭിചാരകൻ, മന്ത്രവാദി, വെളിച്ചപാട്, ക്ഷുദ്രക്കാരൻ, മൃതസന്ദേശ വിദ്യക്കാരൻ
8. നിയമാവർത്തനം 18:13 നുശേഷം നല്കിയിരിക്കുന്ന ഭാഗത്തിന്റെ തലക്കെട്ട് എന്ത്?
മോശയെപ്പോലെ ഒരു പ്രവാചകൻ
9. കർത്താവ് ഇസ്രായേൽക്കാരുടെ മുമ്പിൽ നിന്ന് അന്യജനതകളെ നിഷ്കാസനം ചെയ്യുന്നത് എന്ത് നിമിത്തമാണ്? നിയമ. 8:12
അവരുടെ മ്ലേച്ഛപ്രവർത്തികൾ നിമിത്തം
10. നിയമാവർത്തനം 18:13 ന് സമാനമായ സുവിശേഷഭാഗം ഏത്?
മത്തായി 5:48
11. അവൻ പറഞ്ഞതെല്ലാം നന്നായിരിക്കുന്നു. നിയമാവർത്തനം 18:17 ൽ ആര് ആരോട് പറഞ്ഞു?
ആരെക്കുറിച്ചാണ് ഇപ്രകാരം പറഞ്ഞത്?
കർത്താവ് മോശയോട്, ഇസ്രായേൽജനത്തെക്കുറിച്ച്
12. കർത്താവ് ജനത്തിന്റെ അടുക്കലേക്ക് അയക്കുന്ന പ്രവാചകന്റെ നാവിൽ നിക്ഷേപിക്കുന്നത് എന്ത്?
നിയമാ. 18:18
കർത്താവിന്റെ വാക്കുകൾ
13. കർത്താവ് കല്പിക്കാത്ത കാര്യം അവിടുത്തെ നാമത്തിൽ പറയുകയോ അന്യദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ അവനുള്ള ശിക്ഷ എന്ത്? നിയമ. 18:20
അവൻ വധിക്കപ്പെടണം
14. നീ അവനെ ഭയപ്പെടേണ്ടാ. ആരെ ഭയപ്പെടേണ്ടാ എന്നാണ് നിയമാവർത്തനം 18:22 ൽ പറയുന്നത്?
അവിവേകത്തോടെ സ്വയം സംസാരിച്ച പ്രവാചകനെ
15. നിയമാവർത്തനം 18:19 ന് സമാനമായ പുതിയ നിയമഭാഗം ഏത്?
അപ്പസ്തോലപ്രവർത്തനം 3:23

**നിയമാവർത്തനം-അദ്ധ്യായം 19**

1. എന്താണ് നിയമാവർത്തനം 19 ൽ പ്രതിപാദിക്കുന്ന വിഷയം?
അഭയനഗരങ്ങൾ
2. ദൈവം അവകാശമായി തരുന്ന സ്ഥലത്ത് വേർതിരിക്കേണ്ടത് എന്ത്? നിയമാ. 19:2
3 പട്ടണങ്ങൾ
3. അഭയനഗരങ്ങൾ വേർതിരിക്കേണ്ടത് എപ്രകാരമാണെന്നാണ് നിയമാവർത്തനം 19:3 പറയുന്നത്?

മൂന്നായി വിഭജിക്കണം, ഏത് കൊലപാതകിക്കും ഓടിയൊളിക്കാൻവേണ്ടി മൂന്ന് വഴികൾ നിർമ്മിക്കണം

4. കർത്താവിനോട് വിശ്വസ്തത പുലർത്തുന്ന ജനത്തിന്, പിതാക്കന്മാരോട് അവിടുന്ന് വാഗ്ദാനം ചെയ്ത ദേശം മുഴുവൻ നല്കുമ്പോൾ അവർ എന്ത് ചെയ്യണം?
   മറ്റ് മൂന്ന് പട്ടണങ്ങൾകൂടി ആദ്യത്തെ മൂന്നിനോട് ചേർക്കണം
5. ഇസ്രായേലിൽനിന്ന് തുടച്ചുമാറ്റേണ്ടത് എന്ത്? നിയമാ. 19:13
   നിഷ്കളങ്കരക്തം ചിന്തിയ കുറ്റം
6. നിന്റെ ദൈവമായ കർത്താവ് നിനക്ക് അനുവദിച്ചു തരുന്ന ദേശത്ത് ആരുടെ രക്തം ഒഴുക്കുകയും, ആ രക്തത്തിന്റെ കുറ്റം നിന്റെമേൽ പതിക്കാതിരിക്കുകയും ചെയ്യണമെന്നാണ് നിയമാവർത്തനം 19:10 പറയുന്നത്. ആരുടെ?
   നിർദോഷന്റെ
7. ദൈവമായ കർത്താവ് അവകാശമായി തരുന്ന ദേശത്ത് നിനക്ക് ഓഹരി ലഭിക്കുമ്പോൾ പൂർവ്വികർ സ്ഥാപിച്ചെടുത്തുനിന്ന് മാറ്റരുതെന്ന് പറയുന്നത് എന്ത്? നിയമാ. 19:14
   അയൽക്കാരന്റെ അതിർത്തിക്കല്ല്
8. തെറ്റിന്റെയോ കുറ്റത്തിന്റെയോ സത്യാവസ്ഥ തീരുമാനിക്കാൻ എത്ര സാക്ഷികൾ വേണം?
   നിയമാ. 19:15
   രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴി വേണം.
9. നിയമാവർത്തനം 19:21 സമാനമായ സുവിശേഷഭാഗം ഏത്?
   മത്തായി 5:38
10. നിയമാവർത്തനം 19:21 സമാനമായ പഴയ നിയമഭാഗങ്ങൾ ഏവ?
   പുറപ്പാട് 21:23-25, ലേവ്യ 24:19-20
11. ജീവനുപകരം ജീവൻ, കണ്ണിനു കണ്ണ്, പല്ലിനു പല്ല്, കൈക്ക് കൈ, കാലിനു കാല് അദ്ധ്യായവും വാക്യവും
   നിയമാവർത്തനം 19:21

**നിയമാവർത്തനം-അദ്ധ്യായം 20**

1. യുദ്ധത്തിനു പോകുമ്പോൾ ഭയപ്പെടരുതെന്ന് പറയുന്ന സന്ദർഭമേത്?
   ശത്രുവിന് നിന്നെക്കാൾ കൂടുതൽ കുതിരകളും രഥങ്ങളും സൈന്യങ്ങളും ഉണ്ടെന്നു കണ്ടാൽ
2. യുദ്ധം തുടങ്ങാറാകുമ്പോൾ ..................... .......... മുന്നോട്ട് വന്ന് ജനത്തോട് സംസാരിക്കുന്നു.
   നിയമാ. 20:2, പുരോഹിതൻ
3. യുദ്ധത്തിൽ പങ്കെടുക്കുവാൻ അർഹരല്ലാത്തവരെ പ്രഖ്യാപിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നത് ആര്? നിയമാ. 20:5
   നായകന്മാർ
4. നായകന്മാർ ജനത്തോട് സംസാരിച്ചു കഴിയുമ്പോൾ എന്ത് ചെയ്യണം? നിയമാ. 20:19
   ജനത്തിനെ നയിക്കുന്നതിനായി പടത്തലവന്മാരെ നിയമിക്കണം.
5. എന്നാൽ ആ നഗരം സന്ധി ചെയ്യാതെ നിനക്കെതിരെ യുദ്ധം ചെയ്താൽ നീ എന്ത് ചെയ്യണം?
   അതിനെ വളഞ്ഞ് ആക്രമിക്കണം.
6. വചനം എഴുതുക. നിയമാ. 20:16
   എന്നാൽ നിന്റെ ദൈവമായ കർത്താവ് നിനക്ക് അവകാശമായി തരുന്ന ജനതകളുടെ പട്ടണങ്ങളിൽ ഒന്നിനെയും ജീവിക്കാൻ അനുവദിക്കരുത്.
7. സ്ത്രീകളെയും കുട്ടികളെയും കന്നുകാലികളെയും എന്തുചെയ്യണം?
   കൊള്ളവസ്തുക്കളായി എടുക്കണം.
8. നിയമാവർത്തനം 20:17 ൽ പരാമർശിക്കുന്ന ജനതകൾ ഏവ?
   ഹിത്യർ, അമോര്യർ, കനാന്യർ, പെരീസ്യർ, ഹിവ്യർ, ജബൂസ്യർ
9. വൃക്ഷങ്ങൾ കോടാലികൊണ്ട് വെട്ടി നശിപ്പിക്കരുതെന്ന് പറയുമ്പോൾ അവർക്ക് ഭക്ഷിക്കാവുന്നത് എന്ത്?
   അവയുടെ ഫലങ്ങൾ
10. നിയമാവർത്തനം 20:19 ൽ ചൂണ്ടിക്കാണിക്കുന്ന ചോദ്യമെന്ത്?
   വയലിലെ മരങ്ങളെ ഉപരോധിക്കാൻ അവ മനുഷ്യരാണോ?
11. എന്നാൽ അവ വെട്ടിക്കളയരുത്? എന്താണ് വെട്ടിക്കളയരുത് എന്ന് നിയമാവർത്തനം 20:19 പറയുന്നത്?
   ഭക്ഷണത്തിന് ഉപകരിക്കുന്ന വൃക്ഷങ്ങൾ
12. ഇവർ നിങ്ങളെ പഠിപ്പിക്കരുതെന്ന് പറയുന്ന കാര്യങ്ങൾ എന്താണ്? നിയമാ 20:18
   ദേവന്മാരുടെ മുമ്പിൽ ചെയ്യുന്ന മ്ലേച്ഛതകൾ

---

തുടരും...

# A Lost Legacy - 
# ROSALIND FRANKLIN



Krupa Grace Mathew
Kallissery



She knew what she wanted, to fall in love with science, but the world refused to laud her, but time has been fair to some and she is one of them.

From young she had retained an affinity towards academics, taking to solve arithmetic problems as a favourite pass time and invariably getting them right. Her rather clever disposition caused her father to consider sending her to a private school alongside her elder brother, David. Born into an affluent and influential Jewish family who had their roots deep in the British elitist society, Rosalind Franklin had an sheltered upbringing receiving the best education at the time that nurtured her scientific inclinations and curiosity. Her family had escaped from the Nazi onslaught against Jews during the early years of the Great War and attained sanctum in the British Isles.

Her father was a merchant banker and who also supplemented his means by teaching in the city's Working Men's College. Her uncle ,Herbert Samuel was the Home Secretary in the British Cabinet, her aunt was active in the women suffragist movements and was a noted pubic figure. The liberal temperament of her family augmented her academic appetite allowing her to pursue her dreams. At the age of 11, she was sent to St Paul's Girls' School, West London, one of the few girls' schools in London that taught physics and chemistry, subjects not considered suitable for ladies intended for matrimony. She showed exceptional ability in science and Latin. She attained fluency in German and French, which she considered particularly useful in her frequent visits to her grandmother settled in France. She was prodigious in her school days topping her classes and cleared her matriculation with distinction in six subjects.

Despite some initial opposition she opted to pursue chemistry at the Newnham College, Cambridge one of the two women's colleges at the university. She was expected to choose some subject traditionally considered suitable for women. However she refused to submit. The path that spread before her seemed ceaseless, she was given an opportunity to showcase her passion for science when she bagged a research fellowship at Cambridge under the future Nobel laureate Ronald George Wreyford Norrish. Nev-

ertheless, his lack of enthusiasm hampered her success. She quit after an year and volunteered as an Air Raid Warden and regularly made patrols to see the welfare of people during air raids.

With the end of the second world war in sight she acquired employment under Jacques

Mering at the Laboratoire Central des Services Chimiques de l'Etat in Paris. It was here she learned

and mastered the practical aspects of applying X-ray for eliciting scientific data. Her efforts were published regularly in the textbook Chemistry and Physics of Carbon. By the onset of the new decade she had begun to look for employment opportunities at her home state and through various means was conferred a fellowship at the King's College.

Her time there proved path breaking as it contributed to her subsequent interest in biochemistry and later popularity as an exemplary chemist. Along with John Randall she examined the structure of DNA exploiting her knowledge of X-ray . Their studies led to the discovery of the twin character of the structure, when wet and dry. However their relationship lacked a amicable consciousness and hence had to part due to a series of misunderstandings. They sought to continue their studies separately, her scientific moorings suggested a helical structure for the DNA.

However by 1953, she had turned her attention to the structure of plant viruses, particularly tobacco mosaic virus (TMV). Working with a team that included future Nobelist Aaron Klug, Franklin made meticulous x-ray diffraction photos of the viruses and made outstanding discoveries on the RNA.

By the middle of the decade, she fell prey to a greater predator, ovarian cancer. She first suspected it when she suddenly found it hard to zip her skirt one morning. However, her illness didn't succeed in keeping her away from exercising her talents. She published a hoard of papers and satiated her curiosity with even greater vigour. In 1958, she succumbed to an after wave of gynaecological cancer, at the tender age of 37 she breathed her last.

Despite her many contributions to the field of biochemistry she remains a lesser known figure which is the result of the deprivation of magnanimity among many prominent scientists of the era who had invariably credited from her work but failed to publicly acknowledge the importance of her work. Crick, Watson, and Wilkins shared the 1962 Nobel Prize for Physiology or Medicine for their work on the structure of DNA. None gave Franklin credit for her contributions at that time. She was reduced to just a footnote in Watson's memoir Double Helix, where was portrayed as an obstinate and bad tempered woman sans distinctive talent to truly comprehend the significance of her findings.

Her recognition had come only after her demise. Numerous accolades were showered upon her posthumously. She is now considered a pioneer in the discovery of structure of DNA. As the dark haired ,adamant and dominating woman who makes her point loud and clear with her penetrating eyes, Rosalind Franklin is often portrayed as a allegorical figure, a true feminist in battle against sexism throughout her life. Her life pays testimony to numerous women who had lost themselves in the thick folds of history, unacknowledged they had receded into voids of time waiting for reminiscence by all posterity.

SAMEEKSHA CATECHISM
Thiruvalla

# ജൂനിയർ മോസസ്

കുട്ടികളുടെ കൂട്ടുകാരൻ



# BISHOP'S DAY PROGRAMME












# BISHOP'S DAY PROGRAMME













ബഥനി സന്യാസിനി സമൂഹത്തിലെ തിരുവല്ലാ പ്രോവിൻസിന്റെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ ടീം. റവ. സി. പ്രേഷിത., റവ. സി. റ്റെസി മരിയ., മദർ പ്രൊവിൻഷ്യൽ റവ. സി. ലില്ലി ജോസ്., റവ. സി. ജോബ്സി., റവ. സി. ജിയോവാനി., റവ. സി. തേജസ് മേരി.



എം.സി.എ. സഭാതലസമിതിയുടെ കർമ്മപരിപാടി ഉദ്ഘാടനവും റിസോഴ്സ് ടീം രൂപീകരണവും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി നിർവ്വഹിക്കുന്നു. പ്രസിഡന്റ് വി. പി. മത്തായി, ജനറൽ സെക്രട്ടറി ചെറിയാൻ ചെന്നീക്കര, ട്രഷറർ ബാബു അമ്പലത്തുങ്കല, ജോജി വിഴലിൽ, ശോശാമ്മ തോമസ് എന്നിവർ സമീപം.



ഹോളിസ്പിരിറ്റ് സന്യാസിനിസമൂഹത്തിന്റെ സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടന്ന പൊതുസമ്മേളനം മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്താ, റവ. സി. മേഴ്സി, റവ. സി. മേരി ശോശാമ്മ എന്നിവർ സമീപം.



പുതുതായി പണികഴിപ്പിച്ച് കൂദാശ ചെയ്ത നിരണം സെൻട്രൽ സെന്റ് ജോസഫ്സ് മലങ്കര കത്തോലിക്കാപള്ളി. ഇതിന്റെ കൂദാശ ഏപ്രിൽ 27-ാം തീയതി അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ നിർവ്വഹിച്ചു.

# REMEMBRANCE - JUNE




Fr Joseph Nilappana
01 June 1976



V. C. Geevarghese
Corepiscopo
06 June 1991




Fr Joseph Padinjarekara
11 June 1980



Fr Chacko
Muttathuparampil
22 June 1989



Fr Philip Erattamakil
24 June 1979



Fr Joseph
Vadakkekara
24 June 2016




Fr Thomas Pazhoor
30 June 1994

## ആദരാഞ്ജലികൾ



ഡോട്ടേഴ്സ് ഓഫ് മേരി (ഡി.എം.) സന്യാസിനിസമൂഹത്തിന്റെ മദർ ജനറലായിരുന്ന റവ. സി. ഫ്രാൻസീന പള്ളിക്കൽ ഡി.എം. (72) മെയ് ഒന്നാം തീയതി നിര്യാതയായി. 2012 മുതൽ മലങ്കര കത്തോലിക്കാ സുവിശേഷസംഘത്തിന്റെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു. ബഹു. സിസ്റ്ററിന് തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും ആദരാഞ്ജലികൾ

## ഉപകാരസ്മരണ




**രാജി മനോജ്**
**കാഞ്ഞിരം നിൽക്കുന്നതിൽ**
**അയിരൂർ**

**ജൂൺ 11**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. ജേക്കബ്**
**മാർ ബർണബാസ്**

**ജൂൺ 28**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. സാമുവേൽ**
**മാർ ഐറേനിയോസ്**


**ജൂൺ 29**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. വിൻസെന്റ്**
**മാർ പൗലോസ്**

---

**ജൂൺ 29**
**മെത്രാഭിഷേക വാർഷികം**



**മോസ്റ്റ് റവ. ഡോ. യൂഹാനോൻ**
**മാർ ക്രിസോസ്റ്റം**

**ജൂൺ 29**
**മെത്രാഭിഷേക വാർഷികം**



**മോസ്റ്റ് റവ. ഡോ. ജോഷ്വാ**
**മാർ ഇഗ്നാത്തിയോസ്**

## 2019 ജൂൺ
## പ്രധാനപ്പെട്ട ദിവസങ്ങൾ

ജൂൺ 09 - പെന്തിക്കോസ്തിപ്പെരുന്നാൾ
ജൂൺ 11 - അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ നാമഹേതുകത്തിരുന്നാൾ
- മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം (1932)
തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും (1932), തിരുവല്ല അതിഭദ്രാസനത്തിന്റെയും സ്ഥാപനം (1932)
ജൂൺ 16 - ശ്ലീഹാ നോമ്പാരംഭം
ജൂൺ 24 - ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ
ജൂൺ 27 - അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മ (1956)
ജൂൺ 28 - അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ
ജൂൺ 29 - മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ (ശ്ലീഹാ നോമ്പുവീടൽ)
- സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപനദിനം (1989)
- അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും (1998),
ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും (1998) മെത്രാഭിഷേക വാർഷികം.
- അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ

# Matrimonial

M - 285

മലങ്കര കത്തോലിക്ക തിരുവല്ല അതിരൂപതാ യുവാവ് (29/5.5 ) Plus two, X-ray welding, ഇപ്പോൾ ദുബായ് അജ്മലിൽ ഡ്രൈവറായി ജോലി ചെയ്യുന്നു. അനു യോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact : 9645259439

M - 286

മലങ്കര കത്തോലിക്ക തിരുവല്ല അതിഭദ്രാ സനത്തിൽപ്പെട്ട യുവാവ് (28 വയസ്സ്). ബി.കോം കമ്പ്യൂട്ടർ(MFA) UAE യിൽ അക്കൗണ്ടന്റ്, നാട്ടിലോ വിദേശത്തോ ജോലിയുള്ള പെൺകുട്ടിക ളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact : 9847105424

## അഭിനന്ദനങ്ങൾ...



എം.ജി.യൂണിവേഴ്സിറ്റി എം.ബി.എ. പരീക്ഷയിൽ 7-ാം റാങ്ക് നേടിയ അനു സൂസൻ രാജി ചെറുപുളിച്ചിയിലിന് അഭിനന്ദനങ്ങൾ... കരിമ്പനാംകുഴി സെന്റ് മേരീസ് ഇടവകാംഗമായ അനു മാക്ഫാസ്റ്റ് കോളേജ് വിദ്യാർത്ഥിനിയാണ്.



## മാതാപിതാക്കളും മക്കളും അറിയാൻ

എഡിറ്റർ :
ഡോ.തോമസ് കുഴിനാപ്പുറത്ത്

വിപുലീകരിച്ച 2-ാം പതിപ്പ്

For Coppies :

**THE SECRETARY**
COMMISSION FOR THEOLOGY AND PUBLICATION
MAJOR ARCHBISHOPS HOUSE
PATTOM
TRIVANDRUM. 695 004
MOB. 8129482279

**കുടുംബങ്ങൾക്കൊരു ഗൈഡ്**

Price Rs. 150/-



തിരുവല്ല കല്ലുങ്കൽ പുളിമൂട്ടിൽ മോനി തോമസിന്റെയും സുജ മാത്യുവിന്റെയും മകൾ **മേഘ മോനി തോമസും** കടമ്മനിട്ട കല്ലൂർ പുത്തൻപറമ്പിൽ കെ.എ. ജോസിന്റെയും ജോളി ജോസഫിന്റെയും മകൻ **ജിതിൻ കെ. ജോസഫും** തമ്മിലുള്ള വിവാഹം പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും, വിൻസന്റ് മാർ പൗലോസ്, സാമുവേൽ മാർ ഐറേനിയസ് തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും കടമ്മനിട്ട പള്ളിയിൽവച്ച് നടത്തപ്പെട്ടു.

Date of Publication : 01.06.2019
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
June 2019




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala
and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil